Registered No. M 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | മെയ് 1956 | No. 5

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന്
സംയുക്ത സഭാമാസിക



MAY

അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഗൂഢമായിരിക്കുന്നു.

കൊലൊ. ൨. ൩.

1956

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതിമാസം 8 ൯ പ്രസിദ്ധപ്പെടുത്തുന്നു

The Diocesan Publication Department.
Rev. C. K. John, Managing Editor, C. M. S. Press, Kottayam

say which one is the best. But, the aim of all is to bring out the best one out of the boys. All these training methods are intended for boys with English as their mother tongue. Some of them advocate pure head voice while some others a combination of chest and head. Out of my experience with our boys for a long time, I can boldly say that singing in a head voice throughout will do more harm than good to the congregational singing. Even in some big Cathedrals where a high standard of singing is maintained, the congregational singing is being adversely affected by the emphasis on singing in the head register by the Choir. The duty of the Choir is to lead the responses and the singing of Hymns and Lyrics and not to make a theatrical performance of it.

Now about the congregation. The congregation in most of our churches do sing heartily. Their singing may be out of tune, out of tone or out of time. But no one can deny the spirit behind it. It is here the help of the choir comes in. The Choir must be strong enough to lead and to cover the technical faults of the Congregational Singing. A forte produced in the head register is likely to go sharp. Consequently, the singing will be so feeble that it won't have the strength to lead our large congregations unless a good loudspeaker arrangement is installed, which is against our traditions and conventions or adult male voices have to lead the trebles which is technically wrong. So, the Choir has to maintain a moderate piano, ignoring all the other expressions which will lead the congregetional singing to chaos.

What I have to say in conclusion out of my experience is that the Choir masters must realize that good Choirs are often made out of unpromising material and when the individual voices are not first rate. Train your boys to sing in both chest and head registers. This, I Think is the best method we can adopt considering our language, our Lyrics and a congregation that sings heartily. Please, don't distort our Lyrics by singing them in harmony. Don't under-rate them. Some of them are immortal classics. Read and study the sense and meaning of the words you have to sing. Explain everything to your boys. Let everything you attempt mean something. The creterion of a good Choir is the singing in the church on an ordinary Sunday and not at an annual performance.

(No more articles on this topic will be published—Editor.)

ഒരു റിക്ഷോക്കാരന്റെ സത്യസന്ധത

മദ്രാസിനു വടക്കു ചിറാമ്മ എന്ന സ്ഥലത്തെ ഒരു റിക്ഷോക്കാരന്റെ വിശ്വസ്ത നടപടിയാൽ ഒരു ജവുളിവ്യാപാരിക്കു നഷ്ടപ്പെട്ട 7000 ക. മടക്കി കിട്ടിയിരിക്കുന്നു. വ്യാപാരി ബോംബെക്കു പോകുന്നതിനായി 7,00 ക. യുടെ 100രൂപാനോട്ടുകളുംകൊണ്ടു പുറപ്പെട്ടകയുണ്ടായി. നോട്ടെല്ലാം ഒരു സഞ്ചിയിലാക്കി തന്റെ അരയിൽ കെട്ടിയിരുന്നു. ട്രെയിൻ വരുന്നതിനുമുമ്പു സ്റ്റേഷനിൽ കയറി കാപ്പി കുടിച്ചുകൊണ്ടിരുന്നപ്പോൾ ട്രെയിൻ വരികയും വ്യാപാരി എഴുന്നേറ്റു ഓടിപ്പോകയും ചെയ്തുവഴിക്കു അരയിലുണ്ടായിരുന്ന സഞ്ചി അഴിഞ്ഞു വ്യാപാരി അറിയാതെ താഴെ വീഴുകയും ചെയ്തു. ഒരു റിക്ഷോക്കാരൻ അതെടുക്കുകയും സഞ്ചി അഴിച്ചു നോക്കുകയും ചെയ്തപ്പോൾ അതിലുണ്ടായിരുന്ന നൂറുരൂപാനോട്ടുകൾ കണ്ടാത്ഭുതപ്പെടുകയും ചെയ്തു. ഉടൻ അയാൾ ഒരു മാന്യനെ ഏല്പിക്കുകയും അദ്ദേഹം അതു പോലീസിൽ അറിയിക്കുകയും ചെയ്തു. അതിന്റെ വിവരങ്ങളും തെളിവുകളും നല്കി വ്യാപാരി പണമെത്തുക വാങ്ങി സംതൃപ്തനാകുകയും ചെയ്തു. റിക്ഷോക്കാരന്റെ സത്യസന്ധത ഏത്ര അഭിനന്ദനീയവും അത്ഭുതകരവും!

C. M. S. P.—68—2400—7-5-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LIX | MAY 1956 | No. 5

BISHOP'S LETTER
ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളോരെ,

സിസ്റ്റർ റെയിച്ചലും ഡോക്ടർ ജെസ്സർ ഡേവീസുംകൂടെ ക്ഷേമത്തോടെ ആസ്ത്രേലിയായിൽ എത്തിയ വിവരം ഏവരും അറിഞ്ഞിരിക്കുമെല്ലാ. സിസ്റ്റർ റെയിച്ചലിന്റെ പരിപാടി ഏതാണ്ടു ഇപ്രകാരമാണ്.

സൗത്ത് വെയിൽസു, മാച്ചു 28—എപ്രിൽ 30. വിക്ടോറിയാ, മെയ് 1—21. ടാസ്മേനിയാ, മെയ് 21—ജൂൺ 4. സൗത്ത് ആസ്ത്രേലിയാ, ജൂൺ 4—19. വെസ്റ്റ് ആസ്ത്രേലിയാ, ജൂൺ 19—ജൂലായി 6. ജൂലായി 6നു മടക്കയാത്രയ്ക്കായി ഫ്രിമാന്റിൽനിന്നു കപ്പൽ കയറുന്നതാകുന്നു. സിസ്റ്ററിന്റെ യാത്രകളും സന്ദർശനങ്ങളും പ്രോഗ്രാമുകളും പ്രസംഗങ്ങളും ആ രാജ്യത്തെ സഭയ്ക്കും നമ്മുടെ മഹായിടവകയ്ക്കും അനുഗ്രഹകരമായിരിക്കേണ്ടതിനു നമുക്കു താല്പര്യമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കാം.

ആസ്ത്രേലിയായിലെ കീൻസ്ലാണ്ടു എന്ന സ്റ്റേററിൽ ബ്രിസ്ബെയിനിലെ ആർച്ചുബിഷോപ്പു ഡോക്ടർ ഹാൽസു തിരുമേനി ആസ്ത്രേലിയൻ സഭയെ പ്രതിനിധീകരിച്ചു ബോർണിയോയ്ക്കു പോകുന്ന വഴി മക്ഷിണേന്ത്യാ സന്ദർശിക്കുന്ന വേളയിൽ മെയ് 9നു ഇവിടെ എത്തുന്നതും രണ്ടു മിവസം താമസിക്കുന്നതുമായിരിക്കും. ഞാൻ 1950-ൽ അവിടെ പോയിരുന്നപ്പോൾ സെപ്തംബർ മാസാവസാനത്തിൽ അദ്ദേഹത്തിന്റെ കൂടെ താമസിക്കയും അവിടത്തെ ഭദ്രാസനപ്പള്ളിയിൽ പ്രസംഗിക്കയും ചെയ്തു. അന്നായിരുന്ന അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ സ്ഥാനാരോഹണത്തിന്റെ രജതജൂബിലി.

കഴിഞ്ഞ ആഴ്ചയിൽ ഞാൻ സി. എസ്സ്. ഐ. യോഗങ്ങൾ സംബന്ധിച്ചു ബാംഗ്ലൂരിലും മദ്രാസിലും പോയിരുന്നു. ഡോർണക്കലിലേക്കു ഒരു ബിഷോപ്പിനെ തെരഞ്ഞെടുത്തിരിക്കുന്നു. ആയതിനു അദ്ദേഹത്തിന്റെ സമ്മതം ലഭിച്ചശേഷം നിയമപ്രകാരം എക്സിക്യൂട്ടീവു കമ്മറ്റിയുടെ അനുമതിയോടുകൂടെ പേരു പ്രസിദ്ധമാക്കുകയും ചെയ്യുന്നതാകുന്നു.

പാപ്പുവാ മിഷ്യൻ വയലിലേക്കു റവ. പോൾ മാണിക്കം കുടുംബസഹിതം പ്രവേശിക്കുന്നതിനു മൂന്നു വർഷത്തേക്കു താല്ക്കാലിക അനുവാദം ആസ്ത്രേലിയൻ ഗവൺമെൻറു നല്കിയിരിക്കുന്നു എങ്കിലും, ടി ഗവൺമെൻറിന്റെ സ്ഥിരമായ നയത്തിനു യാതൊരു വ്യത്യാസവും വന്നിട്ടില്ലാത്തതിനാൽ അവിടേക്കു അവരെ അയക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കയില്ല എന്നാണ് വക്കിങ്ങുകമ്മറിയുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം. കൂടാതെയും തൈലാണ്ടിലും മറ്റുമുള്ള സമീപപ്രദേശങ്ങളിൽ സുവിശേഷവേലയ്ക്കായി വാതിൽ തുറന്നുകിടപ്പുണ്ട് എന്നും മറ്റും

പ്രസ്തുത സ്ഥലങ്ങൾ അടുത്തയവസരത്തിൽ സന്ദർശിച്ചവർ അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും ആയതിനു വേണ്ട ആലോചനകൾ നടത്തി അടുത്ത സെപ്റ്റംബറിൽ നടക്കുന്ന എക്സിക്യൂട്ടീവു കമ്മറിയിൽ തീരുമാനം ചെയ്യുന്നതായിരിക്കും ഉചിതമെന്നുമാണു ഇപ്പോഴത്തെ ആലോചന. ഇതിനിടയിൽ പാപ്പുവായിൽ സത്യാജോസഫ് സ്മാരകമായി ഒരു പാപ്പുവനു വൈദിക പരിശീലനം നല്കുന്നതു നന്നായിരിക്കുമെന്നു ആലോചിക്കുന്നുണ്ട്. ഓവർസീസു വേലസ്സുള്ള ധനശേഖരം എല്ലായിടങ്ങളിലും ഉടനെ നടത്തിക്കൊള്ളണം എന്നുംക്രുടെയാണു തീരുമാനിച്ചിരിക്കുന്നതു്.

മഹായിടവകയിലെ വിദ്യാഭ്യാസപ്രവർത്തനത്തിന്റെ വികേന്ദ്രീകരണപദ്ധതിയിൽ എല്ലാവരുടെയും ഹൃദയപൂർവ്വമായ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ദൈവനടത്തിപ്പിൽ ശരണപ്പെട്ടു നാം ആരംഭിക്കുന്ന ഓരോ കാര്യങ്ങളും എല്ലായ്പോഴും എല്ലാവരുടെയും ഹിതാനുസരണമായിരിക്കാതെ വന്നേക്കാം. അപ്പോൾ അതെസംബന്ധിച്ചു ആക്ഷേപങ്ങളൊ ആരോപണങ്ങളൊ പറയുന്നതല്ല, പരിക്ഷണാർത്ഥം അതു പ്രായോഗികമാക്കുന്നതിനു ശ്രമിക്കയും സഹകരിക്കയും ആണു ചെയ്യേണ്ടതു്. മോക്ഷാരോപണങ്ങളും ഉദ്ദേശമനോഭാവങ്ങളും പ്രചരിപ്പിക്കുന്നവരുടെ പ്രേരണയിൽ നാം അകപ്പെട്ട സാത്താന്റെ കയ്യിൽ ആയുധങ്ങളായി തീരുവാനുള്ള കണികയിൽ നിന്നു നമ്മെത്തന്നെ സൂക്ഷിക്കുന്നതു ആകുന്നു നമ്മുടെ ക്രിസ്തീയമുറ എന്നു ഞാൻ ഓർപ്പിച്ചുകൊള്ളുന്നു. സാത്താൻ താനും ചിലപ്പോൾ വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു (2 കൊരി. 11. 14) എന്നുള്ളതു മറന്നുകൂടായ്കയുമാണു്. മഹായിടവകയോടുള്ള സ്നേഹം പ്രദർശിപ്പിക്കേണ്ടതു സഹകരണത്താലും പ്രാർത്ഥനയാലുമത്രെ.

വേദപുസ്തകസമൂഹത്തിന്റെ കേരളാക്ലിലറിക്കു മുഴുസമയവും ഉപയോഗിച്ചു പ്രവർത്തിപ്പാൻ ഇന്ത്യാ പാകിസ്ഥാൻ സിലോൺ വേദപുസ്തകസമൂഹത്തിന്റെ നിയുക്തകകമ്മറി റവ. തോമസു ചെറിയാനെ നിയമിച്ചിരിക്കുന്നു. അദ്ദേഹത്തെ പാസ്റ്റർ ബോർഡു ഇക്കാര്യത്തിനായി വിട്ടുകൊടുത്തിരിക്കുന്നു. ഓക്സിലറിയുടെ പ്രവർത്തനത്തിനായി കോട്ടയത്തു ഒരു കെട്ടിടം വാടകയ്ക്കു എടുക്കയും ചെയ്തിരിക്കുന്നു. ഈ പുതിയ പ്രസ്ഥാനം സമൂഹത്തിന്റെ പ്രവർത്തനത്തിനും വേദപുസ്തകത്തിന്റെ പ്രചരണത്തിനും അത്യധികമായ പുരോഗതി ഉണ്ടാകേണ്ടതിനു ഏവരുടെയും സഹകരണവും പ്രാർത്ഥനയും അപേക്ഷിച്ചുകൊള്ളുന്നു.

ഈ മാസം 19നു സി. എസ്സ്. ഐ. കമ്മറിക്കായി ഞാൻ ബാംഗ്ലൂരിൽ താമസിക്കുമ്പോഴാണു മൈസൂരിലെ പീഫ് എലക്ട്രിക്കൽ എഞ്ചനീയറും, പരേതനായ മി. കെ. ചാണ്ടി അവർകളുടെ സീമന്തപുത്രനും, ശ്രീ. ററി. ജെ. മാമ്മൻ അവർകളുടെ ജാമാതാവുമായ മി. ജോർജ്ജ് ചാണ്ടി പെട്ടെന്നു ഹൃദ്രോഗം നിമിത്തം നിര്യാതനായതു്. പ്രസ്തുത വകുപ്പിന്റെ മന്ത്രി മി. ജോർജ്ജു ചാണ്ടിയെ സംബന്ധിച്ചു വളരെ ശ്ലാഘിച്ചു പറകയുണ്ടായി. സമർത്ഥനും, സത്യസന്ധനും, സൽസ്വഭാവിയും, സൌമ്യനും, സൽഗുണകാംക്ഷിയുമായ അദ്ദേഹത്തിന്റെ നിര്യാണം ഒരു വലിയ നഷ്ടം ആകുന്നു എന്നു പ്രസ്തുത മന്ത്രി അന്നു എന്നോടു പറഞ്ഞു. ക്രൈസ്തവ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു ഇപ്രകാരമുള്ള സാക്ഷ്യം ക്രിസ്തേതരരായ അധികാരികൾക്കു ഉണ്ടാകുവാൻ തക്കവണ്ണം ജീവിക്കയും പ്രവൃത്തിക്കയും ചെയ്യുവാൻ അവർ ശ്രദ്ധിച്ചിരുന്നു എങ്കിൽ എത്ര നന്നായിരുന്നേനെ. അദ്ദേഹത്തിന്റെ ശവസംസ്കാരശുശ്രൂഷ നടത്തിയ ശേഷമാണ് അന്നു രാത്രി മദ്രാസിലേക്കു വേറൊരു കമ്മറിയോഗത്തിൽ സംബന്ധിപ്പാൻ ഞാൻ യാത്രയായതു്. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങൾ എല്ലാവരെയും കർത്താവു ആശ്വസിപ്പിക്കട്ടെ.

പുതിയ ഇടവകകളിലേക്കും ജോലികൾക്കും പുറപ്പെടുന്ന എല്ലാവരെയും പരിശുദ്ധാത്മാവു തന്റെ വിവിധ വരപ്രസാദങ്ങളാൽ കടാക്ഷിക്കട്ടെ. മെയ്മാസത്തിലെ പ്രധാന പെരുനാളുകളായ സ്വർഗ്ഗാരോഹണത്തിന്റെയും, പെന്തിക്കൊസ്തിന്റെയും ത്രിത്വത്തിന്റെയും മദ്ധ്യസ്ഥങ്ങൾ നിങ്ങൾക്കു എല്ലാവർക്കും പ്രത്യാശയുടെയും, ശക്തിയുടെയും സ്ഥിരവിശ്വാസത്തിന്റെയും പ്രത്യേക അവസരങ്ങളായി കർത്താവു അനുഗ്രഹിച്ചുതരുവാൻ നിങ്ങളെ എല്ലാവരെയും പ്രാർത്ഥനയിൽ വഹിച്ചുകൊണ്ടു എഴുതിക്കൊള്ളുന്നു. ഞാൻ നിങ്ങളുടെ ശുശ്രൂഷയ്ക്കായിട്ടു

വന്നിട്ട പതിനൊന്നു വർഷങ്ങൾ കഴിയുന്ന അവസരത്തിൽ എന്റെ കുറവുകളെ എല്ലാം കർത്താവു എന്നോടു ക്ഷമിച്ചു താൻ മുഖാന്തരം നിങ്ങൾക്കിടയിൽ ചെയ്തുപോന്ന ശുശ്രൂഷയ്ക്കായി എന്നെ യോഗ്യതപ്പെടുത്തേണ്ടതിനു നിങ്ങളുടെ പ്രാർത്ഥനകളിൽ വീണ്ടും എന്നെ ഓർമ്മിച്ചു കൊണ്ടു എഴുതുന്ന

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള

Kottayam,
24-4-1956.

C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

മെയ് 1. 10 മ. പട്ടംകൊട—വെള്ളിക്കര.
3 മ. പള്ളി extension പ്രതിഷ്ഠ—കവിയൂർ.
2. ഊമറമ്പഥിരർ സ്കൂൾ പ്രവർത്തകർക്കു ധ്യാനയോഗം—കോട്ടയം.
5. പ്രത്യേക സ്തോത്രശുശ്രൂഷ—നെടുങ്ങാടപ്പള്ളി.
6. ഭദ്രാസനപ്പള്ളി—കോട്ടയം.
7. തിരുവല്ലാ—(ഉച്ചയ്ക്കുശേഷം).
9—11. അച്ചുബിഷോപ്പു ഹാൽസിന്റെ സന്ദർശനം.
13. കരുമാടി—സ്ഥിരീകരണം.
16—23. വിശ്രമം.
26. പള്ളി extension പ്രതിഷ്ഠ—പരിയാരം.
27. കുവപ്പള്ളി.
29. വേളൂപുസ്തകരേഖ മാസ്റ്റിലറി കമ്മറി.
ജൂൺ 3. ചെങ്ങന്നൂരും ഉപസഭകളും.

യഥാർത്ഥ ക്രിസ്ത്യാനിയുടെ ജയജീവിതം

സഭാവർഷത്തിന്റെ ക്രമീകരണപ്രകാരം നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ നില നിൽപ്പും പുരോഗതിയും സാദ്ധ്യമാക്കുന്നതിന്റെ വിധമാകുന്നു കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ ധ്യാനത്തെ തുടർന്നു നാം ചിന്തിക്കുന്നതു. പൌലോസായിരുന്നു പിന്നുള്ള ഞായറാഴ്ചകളിലെ അപേക്ഷകളും ലേഖനസുവിശേഷഭാഗങ്ങളും നമ്മെ വിശേഷമായി ഗ്രഹിപ്പിക്കുന്ന സത്യങ്ങൾക്കനുസരണമായി നാം ജീവിക്കുന്നെങ്കിൽ യഥാർത്ഥ ക്രൈസ്തവ ജീവിതം നമ്മിൽ സാദ്ധ്യമാകുന്നതാണു. ലോകത്തെ ജയിക്കുന്ന ജയമോ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസമാകുന്നു. മശിഹാനമറിയയും പത്രോസും ശേഷംഅപ്പൊസ്തലന്മാരും പൌലൊസും അതിനു ദൃഷ്ടാന്തങ്ങളാണു. കർത്താവിനെ അനുഗമിച്ചുകൊണ്ടു നന്മ ചെയ്യുന്നവർ കഷ്ടം സഹിക്കേണ്ടിവരും. ക്രിസ്തു അതിനായിട്ടു മാതൃക കാണിച്ചു തരികയും നാം അതിനായിട്ടു വിളിക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു. മാതൃകയല്ല ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവനോടിരുന്നു സജീവമായി പ്രവർത്തിക്കുന്നവനെന്നും തനിക്കായി കാത്തിരിക്കുന്നവരെ അന്വേഷിച്ചു കണ്ടെത്തി സഹായിക്കുന്നവനെന്നും നിശ്ചിതമായി കാണിച്ചുകൊടുക്കുന്നതിനു പല പ്രത്യക്ഷതകൾ നടത്തി. പരിശുദ്ധാത്മാവു മൂലമുള്ള തന്റെ സ്ഥിരസാന്നിദ്ധ്യം അവർക്കു വാഗ്ദാനം ചെയ്തിട്ടു സ്വർഗ്ഗാരോഹണം ചെയ്കയും പ്രാർത്ഥിച്ചു കാത്തിരുന്നവർക്കു പെന്തക്കോസ്തുദിവസം പരിശുദ്ധാത്മാവിനെ ദാനം ചെയ്കയും ചെയ്തു.

ഈ മാസത്തിലാകുന്നല്ലൊ ഈ രണ്ടു പ്രധാന സംഭവങ്ങളും നാം കൊണ്ടാടുന്നതും

ധ്യാനപൂർവ്വം ചിന്തിച്ചു അവയുടെ ആത്മികഫലം ഗ്രഹിക്കുന്നതും അനുഭവമാക്കുന്നതും. എന്തിനായിട്ടു സ്വർഗ്ഗാരോഹണം ചെയ്തു. (1) വാഗ്ദത്തം ചെയ്ത പ്രകാരം പരിശുദ്ധാത്മാവിനെ അയപ്പാൻ—യോഹ. 16. 7. (2) നമുക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ—യോഹ. 14. 2. (3) വീണ്ടും വരുവാൻ—യോഹ. 14. 3. 4. നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യാൻ. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവു നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും അടിസ്ഥാനമാകുന്നു. വാഗ്ദാനം ചെയ്ത പ്രകാരം തന്റെ ആത്മാവിനെ അയച്ചു തരികയും ചെയ്തിരിക്കുന്നു. എന്തിനായിട്ടു? (1) നമ്മോടുകൂടെ ഇരിപ്പാൻ—യോഹ. 14. 16. (2) സകലവും ഉപദേശിച്ചു തരുന്നതിനും ഓർമ്മപ്പെടുത്തുന്നതിനും—യോഹ. 14. 26. (3) സകല സത്യത്തിലും വഴി നടത്തുന്നതിനു—യോഹ. 16. 13. (4) ലോകത്തിനു ബോധ്യം വരുത്തുന്നതിനും—യോഹ. 16. 8. എന്തെല്ലാം? (i) പാപത്തെക്കുറിച്ചു—സുവിശേഷത്തോടുകൂടെ ആത്മാവും പ്രവർത്തിച്ചു പാപബോധം വരുത്തുന്നു. അവന്റെ രക്ഷയെ ഉദാസീനമാക്കുന്നതും അവന്റെ സ്നേഹത്തെ അവിശ്വസിക്കുന്നതും അവന്റെ അധികാരത്തെ നിഷേധിക്കുന്നതുമായ പാപം. (ii) നീതിയെക്കുറിച്ചു—ക്രിസ്തുവിന്റെ മരണത്താൽ നീതികരിക്കപ്പെട്ട ദൈവത്തോടു നിരപ്പായിരിക്കുന്നതിനുള്ള നിർണ്ണയം. (iii) ന്യായവിധിയെക്കുറിച്ചു—ലോകവും അതിന്റെ പ്രഭുവും ന്യായം വിധിക്കപ്പെട്ടുവെന്നുള്ള യഥാർത്ഥബോധം. അതിനെപ്പറ്റിയുള്ള സംശയത്തിനാവശ്യമില്ല. ആ സംശയധോരണയിൽ ജീവിക്കയും വേണ്ടാ. നമ്മോടുകൂടെ എപ്പോഴുമിരിക്കുന്ന പരിശുദ്ധാത്മാവിനെ തടസ്സപ്പെടുത്താതെയും ദുഃഖിപ്പിക്കാതെയും ആത്മാവിന്റെ പ്രവൃത്തി നിരന്തരം തുടർന്നു പ്രവർത്തിക്കുന്നതിനു നാം സമ്മതവും കരുതലുമുള്ളവരായിരിക്കണം. അപ്പോൾ ക്രിസ്തീയ സ്വഭാവസംസ്കരണം നമ്മിൽ നിവർത്തിക്കപ്പെടും. പരിശുദ്ധാത്മാവു നമ്മിൽ എന്തെല്ലാം ചെയ്യുന്നു. 1. അവൻ നമ്മെ ശുദ്ധീകരിക്കുന്നു. 2. അവൻ നമ്മെ ശക്തിപ്പെടുത്തുന്നു. നമ്മുടെ ബലഹീനതകളിൽ താങ്ങിരക്ഷിക്കുന്നു. 3. നമ്മെ പ്രബോധിപ്പിക്കയും പുതിയ സത്യങ്ങളിലേക്കു നമ്മെ പ്രവേശിപ്പിക്കയും ചെയ്യുന്നു. 4. നമ്മുടെ പാതയെ തെളിക്കയും വെളിച്ചത്തിൽ നമ്മെ നടത്തുകയും ചെയ്യുന്നു. 5. ചൊല്ലിക്കൂടാത്ത ഞരക്കങ്ങളോടുകൂടെ നമ്മോടു വാദിക്കയും നന്മയിലേക്കു നമ്മെ പ്രേരിപ്പിക്കയും ചെയ്യുന്നു. 6. ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുവിനെ അധികമധികം വെളിപ്പെടുത്തിത്തരികയും ചെയ്യുന്നു. ആത്മാവിന്റെ ഈ പ്രവൃത്തികളെല്ലാം നമ്മിൽ സുഗമമായി നടക്കുകയും ക്രിസ്തീയ ജീവിതാഭിവൃദ്ധി നമ്മിൽ പ്രത്യക്ഷമാകുകയും ചെയ്യണം. അതു മറ്റുള്ളവർക്കു പകർന്നു കൊടുക്കയും വേണം. ഇപ്രകാരമുള്ളവരുടെ കൂട്ടമാണു ക്രിസ്തുസഭ—അതിന്റെ ജന്മദിനമാകുന്നു പെന്തക്കൊസ്തുദിവസം. ഇപ്രാവശ്യത്തെ ജന്മദിനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ എങ്ങനെയിരിക്കുന്നെന്നും എത്രത്തോളം അഭിവൃദ്ധിപ്പെട്ടിരിക്കുന്നെന്നും ഓരോ വ്യക്തിയും വ്യക്തികൾ കൂടിയിരിക്കുന്ന സഭയും പരിശോധിച്ചു ബോധപ്പെടുന്നതിനും പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനും കുറവുകൾ പരിഹരിക്കപ്പെടുന്നതിനും ശക്തിപ്പെടുന്നതിനുമിടയാകട്ടെ.

ചൈനാ സന്ദർശന റിപ്പോർട്ട്

ചീനരാജ്യത്തിന്റെ വിസ്തീർണ്ണത യൂറോപ്പു ഭൂഖണ്ഡത്തോളമുണ്ടെന്നു പറയുമ്പോൾ അതിന്റെ വലിപ്പം ഏകദേശം ഊഹിക്കാമല്ലോ. അവിടത്തെ ജനസംഖ്യ ലോകത്തിലാകെയുള്ളതിന്റെ നാലിലൊന്നാണ്. ചീനരുടെ പ്രാചീനസംസ്കാരവും തത്വചിന്തയിലും ശില്പവിദ്യയിലും അവർ ലോകത്തിനു നല്കീട്ടുള്ള സംഭാവനകളും വാസ്തവം നോക്കിയാൽ അവരോടുള്ള കടപ്പാടെത്രയെന്നു ഗ്രഹിക്കാം. അവരുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിലേക്കും ഒരു വലിയ പരിവർത്തനമാണ് ആറേഴു വർഷം മുമ്പുണ്ടായത്. പ്രസ്തുത വിപ്ലവത്തിന്റെ ഫലമായി വിദേശീയരായിട്ടുള്ളവരെ—റഷ്യാ ഒഴികെ—എല്ലാം അവരുടെ അനുമതിയിൽ നിന്നു ബഹിഷ്കരിച്ചിരിക്കുന്നെന്നുള്ളതാണ്. അനേക വർഷങ്ങളായി കച്ചവടവ്യവസായങ്ങൾക്കും തൊഴിലുകൾക്കും മിഷ്യനറിസേവനത്തിനുമായി യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും ആയി

രക്ഷണക്കിനു സ്ത്രീപുരുഷന്മാർ അവിടെ അധിവസിച്ചിരുന്നു. ചീനജനതയ്ക്കു തങ്ങളുടെ ആയുസ്സിന്റെ നല്ല ഭാഗം സേവനാർത്ഥം നല്കിയ പലരുണ്ടായിരുന്നു. അവരുടെ ബഹിഷ്കരണത്തിന്റെ യഥാർത്ഥകാരണം സുഗ്രാഹ്യമല്ല. നാമെല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങളുള്ളോ. സമ്പൂർണരഹിതമായ മനുഷ്യജീവിതം ചിന്തിക്കുമല്ല തന്നെ.

1955 ഒക്ടോബറിൽ ഞങ്ങൾ അഞ്ചുപേരാണു ചൈനാ സന്ദർശിച്ചതു്. അതിൽ മൂന്നു പേർ മുമ്പുവിടെ ക്രൈസ്തവസേവനത്തിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. അവർക്കു ഈ സന്ദർശനം പ്രിയഭവനത്തിലേക്കുള്ള ഒരാഗമനമായിരുന്നു. വിപ്ലവാനന്തരം ആദ്യമായിട്ടു ചീനത്തു പ്രവേശിച്ച ഒരു ക്രൈസ്തവസംഘമാണു ഞങ്ങൾ. ഒരു കൊമ്മ്യൂണിസ്റ്റ് രാജ്യമെങ്കിലും ഞങ്ങൾക്കു ലഭിച്ച സ്വീകരണം ഹൃദ്യവും സ്നേഹപൂർവ്വവുമായിരുന്നു. ഞങ്ങളുടെ സന്ദർശനോദ്ദേശം നാലായിരുന്നു. ഒന്നാമതു സംപ്രീതിയുടെ സന്ദേശം നല്കുക. രണ്ടാമതു കഴിഞ്ഞ ഒരു വർഷത്തെ പരിവർത്തനഗതി മനസ്സിലാക്കുക. (വിദ്യാഭ്യാസം, വൈദ്യം, സാമൂഹ്യക്ഷേമം). മൂന്നാമതു ചീനനേതാക്കന്മാരുമായി രാജ്യാന്തരപ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്തു പരസ്പരധാരണ വർദ്ധിപ്പിക്കുന്നതിനും പരിഹാരങ്ങൾ കണ്ടുപിടിക്കുന്നതിനും ശ്രമിക്കുക. നാലാമതു ക്രിസ്തീയ നേതാക്കന്മാരുമായി സംഭാഷണങ്ങൾ നടത്തുക. ഇവയെല്ലാം ഒരു ക്രിപ്പരിധിയുണ്ടെന്നുള്ള ധാരണയിലാണു മൂന്നരയാഴ്ചവട്ടക്കാലം ഞങ്ങൾ അവിടെ സഞ്ചരിച്ചതു്. അവിടത്തെ ഏഴ വലിയ പട്ടണങ്ങൾ ഞങ്ങൾ സന്ദർശിച്ചു—പെക്കിംഗ്, റീയെൻറ്സിൻ, ചുങ്കിംഗ്, ചെംഗ്റു, ക്വാംഗ്ഹൈ, നാങ്കിംഗ്, കാൻറൺ. അവരുടെ ഗ്രാമങ്ങളിലും ഉൾപ്രദേശങ്ങളിലും ക്രൂട്ടതലായി സഞ്ചരിക്കയും അവരുടെ ഭാക്ഷയിൽ അധികമായി സംഭാഷിക്കയും ചെയ്യുന്നതിനാഗ്രഹിച്ചെങ്കിലും അതിനു സാദ്ധ്യമാകാഞ്ഞതിൽ ഖേദിക്കുന്നു.

അവരുടെ തൊഴിൽശാലകളും സൂക്കലാശാലകളും ആസ്പത്രികളും നേഴ്സറി സ്കൂളുകളും കണ്ടിട്ടു ജനക്ഷേമകരങ്ങളായ ഉദ്യമങ്ങൾ ഊർജ്ജിതമായി നിർവ്വഹിക്കുന്നതുപോലെ തോന്നി. ജീവിതത്തോതും പൊതുജനാരോഗ്യവും വർദ്ധിച്ചതായി കണ്ടു. ഗവൺമെൻറിന്റെ പ്രചരണയത്നങ്ങളിൽ പ്രധാനമായി കണ്ടതു രാജ്യമൊട്ടുക്കുള്ള അഭ്യസനക്രൂട്ടങ്ങളുടെ പ്രവർത്തനമാണ്. ഓരോ പൌരനും ഏതെങ്കിലും ക്രൂട്ടത്തിൽ ചേർന്നിരിക്കണം; തക്കകാരണമില്ലാതെ മുടങ്ങാൻ പാടില്ല. ഓരോരുത്തരുടെ അഭിപ്രായപ്രവർത്തനഗതികളെ അറിയുന്നതിനും നിയന്ത്രിക്കുന്നതിനും ഇതൊരു ഏർപ്പാടാണു ഗവൺമെൻറു കരുതുന്നു. പെക്കിംഗിലെ കേന്ദ്രശക്തികളുടെ വരുതിയിൽ അഭ്യസനം നടത്തുന്നതിനു പരിശീലനം ലഭിച്ച ഉദ്യോഗസ്ഥന്മാരാണു പ്രസ്തുത ക്രൂട്ടങ്ങളുടെ നേതാക്കൾ. രാജ്യത്തെ 60 കോടി ജനത്തേയും പ്രസ്തുത പദ്ധതിയുടെ പരിധിയിൽ പെടുത്തിക്കൊണ്ടുപോകുന്ന ഒരേർപ്പാടാണിതു്. അഭിപ്രായപ്രവർത്തനസ്വാതന്ത്ര്യത്തെ ഞെക്കിക്കുന്ന ഒരു നിരോധനക്രിയാണെന്നുള്ളതിനു സംശയമില്ലെങ്കിലും ജനസാമാന്യത്തിനു അങ്ങനെ തോന്നുന്നതായി കണ്ടില്ല. അവർ സ്വതന്ത്രരായി സ്വരാജ്യക്ഷേമത്തിനും അഭിവൃദ്ധിക്കുമായി അദ്ധ്വാനിക്കുന്നെന്നുള്ള ബോധമാണ് അവർക്കുള്ളതു്.

ചീനത്തെ ക്രിസ്ത്യാനികൾ എങ്ങനെയാണു കഴിച്ചുകൂട്ടുന്നതു്? ഭരണക്രൂടം അംഗീകരിച്ചിരിക്കുന്ന ജീവിതതത്വം മാർക്സിന്റെ ഉപദേശമാണ്. അതൊരു നാസ്തികപ്രസ്ഥാനവും ക്രിസ്തുമതവിദ്വേഷവുമാണല്ലൊ. തന്മൂലം വിപ്ലവകാലത്തിന്റെ ആദ്യകാലത്തു ക്രിസ്ത്യാനികൾക്കു വലിയ ഭയമായിരുന്നു. ഒരു ക്രൈസ്തവനേതാവു പറഞ്ഞതു ഞങ്ങൾ ഭയപ്പെട്ട പീഡ ഒരിക്കലും ഉണ്ടായില്ലെന്നാണ്. എന്നാൽ അവിടെയവിടെ ക്രിസ്ത്യാനികൾക്കു ഉപദ്രവങ്ങൾ ഉണ്ടാകാതിരിക്കുന്നില്ല. ദേവാലയങ്ങളുടെ ശരിയായ ഉപയോഗത്തിനു തടസ്സം നേരിടാത്ത വിധത്തിലുള്ള നിയമം അവരുടെ ഭരണഘടനയിൽ ചേർത്തിട്ടുള്ളതിനാൽ ആരാധനയ്ക്കു മുടക്കമുണ്ടായിട്ടില്ല. വിദേശമിഷ്യനറിമാർ സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങൾ ആസ്പത്രികൾ സാമൂഹ്യക്ഷേമകേന്ദ്രങ്ങൾ മുതലായവ വിദേശ്യരുടെ അധികാരത്തിൽനിന്നു വിടുത്തപ്പെട്ടെങ്കിലും പ്രവർത്തനം തുടർന്നുകൊണ്ടുപോകയും നന്നായിരിക്കയും ചെയ്യുന്നു. ക്രൈസ്തവസഭകൾ അവയുടെ പള്ളിയാരാധനയും ക്രിസ്തീയ യത്നങ്ങളും ശ്രദ്ധാന്തിപൂർവ്വം നടത്തിപ്പോരുന്നു. എന്നാൽ പള്ളിപ്പരിസരങ്ങൾക്കപ്പുറമായി ക്രിസ്തീയമായ സംഘടിതയത്നങ്ങൾ അനുവദിക്കപ്പെടുന്നില്ല. വി

ദ്യാഭ്യാസം മുഴുവനും ഗവണ്മെൻറധീനത്തിലാണ്. മനോബോധത്തിൻെറ ശക്തിയാൽ ഒരു വ്യക്തിയൊ സഭയൊ എന്തെങ്കിലും പ്രവർത്തിക്കുന്നതു നീണ്ടുനില്ക്കയില്ല. മനസ്സാക്ഷിക്കെതിരായി എന്തെങ്കിലും ചെയ്യാൻ വിസമ്മതിക്കുന്നതുമൂലം ഉപദ്രവങ്ങളും ചിലപ്പോൾ മരണം തന്നെയും അനുഭവിക്കേണ്ടിവരും. എന്നാൽ വിപ്ലവത്തിൻെറ ആരംഭകാലത്തുണ്ടായിരുന്ന നിഷ്ഠുരത കുറഞ്ഞുവരുന്നതായി കാണുന്നു.

ചീനത്തെ ക്രൈസ്തവസഭ പൂർണ്ണമായി സ്വതന്ത്രകാലത്തിൽ നില്ക്കുന്നതായി തീർന്നിരിക്കുന്നു. അനേക വർഷങ്ങളായി ആരംഭിച്ച ഒരവസ്ഥയുടെ മുഖ്യന്യൂനം ഇപ്പോൾ വന്നെന്നേ പറയാവുന്നതുള്ളൂ. ക്രിസ്തുമതം ഒരു വിദേശമതമെന്നുള്ള ധാരണ നീങ്ങിത്തുടങ്ങിയിരിക്കുന്നു. റോമാപ്രോട്ടസ്റ്റൻറ് സഭകളിലായി ആകെ 40 ലക്ഷം ക്രിസ്ത്യാനികൾ അവിടെയുണ്ട്. അവരുടെ ചുറ്റും അധിവസിക്കുന്ന ക്രിസ്തേതരരോടു ക്രിസ്തീയസാക്ഷ്യം വഹിക്കുന്നതിനുള്ള ചുമതല എത്ര ഗൌരവതരവും വിഷമമേറിയതുമാകുന്നു. ക്രിസ്ത്യാനികളും തങ്ങളുടെ രാജ്യസേവനത്തിൽ ഉൽസുകരാണ്. പ്രാർത്ഥനയാലും അദ്ധ്യയനത്താലും ക്രിസ്തീയ വിശ്വാസത്തെ പുലർത്തിക്കൊണ്ടുപോകുന്നതിൽ അവർ തീക്ഷ്ണതയോടിരിക്കുന്നു. ഇതരരാജ്യങ്ങളിലെ ക്രിസ്ത്യാനികളുമായി സമ്പർക്കമുണ്ടായില്ലാത്ത നില അവർക്കു ക്ലേശകരമാണ്. അവർക്കുവേണ്ടിയുള്ള പ്രാർത്ഥന അവർക്കു ആശ്വാസപ്രദവും സഹായകരവുമെന്നറിയിച്ചതിനാൽ നമുക്കവരെ പ്രാർത്ഥനയിൽ നിരന്തരം ഓർമ്മിക്കാം.

N. C. C. Publication.

American Life Magazine

അമേരിക്കയിലെ ലൈഫ് മാസിക

കഴിഞ്ഞവർഷം ജൂലായിമാസത്തിൽ പ്രസ്തുത ലൈഫ്മാസികയുടെ രണ്ടു അമേരിക്കൻപ്രതിനിധികൾ കോട്ടയത്തു വന്നു ബിഷോപ്പുതിരുമേനിയുടെ അതിഥികളായി താമസിച്ചുകൊണ്ടു പലടത്തു സഞ്ചരിക്കയും ഫോട്ടോകൾ എടുക്കയും ചെയ്തു വിവരം പലരും അറിഞ്ഞിട്ടുണ്ടല്ലോ. ലൈഫ് മഗസിൻ വളരെ പ്രചാരവും പ്രശസ്തിയുമുള്ള ഒരു വർണ്ണചിത്രമാസികയാണ്. കഴിഞ്ഞയാണ്ടത്തെ ഡിസംബർലക്കം ക്രിസ്മസ്പ്രത്യേകതയും അതിൻെറ വർദ്ധമാനമായ പുരോഗതിയേയും സാദ്ധ്യതകളേയുംകുറിച്ചു പ്രതിപാദിക്കുന്ന ഒരു വിശേഷാൽ ലക്കമായി പ്രസിദ്ധപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടെ അതിൻെറ പ്രതിനിധികൾ വിവിധരാജ്യങ്ങളിൽ സഞ്ചരിച്ചതുകൂട്ടത്തിൽ രണ്ടുപേർ ഇന്ത്യയിലും വിശിഷ്യ ട്രിക്കിനോന്ത്യയിൽ സാദ്ധ്യമായിരിക്കുന്ന സഭായോജിപ്പിൻെറ വിവരങ്ങൾ നേരിട്ടറിഞ്ഞു കാര്യങ്ങൾ ഗ്രഹിക്കുന്നതിനും പടങ്ങൾ എടുക്കുന്നതിനും അവർ ഏതാനും ആഴ്ചകൾ പരിശ്രമികയും ഒടുവിൽ അമേരിക്കയിലേക്കു മടങ്ങിച്ചെന്നതിൻെറശേഷം ഡിസംബർ വിശേഷാൽപ്രതി അതിമനോഹരമായി പ്രസിദ്ധപ്പെടുത്തുകയും ഇതിനകം പലരും അതു കാണുകയും ചെയ്തിരിക്കുന്നു. കോട്ടയത്തും മഹായിടവകയുടെ മറ്റേതാനും ഭാഗങ്ങളിലും ബിഷോപ്പുതിരുമേനിയോടുകൂടെ സഞ്ചരിച്ചു അനേകം പടങ്ങളെടുത്തുകൊണ്ടുപോയിട്ടുണ്ടെങ്കിലും ലോകവ്യാപകമായ വൃത്താന്തങ്ങളുടെയും ചിത്രങ്ങളുടെയുംകൂട്ടത്തിൽ നമ്മെ സംബന്ധിക്കുന്നവയായി മാസികയിൽ പ്രസിദ്ധീകരണം സിദ്ധിച്ചിട്ടുള്ളവ വളരെ കുറച്ചു മാത്രമേയുള്ളൂ. മൈലൊടി സ്കൂളിൻെറ ശിലാസ്ഥാപനപ്രതിജ്ഞയും, അഞ്ചു ബഥേൽസോദരിമാരും, ബിഷോപ്പുതിരുമേനിയുടെ ഗ്രാമസഞ്ചാരത്തിൽ രണ്ടു പട്ടകൂരോടുകൂടെ ഒരു വള്ളത്തിൽ കയറി കടക്കുന്നതും മാത്രമാണ ചിത്രങ്ങളായി ചേർത്തിട്ടുള്ളതു്. ഭീഷ്മകാലാലോചനകളുടെയും പ്രാർത്ഥനയുടെയും ഫലമായി അഞ്ചു വിവിധസഭാവിഭാഗങ്ങൾ യോജിച്ചു ഒരു സംയുക്തസഭയായിത്തീർന്നതിൻെറ അത്ഭുതസാദ്ധ്യത ചുരുക്കത്തിലെങ്കിലും വ്യക്തമായി വെളിപ്പെട്ടുത്തീട്ടുണ്ട്.

ക്രിസ്തുമാർഗ്ഗത്തിൻെറ ധാർമ്മികവും ആദ്ധ്യാത്മികവുമായ ശക്തിയുടെയും അനേക നൂറാണ്ടുകളായിട്ടുള്ള അതിൻെറ പ്രചാരത്തിൻെറയും വർണ്ണന കേവലമായ അമേരിക്കൻപ്രസിഡണ്ടിൻെറ മാർഗ്ഗികപ്രഭുത്വമായ പ്രസ്താവനകൊണ്ടൊരംഭിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ ജീവചരിത്രം അപ്പൊസ്തലവിശ്വാസപ്രമാണത്തിൻെറ പിന്നാലെ മഹാന്മാരായ ചിത്രകലാകാരന്മാരാൽ വിരചിതമായ വർണ്ണചിത്രങ്ങളോടുകൂടെ രേഖപ്പെടുത്തീട്ടുണ്ട്. കാലകാലങ്ങളിലായി ക്രിസ്തീയവിശ്വാസത്തിൻെറ പുരോഗതിയും സഭാവിഭാഗങ്ങളുടെ വൈവിദ്ധ്യത്തിലൂടെ ക്രിസ്തുവിലുള്ള ഏകതാവും ക്രമീകൃതയും വ്യക്തമാക്കീട്ടുണ്ട്. "ക്രിസ്തു ജീവിച്ചു മരിച്ചുയർത്തതിൻെറശേഷമുള്ള രണ്ടായിരംവർഷ

ത്തെ ക്രിസ്തുമതാഭിവൃദ്ധിയും ആരാധനാനുഷ്ഠാനങ്ങളിലുള്ള വിവിധത്വവും റോമിലെ സെന്റ്പീറ്റേഴ്സ് ദേവാലയത്തിലെ പൈസഹ തിരുവത്താഴശുശ്രൂഷയിൽ പ്രകടമാകുന്ന അലങ്കാരമോടികളും ഒരു കൈക്കർയോഗത്തിലെ പ്രശാന്തതയും മെഡിക്കൽമിഷ്യനറിയുടെ ചുറ്റിലും ആഫ്രിക്കയിലെ കോംഗോജാതിക്കാരുടെ കുടിയിരിപ്പും വിലക്കപ്പെട്ട പവ്വതാഗ്രത്തിലെ സന്ന്യാസിമാരുടെ ഗാനാലാപങ്ങളും ടക്കിനോന്യയിലെ കാഠിന്യചൂടിൽ പന്തലിൻകീഴെ കുട്ടായ്മയിലിരിക്കുന്ന ആയിരമായിരം മാരേത്താമക്കാരുടെ പ്രസംഗയോഗവും ഒരുജ്ജ്വലസുവിശേഷകന്റെ പ്രസംഗത്താൽ വെസ്ലിസ്റ്റേഡിയത്തിൽ സമർപ്പണത്തിനായി മുമ്പോട്ട് വരുന്ന ആയിരങ്ങളുടെ വിശ്വാസഭാർഢ്യവുമെല്ലാമായിട്ടാണ് ക്രിസ്ത്യാനിത്വമെന്ന നാമധേയത്തിൽ ഇന്നു ലോകത്തിൽ ദർശിച്ചുകൊണ്ടിരിക്കുന്നത്. ഈ വ്യത്യസ്തങ്ങൾ വൈപരീത്യത്തിന്റെ ലക്ഷണമോ? അല്ല. "നാം ഏവരും ഏകം, ഏകശരീരം; സ്നേഹം, ആശാബന്ധം എന്നതിൽ ഏകം." ക്രിസ്ത്യാസൈന്യമെ വാ എന്ന കീർത്തനത്തിൽ പ്രസ്താവിക്കുംപ്രകാരം ക്രിസ്തനാഥനോടുള്ള കേന്ദ്രീയിലും അനുസരണത്തിലും നാമെല്ലാവരും ഒന്നാണെന്നുള്ള ബോധവും സാക്ഷ്യവുമാണ് അതു പ്രകടമാക്കുന്നത്.

ഇതിന്റെയെല്ലാം മദ്ധ്യത്തിൽ അഖിലലോകസുവിശേഷകനായി അതിരീക്ഷ്ണതയോടെ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന ഡോ. ബില്ലിഗ്രഹാമിനെയും കൂട്ടുപ്രവർത്തകരെയും അവരുടെ പുതിയവസതിയിൽ വിശ്രമിക്കുന്നതായും ചിത്രീകരിച്ചിട്ടുണ്ട്. വേദപുസ്തകത്തിന്റെ ഏറ്റവും നവീനപരിഭാഷയായ സ്റ്റാണ്ടേർഡ്വേർക്ഷ്വൻബൈബിളിന്റെ രൂപീകരണംവരെയുള്ള വേദഗ്രന്ഥനിർമ്മാണത്തിന്റെ ചരിത്രവും അത്ഭുതകരമായ അളവിലുള്ള അതിന്റെ പ്രചാരവും സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്. അലങ്കാരമോടികളും ബാഹ്യപ്രകടനങ്ങളും ചിത്രീകരിച്ചു പ്രദർശിപ്പിക്കുന്നതു എളുപ്പത്തിൽ കഴിവുള്ളതാകയാൽ റോമാസഭയുടെ കർമ്മങ്ങൾക്കുമാണ് ലൈഫ് മാസികയിൽ പ്രാധാന്യം കൊടുത്തിരിക്കുന്നതായി കാണുന്നത്. ആത്മികവും ആന്തരികവുമായ പ്രവർത്തനങ്ങളും സ്ഥിതിവ്യത്യാസങ്ങളും ചിത്രീകരിപ്പാൻ അത്രകളുപ്പമല്ലാത്തതിനാൽ പ്രോട്ടസ്റ്റന്റുവിഭാഗങ്ങളുടെ പ്രവർത്തനഗതിയേയും സാദ്ധ്യതകളേയും പറ്റിയുള്ള പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ക്രിസ്തുമാർഗ്ഗത്തിന്റെ അനിതരസാധാരണശക്തിയും മനുഷ്യവർഗ്ഗത്തിനുള്ള അമിതസാധീനവും ആത്മികവും ധാർമ്മികവുമായ നിലകളിൽ അതിന്റെ പുരോഗതിയും, ദൈവരാജ്യനിർമ്മാണത്തിനു അതുമൂലമുള്ളസജ്ജീകരണസാദ്ധ്യതകളുമെല്ലാം മനോഹരചിത്രങ്ങളായും വിചാരവർണ്ണനകളായും വ്യക്തമാക്കിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ക്രിസ്തുവും ക്രിസ്തുമാർഗ്ഗവും വിജയിക്കുന്നതാണ് വിശേഷാൽപ്രതിയുടെ വിശേഷലക്ഷ്യം.

ബൈബിൾ ഗ്രന്ഥരൂപീകരണകഥ

1947-ൽ ചാവു കടലിനു സമീപം ഒരു ബദ്ധുവിൻ ജാതിക്കാരൻ തന്റെ ആടുകളെ മെയിക്കുവെ അവയിൽ ഒന്നിനെ കാണാതെ പോകയാൽ അടുത്തുള്ള ഒരു ഗുഹയിൽ കയറിയെന്നു സംശയിച്ചു അതിനുള്ളിൽ കടന്നു അന്വേഷണം നടത്തിയപ്പോഴായിൽ പൊട്ടിത്തകർന്ന ഒരു ഭരണിയും അതിനകത്തു ഒരു കയ്യെഴുത്തുഗ്രന്ഥവും കാണുകയുണ്ടായി. ഒടുവിൽ അതു നമ്മുടെ കർത്താവിന്റെ കാലത്തോടും പഴക്കമുള്ള യെശയ്യാവിന്റെ പ്രവചനരേഖയെന്നു തെളിവായി. കഴിഞ്ഞ 75 വർഷങ്ങൾക്കിടയിൽ കണ്ടുപിടിക്കപ്പെട്ട പുരാതന ലിഖിതങ്ങളിലൊന്നു മാത്രമാണിതും. ഇവ മുഖാന്തരം പഴയ നിയമത്തെപ്പറ്റിയും ആദികാലക്രിസ്ത്യാനിത്വത്തെപ്പറ്റിയും പല പുതിയ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും നിലവിലിരുന്ന വേദപുസ്തകപരിഭാഷയിലെ അനേകം തെറ്റുകൾ കണ്ടുപിടിക്കുന്നതിനുമിടയായിട്ടുണ്ട്. തെറ്റുകൾ കടന്നുകൂടിയതെങ്ങനെയാണ്? 15-ാം നൂറ്റാണ്ടുവരെ വേദപുസ്തകത്തിന്റെ കയ്യെഴുത്തുപ്രതികൾ മാത്രമെയുണ്ടായിരുന്നുള്ളൂ. പകർത്തിയെഴുതിയ പ്രതികളിൽ വാക്കുകൾ വിട്ടുപോകയോ കൂട്ടിച്ചേർത്തെഴുതുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യപ്പോയേക്കാവുന്നതാണ്. എന്നാൽ പുതുതായി ലഭിച്ച ലിഖിതങ്ങളോടു ഒത്തു നോക്കി തെറ്റുകൾ തിരുത്തുന്നതിനും ആദിതിരുവെഴുത്തുകളുടെ ശരിയായ പൊരുൾ ഗ്രഹിക്കുന്നതിനുമിടയായി. മാത്രവുമല്ല കാലാന്തരത്തിൽ വാക്കുകളുടെയും വാക്യങ്ങളുടെയും അർത്ഥങ്ങൾക്കു വ്യത്യാസം ഭവിച്ചിട്ടുള്ളതിനാൽ വായനക്കാർ തെറ്റിദ്ധരിക്കുന്നതിനുമിടയായിട്ടുണ്ട്. ഇതിന്റെ എല്ലാം പരിഹാരമാ

യി നൂതനമായി കണ്ടു കിട്ടീട്ടുള്ള പ്രാചീനലിഖിതങ്ങൾ ഒത്തു നോക്കിയും അന്ധ്യവ്യത്യാസം ഭവിച്ചിട്ടുള്ള പദപ്രയോഗങ്ങൾ മാറ്റിയും ഏറ്റവും ശരിയായ പരിഭാഷയിൽ വേദഗ്രന്ഥനിർമ്മാണം ചെയ്യുന്നതിനു ഒരു വിദഗ്ദ്ധകമ്മറ്റി നിയമിക്കപ്പെടുകയും അവരുടെ 15 വർഷത്തെ പ്രയത്നംകൊണ്ടു പരിഭാഷ പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു. അതാണു ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്ന പരിഷ്കൃത സ്റ്റാണ്ടർഡ് പരിഭാഷാവേദപുസ്തകം (Revised Standard Version English Bible).

മാവ്ലേക്കരത്തിൽ പ്രസ്താവിച്ചതിനെ തുടർന്നുള്ള പട്ടക്കാരുടെ സ്ഥലംമാറ്റം

റവ. തോമസ് ചെറിയാനെ പുതുതായി രൂപീകരിക്കുന്ന കേരളകൗൺസിലിന്റെ ബൈബിൾസൊസൈറ്റിയുടെ സെക്രട്ടറിയായി കോട്ടയത്തേക്കും, റവ. എം. സി. ചാക്കോയെ തിരുവല്ലായിക്കും, റവ. വി. ജി. മത്തായിയെ കോട്ടകുഞ്ഞിക്കും, റവ. സി. ജെ. മാസിനെ കുവപ്പള്ളിക്കും, റവ. പി. ഇ ചാക്കോയെ നല്ലാനിക്കുന്നിനും, റവ. ജി. പി. മാത്യുവിനെ കറിക്കാട്ടുക്കും, റവ. എ. റ്റി. ചാക്കോ അനാരോഗ്യത്താൽ വിരമിക്കുന്നതിനും പുതുതായി പട്ടം കിട്ടിയ റവ. സണ്ണിയെശ്ശുവടിയാനെ പീരുമേട്ടിലേക്കും, റവ. മാണി എം. ചാക്കോയെ കുത്താട്ടുകുളത്തേക്കും, റവ. ഐ. സി. കുഞ്ഞനെ കണ്ണിക്കലിനും നിയമിച്ചിരിക്കുന്നു.

ഒരു സ്മാരകശ്രുശ്രൂഷ

മാച്ചു 12നു നിര്യാതനായ സി. കെ. തോമസ് മാസ്റ്ററുടെ ഒരു സ്മാരക ശ്രുശ്രൂഷ ഏപ്രിൽ 27നു വെള്ളിയാഴ്ച പകൽ 11മണിക്കുശേഷം പന്നിമറ്റം ചാപ്പലിൽവച്ചു സമംഗളം നടത്തുകയുണ്ടായി. എട്ടു പട്ടക്കാരുടെ സഹകരണത്തിലും ബിഷപ്പുതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലുമാണു ശ്രുശ്രൂഷ നടന്നതു. മരണാനന്തരജീവിതത്തിന്റെ ശ്രേഷ്ഠാനുഭവങ്ങളെ പ്രസ്തുതമാക്കി റവ. എം. ജെ. ചാണ്ടി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. പ്രത്യേകം ക്ഷണിക്കപ്പെട്ടവരും ബന്ധുക്കളുമായി പങ്കിനിറയെ ആളുകളുണ്ടായിരുന്നു. ശ്രുശ്രൂഷാനന്തരം ഉച്ചസമയത്തു പരേതന്റെ ഭവനത്തിൽവച്ചു നടത്തിയ വിരുന്നു സല്ലാപത്തിൽ എല്ലാവരും പങ്കുകൊള്ളുകയും ചെയ്തു. പരേതന്റെ ജീവചരിത്രവും സി. എം. എസ്സ്. ഹൈസ്കൂളിലും കോളജിലും സ്തുത്യർഹമായി നിർവ്വഹിച്ച വിദ്യാഭ്യാസസേവന വിവരങ്ങളും സി. എം. എസ്സിന്റെയും സർവ്വകലാശാലയുടെ അധികൃതരിൽനിന്നും മറ്റു മഹാന്മാരിൽനിന്നും ലഭിച്ചിട്ടുള്ള സാക്ഷ്യപത്രങ്ങളും പത്രപ്രസ്താവനകളും ഉൾക്കൊള്ളുന്ന ഒരു സ്മാരകഗ്രന്ഥം തദവസരത്തിലേക്കു അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു.

കേരളവേദപുസ്തകസമൂഹം

മദ്രാസ് വേദപുസ്തകസമൂഹത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്ന കേരളത്തെ വേർതിരിച്ചു അതിനായിട്ടു തന്നെ ഒരു സമൂഹം രൂപീകരിച്ചു കേരളക്രൈസ്തവസമൂഹം എന്ന നാമധേയത്തിൽ കോട്ടയം അതിന്റെ ആസ്ഥാനമായി സ്ഥാപിക്കുന്നതിനു ഇന്ത്യാ, പാകിസ്ഥാൻ, ബർമ്മാ, സിലോൺ വേദപുസ്തകസമൂഹത്തിന്റെ പൊതുകമ്മറ്റി തീരുമാനിക്കയും കേരളസമൂഹത്തിന്റെ പ്രഥമ സെക്രട്ടറിയായി റവ. തോമസ് ചെറിയാൻ ബി. എ. അവർകളെ നിയമിക്കയും ചെയ്തിരിക്കുന്നു. സമൂഹത്തിന്റെ ആപ്പീസും വേദപുസ്തകശാലയുമായി ബേക്കർ സ്കൂൾ കവലയിലുള്ള മുന്നിലകെട്ടിടത്തിന്റെ മദ്ധ്യനിലയാണു വാടകയ്ക്കെടുത്തിരിക്കുന്നതു. മെയ്മാസം മദ്ധ്യത്തോടുകൂടെ പ്രവർത്തനം ആരംഭിക്കുന്നതുമാണു.

വാർത്തകളും കുറിപ്പുകളും

വിശേഷാലനുമോദനം. നമ്മുടെ ബിഷപ്പുതിരുമേനി ഏപ്രിൽ 27നു 70-ാം വയസ്സിൽ പ്രവേശിച്ചിരിക്കുന്നു. ഇതുവരെയും ദിവ്യശുശ്രൂഷയുടെ കൃത്യങ്ങൾ ശുശ്രാന്തിപൂർവ്വം നിർവ്വഹിപ്പാൻതക്ക ആരോഗ്യവും കഴിവും നിരന്തരമായി ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ അതിരറ്റ കൃപയ്ക്കുവേണ്ടി ദൈവത്തിനു സ്തോത്രം ചെയ്കയും തിരുമേനിയെ അനുമോദിക്കയും ചെയ്യുന്നു. മഹായിടവകയുടെ പുറമേനിന്നും പല വിദേശശാഖകളിൽനിന്നും അനുമോദനങ്ങളും മംഗളാശംസകളും ലഭിച്ചുകഴിഞ്ഞു. പിന്നിട്ടതായ സഞ്ചാരത്തിനും ഉജ്ജ്വലിതമായ പ്രവർത്തനത്തിനും കൃത്യമായ കായ്നിഷ്പാദനത്തിനുമുള്ള അത്ഭുതകരമായ കഴിവു ലഭിച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി മഹായിടവകയുടെ അനുമോദനവും ക്ഷേമാശംസയും പ്രാർത്ഥനയും രേഖപ്പെടുത്തിക്കൊള്ളുന്നു. "നിങ്ങളോടുള്ള ദൈവവചനം പ്രസംഗിച്ച നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ." വിശിഷ്യാ ഏപ്രിൽ 29നു ഞായറാഴ്ച പിരുമേട്ടിൽനിന്നുള്ള മടക്കയാത്രയിൽ നേരിട്ട മോട്ടറപകടത്തിൽ നിന്നുള്ള അത്ഭുതകരമായവിടുതലിനും ദൈവത്തിനു സ്തോത്രം ചെയ്യാം.

വേറൊരു വൈദികവിവാഹം. റാന്നി ഇടവകപ്പട്ടക്കാരൻ റവ. കെ. മൈക്കൽ ജോൺ ബി. എ., ബി. ഡി. യും, റവ. കെ. ജെ. ചാക്കോ അച്ചന്റെ മകൾ ആലീസും തമ്മിലുള്ള വിവാഹം ഏപ്രിൽ 12നു വ്യാഴാഴ്ച 3. 30 മണിക്കു ആലപ്പുഴ സി. എസ്സ്. ഐ. പള്ളിയിൽ വച്ചു ബിഷപ്പുതിരുമനസ്സിലെ കാർമ്മികത്വത്തിൽ മംഗളമായി നടന്നിരിക്കുന്നു. വിവാഹാനന്തരമുള്ള വിരുന്നു പാർസനേജിൽ വെച്ചു കഴിക്കയും ചെയ്തു. പിറ്റെ ദിവസം ഉച്ചയ്ക്കു ഏരുമാപ്ര വാഴകയ്യുള്ള മണവാളന്റെ വസതിയിൽ വെച്ചും ഒരു സദ്യ നടത്തുകയുണ്ടായി. അച്ചനും ബസ്സ്യാമ്മയ്ക്കും മംഗളാശംസകൾ നല്കിക്കൊള്ളുന്നു.

ഒരു ഷഷ്ടിപൂർത്തി സ്തോത്രശുശ്രൂഷ. വാരിക്കാട്ടു പ്രവർത്തകൻ മി. പി. ജെ. തോമസിനു മാർച്ചു 24നു 60 വയസ്സു പൂർത്തിയായതിന്റെ ഒരു സ്മാരക സ്തോത്രശുശ്രൂഷ അന്നേ ദിവസം രാവിലെ റവ. സി. ഐ. മത്തായി അച്ചന്റെ പ്രധാന കാർമ്മികത്വത്തിലും, റവ. പി. ജെ ഐസക്ക്, റവ. സി. ഐ. ചാക്കോ എന്നിവരുടെ സഹകരണത്തിലും ബന്ധുവാസികളുടെയും സഭാജനങ്ങളുടെയും സാന്നിദ്ധ്യത്തിലും വിശുദ്ധസംസർഗ്ഗത്തോടുകൂടെ നടത്തുകയും ഒരു ഗ്രൂപ്പു ഫോട്ടോ എടുക്കുകയും ഒരു സദ്യ കഴിക്കുകയും ചെയ്തു. സ്തോത്രശുശ്രൂഷയിലെ പിരിവു സ്ത്രീജനങ്ങളുടെയിടയിലുള്ള വേലയ്ക്കായി ഇടവകപ്പട്ടക്കാരനെ ഏല്പിക്കയും ചെയ്തു.

മേലോരം കൺവെൻഷൻ. കുട്ടിക്കൽ ഇടവകയിൽപെട്ട മേലോരം സഭയിൽ ഇടംപ്രഥമമായി ഒരു കൊൺവെൻക്കൻ നടന്നതു വളരെ അനുഗ്രഹമായിരുന്നു എന്നു എല്ലാവർക്കും ഒരുപോലെ സമ്മതമാണ്. മാർച്ചു 23, 24, 25 എന്നീ മൂന്നു ദിവസങ്ങളിൽ ഏറ്റവും ക്രമീകൃതമായ വിധത്തിലാണു യോഗങ്ങൾ നടത്തപ്പെട്ടതു. കുട്ടിക്കൽ ഇടവകപ്പട്ടക്കാരൻ റവ. മാത്തു മാത്തു കൂടാതെ മൂന്നുകയും ഇടവകപ്പട്ടക്കാരൻ റവ. കെ. ഐ. കോശി, ശ്രീമാൻ പി. ററി. മാനിയേൽ എന്നിവർ പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

ഇതു വിജയകരമായ ഒരു കൺവെൻക്കൻ നടത്തി ദൈവനാമമഹത്വം ജാതികളുടെയിടയിൽ ഉയർത്തിക്കാണിക്കുന്നതിനു സഹായിച്ച കർത്താവിനെ നമുക്കു പുകഴ്ത്താം.

P. G. ZACHARIAH.

നിഷ്ക്രമനായ മി. ജോർജ്ജ് ചാണ്ടി

മൈസൂർ സിവിൽ സേവ്വീസിൽ ഒരുന്നതസ്ഥാനിയായിരുന്ന പരേതനായ മി. കെ. ചാണ്ടിയുടെ സീമന്തപുത്രനും മൈസൂർ ഗവർമ്മെൻറിന്റെ പ്രധാന ഇലക്ട്രിക്കൽ എഞ്ചിനീയറുമായിരുന്ന മി. ജോർജ്ജ് ചാണ്ടി ഹൃദയസംഭ്രമത്താൽ ഏപ്രിൽ 18നു രാത്രി പെട്ടെന്നു നിഷ്ക്രമി

തനാകയും 19നു- വൈകുന്നേരം ബാംഗ്ലൂരിലുള്ള പ്രൊട്ടസ്റ്റൻറു സെമിറ്റേറിയിൽ അടക്കപ്പെടുകയും ചെയ്തു. നമ്മുടെ ബിഷോപ്പുതിരുമേനി ഒരു കമ്മറ്റി മീറ്റിംഗിനു തക്കസമയം അവിടെ എത്തിയിരുന്നതിനാൽ സംസ്കാരകർമ്മത്തിൽ പ്രധാന പങ്കു കൊൾവാനിടയായതു ഒരു വലിയ കാര്യമായിരുന്നു. മരിക്കുമ്പോൾ മി. ചാണ്ടിക്കു 52 വയസ്സു മാത്രമെ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിൻെറ പെട്ടെന്നുള്ള ചരമം ബാംഗ്ലൂർ ആകമാനം ഒരു ഞെട്ടലുളവാക്കിയെന്നാണു അവിടത്തെ പത്രങ്ങൾ പ്രസ്താവിച്ചതു. മൈസൂർ മന്ത്രിമാരും മറ്റു നേതാക്കന്മാരും തങ്ങൾക്കു നേരിട്ട അപരിഹ്വതനഷ്ടത്തിൽ അതിയായി ഖേദിക്കയും പ്രാപ്യനും സർഗുണവാനുമായ ഒരു മഹാൻെറ അപ്രതീക്ഷിതമായ നിര്യാണത്തിൽ വിലപിക്കയും ചെയ്തു. ചെറുപ്പത്തിലെതന്നെ ബാംഗ്ലൂരിൽ മാതാപിതാക്കന്മാരോടുകൂടെ താമസിച്ചുകൊണ്ടു പഠിക്കയും മൈസൂർ എഞ്ചിനീയറിംഗ് പരീക്ഷ പാസ്സായി ഉചിത പഠനത്തിനായി അമേരിക്കയിൽ പോയി വന്നു മൈസൂർ ഇലക്ട്രിക്കൽ വകുപ്പിൽ ഉദ്യോഗസ്ഥനായി പ്രവേശിക്കയും ഒടുവിൽ ഡിപ്പാർട്ടുമെൻറിൻെറ മേധാവിയായിത്തീരുകയും ചെയ്തു. സഹപ്രവർത്തകർക്കു ഒരുത്തമസുഹൃത്തും പൊതുജനങ്ങൾക്കു ഒരുറച്ച സ്നേഹിതനും ഉപകാരിയുമായിരുന്നു. ഭാര്യ മിസ്സസ്സ് ചാണ്ടി മി. ജെ. മാമ്മൻെറ മകളും ബാംഗ്ലൂരിൽ ലേഡികർസൻ ഹോസ്പിറ്റലിലെ ഒരു ഡോക്ടറുമാണു. രണ്ടു ആൺമക്കളും അവർക്കുണ്ടു. വേർപാടിൻെറ ദുഃഖത്തിലിരിക്കുന്ന അവരെയെല്ലാം ദൈവം ആശ്വസിപ്പിക്കട്ടെ.

പരേതനായ പായിപ്പാട്ടു ജോസഫ് ഉപദേശി

മേലുകാവു ഡിസ്ട്രിക്ടിൽ മങ്കൊമ്പു ഇടവകയിൽ ചൊവ്വൂർ സഭയിൽ പായിപ്പാട്ടു ഉപദേശി എന്നറിയപ്പെട്ടിരുന്ന ദൈവഭക്തനും അനേകം ആളുകളെ കർത്താവിൻെറ പാതയിലേക്കു വഴി നടത്തിയവനുമായ അദ്ദേഹം കഴിഞ്ഞ മാർച്ച് മാസം 2നു- വെള്ളിയാഴ്ച പകൽ 12. 30 നു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. അദ്ദേഹം മാനസാന്തരപ്പെട്ട 1099 മുതൽ മേലുകാവു ഡിസ്ട്രിക്ട് എന്നു തന്നെയല്ല അയൽ പ്രദേശങ്ങളിലും ഒരു സ്വദേശി പ്രവർത്തകനായി ആത്മാക്കളെ നേടുന്നതിനുള്ള എരിവോടു കൂടി പ്രവർത്തിക്കുകയും ചെയ്തു. ക്രൂടാതെ അക്രൈസ്തവരുടെ ഭവനങ്ങൾ സന്ദർശിച്ചും ചന്തസ്ഥലങ്ങളിൽ കർത്താവിനെപ്രസംഗിച്ചുമാണു സാക്ഷിച്ചുപോന്നു. വേദപുസ്തകപാണ്ഡിത്യവും പ്രായാധിക്യമായിട്ട വാക്കുകളുടെ ഓജസ്സും നിശ്ചയവും അതിശയിക്കത്തക്ക വിധത്തിലായിരുന്നു. തന്നെ വീണ്ടെടുത്തവൻെറ വേലയ്ക്കായി മറ്റാരെയും കൂട്ടുകിട്ടിയില്ലെങ്കിലും ഒറ്റയ്ക്കു പോകുക പതിവായിരുന്നു. എല്ലാ ഞായറാഴ്ചയും ദേവാലയത്തിൽ പോകുന്നതും ദൈവമക്കളൊരുമിച്ചു കൂട്ടായ്മ ആചരിക്കുന്നതും അദ്ദേഹത്തിനു ഒരു പ്രത്യേകതയായിരുന്നു. ഡോ. ബില്ലിഗ്രഹാമിൻെറ യോഗത്തിനു പോകുവാൻ പ്രാർത്ഥനയോടുകൂടി കാത്തിരുന്നുവെങ്കിലും തൻെറ ശരീരാസ്വാസ്ഥ്യം മൂലം അതിൽ സംബന്ധിക്കുവാനിടയാകാഞ്ഞതിൽ സങ്കടപ്പെടുകയുണ്ടായി. മരിക്കുമ്പോൾ ഇദ്ദേഹത്തിനു 85 വയസ്സു പ്രായമുണ്ടായിരുന്നു. അന്നു ചൊവ്വൂർ ഒരു കൺവൻഷൻ നടന്നുകൊണ്ടിരിക്കുകയായിരുന്നു. യോഗത്തിൽ സംബന്ധിക്കുവാനായി ഇദ്ദേഹം കൂലിച്ചു പുറത്തേയ്ക്കിറങ്ങിയ സമയം ഒരു തലകറക്കം പോലെ തോന്നിക്കുകയും തിണ്ണ്ണ ഭവനത്തിൽ പ്രവേശിച്ചു കിടക്കയാണു ചെയ്തു്!

"സന്തോഷം എത്രയോശ്രമിക്കു വർണ്ണിക്കാം എന്ന പാട്ടു പാടിക്കൊണ്ടിരുന്ന അവസരം പുഞ്ചിരിയോടുകൂടെ വചനങ്ങൾ ഉച്ചരിച്ചുകൊണ്ടു തൻെറ ആത്മാവിനെ കർത്താവിങ്കൽ ഭരമേല്പിച്ചുകൊടുത്തു. കൺവൻഷ്യൻ നടന്നുകൊണ്ടിരുന്ന അവസരമായതു കൊണ്ടും തൻെറ ശിഷ്യന്മാർക്കും തന്നെ സ്നേഹിച്ചിരുന്നവർക്കും പ്രത്യേകം ക്ഷണിക്കാതെ തന്നെ അദ്ദേഹത്തിൻെറ ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിൻെറ മരണം സഭയ്ക്കും ദേശത്തിനും ഒരു തീരാനഷ്ടം തന്നെയാണു. ഇദ്ദേഹത്തിൻെറ വേർപാടുമൂലം ദുഃഖത്തിലിരിക്കുന്ന സഭയേയും ദൈവം ആശ്വസിപ്പിക്കട്ടെ. സഭാപ്രവർത്തകൻ.

സ്ക്കൂൾ മാനേജ്മെൻറിൻെറ വികേന്ദ്രീകരണ പദ്ധതി. മഹായിടവക സ്ക്കൂളുകളുടെ കോർപറേറ്റ് മാനേജർ ബിഷോപ്പുതിരുമേനിയായിരിക്കണമെന്നും, നിയമനം മുതലായ കാര്യങ്ങളിൽ ബിഷോപ്പുതിരുമേനിയെ സഹായിക്കുന്നതിനു മൂന്നുപേരടങ്ങിയ ഒരു കമ്മറിയുണ്ടായിരിക്കണമെന്നും, അടുത്തുള്ള സ്ക്കൂളുകൾ ഒരുമിച്ചുചേർത്തു ഗ്രൂപ്പുകളായി തിരിച്ചു അതതു സ്ഥലങ്ങളിലെ പട്ടക്കാരെ കറസ്പോണ്ടൻസുമാരായി നിയമിക്കണമെന്നും കഴിഞ്ഞ ഡയോസിസൻ കൌൺസിൽ പാസ്സാക്കിയ വിവരം മുൻലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലൊ. പിന്നീടു കൂടിയ വിദ്യാഭ്യാസബോർഡു ബിഷോപ്പുതിരുമേനിയുടെ കൃത്യബാഹുല്യം ലഘൂകരിക്കുന്നതിനു കമ്മീസ്സറിയെ തൽക്കാലത്തേക്കു മാനേജരായി നിയമിക്കയും മഹായിടവക സ്ക്കൂളുകളെല്ലാം 34 കൂട്ടങ്ങളായി തിരിച്ചു 34 പട്ടക്കാരെ കറസ്പോണ്ടൻസുമാരായി നിയമിക്കയും അവരെ എല്ലാവരെയും കൂട്ടിവരുത്തി അവരുടെ കൃത്യനിർവ്വഹണത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു.

മഹായിടവകയിൽ 12 ഹൈസ്ക്കൂളുകളും 18 മിഡിൽസ്ക്കൂളുകളും 132 പ്രൈമറിസ്ക്കൂളുകളുമാണുള്ളത്. ഇവയിൽ കോളേജ് ഹൈസ്ക്കൂൾ ബോക്കർ സ്മാരക സ്ക്കൂൾ ബുക്കാനാൻ ഇൻസ്റ്റിറ്റ്യൂഷൻ എന്നീ മൂന്നു ഹൈസ്ക്കൂളുകളുടെ മാനേജ്മെൻറിൽ തൽക്കാലം ഒരു ഭേദഗതിയും വരുത്തിട്ടില്ല. ശേഷമുള്ള സ്ക്കൂളുകളെ സംബന്ധിച്ചു പുതുതായി നിയമിക്കപ്പെട്ട കറസ്പോണ്ടൻസുമാർക്കുള്ള കൃത്യങ്ങളും അധികാരങ്ങളും ക്ലിപ്തപ്പെടുത്തി അവരെയും അതതു ഇൻസ്പക്ടർമാരെയും അറിയിക്കയും ചെയ്തിരിക്കുന്നു. സെക്കണ്ടറി സ്ക്കൂളുകളുടെ ശമ്പളബില്ലും പ്രൈമറിസ്ക്കൂളുകളുടെ ഗ്രാൻറുബില്ലും ഒപ്പിട്ടയച്ചു തുക വാങ്ങുന്നതിനും ശമ്പളക്കുടുതലിനു ശുപാർശചെയ്യുന്നതിനും സെക്കണ്ടറി സ്ക്കൂൾ ഫീസിൻെറ 20 ശതമാനം സ്ക്കൂളാവശ്യത്തിലേക്കു കൈക്കായും ചെയ്യുന്നതിനും ഹെഡ്മാസ്റ്റർമാർക്കു കാഷ്വൽ അവധി അനുവദിക്കുന്നതിനും ഇതരയാവശ്യങ്ങൾക്കായി ഗവൺമെൻറുമായുള്ള എഴുത്തുകുത്തു നടത്തുന്നതിനും അവരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഹെഡ്മാസ്റ്റരന്മാരും അദ്ധ്യാപകരും ഡയോസിസൻ ആപ്പീസിൽ തടിച്ചുകൂടി കാണുന്നില്ലെന്നു പതിവിൽനിന്നൊരു വിടുതൽ ലഭിച്ചിരിക്കുന്നതു ഒരാശ്വാസം തന്നെ. ഒരു മദ്ധ്യകേന്ദ്രത്തിനു പകരം 34 വ്യത്യസ്ഥ കേന്ദ്രങ്ങളിൽ കാര്യനിർവ്വഹണം ചെയ്യുന്നവർ വിശ്വസ്തതയോടും കൃത്യനിഷ്ഠയോടും കൂടെ നിരന്തരം പ്രവർത്തിക്കുന്ന പക്ഷം അതു വിജയകരവും പുരോഗമനപരവുമായിത്തിരാവുന്ന ഒരു പരിഷ്കാരപദ്ധതിയാണുതന്നെ.

ക്രൈസ്തവ സഭാസംരംഭങ്ങൾ

ഒരു പുതിയ സഭാവർഷത്തിൻെറ ആരംഭത്തിലേക്കു പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ വർഷത്തെ സഭാജീവിതവും നടപടികളും പരിശോധിച്ചു നേട്ടങ്ങളും നഷ്ടങ്ങളും കണക്കാക്കുകയും പുതിയ വർഷത്തിൽ നഷ്ടങ്ങൾ പരിഹരിച്ചു നേട്ടങ്ങൾ വർദ്ധിപ്പിച്ചു പുരോഗമിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഓരോ സഭായോഗത്തിൻെറ കമ്മറിയും ആരായുകയും അടുത്തു കൂടുന്ന പൊതുയോഗം തീരുമാനിച്ചു അവ പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തേജനവും സഹകരണവും സജ്ജമാക്കുകയും ചെയ്യേണ്ടതു ഒരു യഥാർത്ഥ ക്രൈസ്തവ സഭയുടെ കർത്തവ്യമാണല്ലൊ. ഇടവകപ്പട്ടക്കാരനും സഭാപ്രവർത്തകനും കമ്മറിക്കാരും എല്ലായ്പോഴും ആദർശപരമായ ഒരു സഭായോഗത്തിൻെറ ചിത്രം മനസ്സിൻെറ ദൃക്കിയിൽ കണ്ടുകൊണ്ടിരിക്കുന്നതു കർത്തവ്യനിർവ്വഹണത്തിനും സുഗമമായ പുരോഗതിക്കും സഹായകരമാണ്. ക്രൈസ്തവ സഭ കേവലമൊരു മനുഷ്യസംഘടനയും പ്രയത്നകൌശലമെന്നുള്ള സങ്കല്പം വിട്ടു സഭയുടെ നാഥനായ ക്രിസ്തുവിൻെറ സജീവ സ്വർഗ്ഗീയത്വത്തിൽ അതിൻെറ വളർച്ചയ്ക്കു ക്രിസ്തുവിനോടു സഹകരിക്കുന്ന നിരന്തര പ്രാർത്ഥനയിലും യഥാർത്ഥ കൂട്ടായ്മയിലും വിശ്വസ്ത സേവനത്തിലും ഉറച്ചിരിക്കേണ്ടതാണാവശ്യം. ഒരു ശരിയായ സഭ അതിൻെറ ശുശ്രൂഷകളുടെയും പ്രയോജനങ്ങളുടെയും പരിധിയിൽ സഭാജനങ്ങളെ എല്ലാവരെയും കൂട്ടുമായും ക്രമമായും ഉൾപ്പെടുത്തി സഭാജീവിതം നയിക്കുകയെന്നുള്ളതാണു ഉത്തമമായ പ്രവർത്തനവിധം. എന്നാൽ ഇന്നു നിലവിലിരിക്കുന്ന സഭാസംവിധാനം, വരുന്നവരെ ശുശ്രൂഷിക്കുയെന്നുള്ളതാണ്. സാധാരണ ആരാധനയിൽ ക്രമമായി വന്നുകൊണ്ടിരിക്കുന്ന ഏതാനും സഭാംഗങ്ങളും സണ്ടെസ്ക്കൂളിൽ വന്നു പഠിക്കുന്ന കുറെ കുട്ടികളും ഇതര സഭാപ്രയത്നങ്ങളിൽ പങ്കുകൊള്ളുന്ന ചുരുക്കം പേരുമുണ്ട്.

അവരുടെ പേക്ക ഏറ്റവും ചെറിയ തോതിൽ ചെയ്യപ്പെടുന്ന പ്രയത്നമാണ് സഭാസേവനമെന്നു സാമാന്യമായി ഗണിച്ചുപോരുന്നു. എന്നാൽ സഭാസംരംഭത്തെക്കുറിച്ചുള്ള പ്രാഥമിക ഗണനയിൽ രണ്ടു പ്രധാന കാര്യങ്ങളാണ് ചിന്തനമായിട്ടുള്ളത്. ഒന്നാമതു, ഒരു യഥാർത്ഥ സഭയിൽ അതിലുള്ള സഭാജനങ്ങളുടെ ക്രിസ്തീയ ജീവിതാഭിവേത്തിനും ആത്മികാഭിവൃദ്ധിക്കും ആവശ്യം വേണ്ടിയുള്ള എല്ലാ ഉപാധികളും ഏർപ്പെടുത്തി നടത്തുക. രണ്ടാമതു, വരുന്നവരെ മാത്രമല്ല എല്ലാവരെയും അവയിൽ ഉൾപ്പെടുത്തി മോഗ്യരാക്കുകയും ചെയ്യുക.

നാല്പതുവർഷംമുമ്പു നമ്മുടെ മഹായിടവകയിൽ സഭാസമാജം എന്നപേരിൽ ഒരേയൊരു സംഘടനയും അതിന്റെ ശാഖകൾ പല ഇടവകകളിലുണ്ടായിരുന്നു. സി. എസ്സ്. ഐ. സിനഡ് ആവിഷ്കരിച്ചതുപോലെയും നമ്മുടെ കഴിഞ്ഞ ഡയോസിസൻകൌൺസിൽ പയ്യുപോലിച്ചതുപോലെയും അയ്യനിപ്രവർത്തനം വർദ്ധിപ്പിച്ചു സഭാജീവിതവും സേവനവും പുഷ്ടിപ്പെടുത്തണമെന്നുള്ളതായിരുന്നു സഭാസമാജത്തിന്റെ ഉദ്ദേശ്യം. ഒരുണ്ടത്തെ വ്യക്തികസമ്മേളനത്തിലെ പ്രസംഗങ്ങളിലൊന്നു "ക്രൈസ്തവസഭയും ഇടവകപ്രയത്നങ്ങളും" എന്ന വിഷയത്തെപ്പറ്റി നിങ്ങളുടെ വികാരിയച്ചൻ ചെയ്തതായിരുന്നു. അന്നു നമ്മുടെ ബിഷപ്പുതിരുമനസ്സു മേലുകാവു ഇടവകപ്പട്ടക്കാരനായിരുന്നു. പ്രസംഗം തയ്യാറാക്കുന്നതിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി എല്ലാ ഇടവകകളിലും എഴുതി അയച്ചു വിവിധ സഭായത്നങ്ങളുടെ റിപ്പോർട്ട വരുത്തിയതിൽ മേലുകാവു ഇടവകയിലെ പ്രയത്നങ്ങളാണ് കൂടുതൽ സംഘടിപ്പിക്കപ്പെട്ടതായി കണ്ടത്. ഒരിടവകയിലുള്ള എല്ലാ പ്രായക്കാരെയും സ്ഥിതിക്കാരെയും ക്രിസ്തീയപരിജ്ഞാനം ആദ്ധ്യാത്മികജീവിതം ക്രൈസ്തവസേവനം എന്നിവയിലുള്ള അഭിവൃദ്ധിമാർഗ്ഗങ്ങളിൽ നിരന്തരം ഉൾപ്പെടുത്തി സഭാജീവിതം നയിക്കയാണ് വേണ്ടതു്. ശ്രമമായ ആരാധനകളും ശ്രുശ്രൂക്ഷകളും കൂടാതെ കാണുപക്ഷം താഴെപ്പറയുന്ന യത്നങ്ങൾ വലുതും ചെറുതുമായ എല്ലാ സഭായോഗങ്ങളിലുണ്ടായിരിക്കേണ്ടതാണ്. കുട്ടികൾക്കായി വിദ്യാലയവും സണ്ടേസ്കൂളും ബാലസമാജവും യുവജനങ്ങൾക്കായി യൂത്തുലീഗും യുവതീസമാജവും ഗായകസംഘവും വായനശാലയും ലൈബ്രറിയും വ്യായാമക്ലബ്ബുകളും സാദ്ധ്യക്ഷേമയത്നങ്ങളും—സ്ത്രീകൾക്കായി മാതൃസംഘവും സ്ത്രീജനസമ്പർക്കവും—പ്രായമായി തൊഴിലുകളിൽ പ്രവേശിച്ചിരിക്കുന്നവർക്ക സഭാസംഘടനകളോ അയ്യനിസംഘങ്ങളോ ആയിരിക്കാം. ഒടുവിൽ പറഞ്ഞതു ആളുകളുടെ എണ്ണവും തൊഴിലുകളുടെ വിവിധതയുമനുസരിച്ചു വിപുലപ്പെടുത്താവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ഏതവസ്ഥയിലും തൊഴിലിലും സ്ഥിതിചെയ്യുന്നവരായിരുന്നാലും ക്രിസ്തുവിനോടുള്ള സ്വാമിഭക്തിയിൽ എല്ലാ സഭാംഗങ്ങളേയും ഏതെങ്കിലും തരത്തിൽ സഭാസംരംഭങ്ങളിൽ ഉൾപ്പെടുത്തി ഒരു സർവ്വോദ്യമസഹകരണപരിശ്രമമായി പുരോഗമിക്കേണ്ടതു് ആവശ്യമാണ്. ഇപ്രകാരമുള്ള സഭാജീവിതത്തിനും സേവനത്തിനും ഒരു പഞ്ചശാലയുണ്ട്—പ്രാർത്ഥന, പ്രജ്ഞാനം, പ്രദാനം, പ്രവർത്തനം, പ്രചരണം. ഈ അഞ്ചിലും എല്ലാവരേയും അഭിരമിക്കുകിത്തിക്കുക എന്നുള്ളതാണ് ക്രൈസ്തവസഭാജീവിതോദ്ദേശം.

1. **പ്രാർത്ഥന.** രഹസ്യപ്രാർത്ഥന, കുടുംബപ്രാർത്ഥന, പരസ്യാരാധനപ്രാർത്ഥന, കൂട്ടായ്മപ്രാർത്ഥന എന്നിവയിലെല്ലാം ആത്മാർത്ഥമായും സജീവമായും പങ്കുകൊള്ളുക. സഭാജനങ്ങളെല്ലാവരേയും ഇവയിൽ അനുവേകരാക്കുകയാണാവശ്യം. ദൈവികാശ്വാസവും ജീവശക്തിയുമാണു ജീവിതയത്നങ്ങളുടെ അടിസ്ഥാനം.

2. **പ്രജ്ഞാനം.** ക്രിസ്തീയപരിജ്ഞാനം ഏവർക്കും അത്യന്താപേക്ഷിതമാണ്. അതിൽ നിരന്തരമായ സകായ്മവേദാധ്യയനം പ്രധാനം. അദ്ധ്യയനക്രമങ്ങൾ ഏർപ്പെടുത്തുകയും എല്ലാവരും അവരവർക്ക സൌകര്യമായ ക്രമത്തിൽ താല്പര്യപൂർവ്വം ചേരുകയും ചെയ്യുക. ഒന്നിലും ചേരാതെ ആരുമുണ്ടായിരിക്കരുതു്. ദൈവത്തേയും ക്രിസ്തുവിനേയും അറിയുന്നതാണു നിത്യജീവൻ.

3. **പ്രദാനം.** സഭയുടെ സാധാരണത്തിനും സഭാസംരംഭങ്ങളുടെ നിലനില്പിനും ഓരോ സഭാംഗവും കഴിവുപോലെ ധനംകൊണ്ടു സഹായിക്കേണ്ടതിന്റെ ആവശ്യം ഗ്രഹിപ്പിച്ചു എല്ലാവരേയും ദാനകൃത്യങ്ങളിൽ ഉത്സുകരാക്കുക.

4. **പ്രവർത്തനം.** സഭാസേവനത്തിൽ ഓരോരുത്തരും അവരവരുടെ വാസനപോലെയും പ്രാപ്തിപോലെയും പ്രവർത്തിക്കുന്നതിനുള്ള അവശ്യവും അവസരവും ധാരാളമുണ്ടു്. അതിനെല്ലാവരും സന്നദ്ധരായിരിക്കണം. ഓരോ ഇടവകയും (അതായതു ഒരു പ്രവർത്തകന്റെ പ്രമാതലയിൽ സംഘടിപ്പിക്കപ്പെട്ട സഭായോഗം) മഹായിടവകയുടെ ഒരു ചെറിയ രൂപമായിരിക്കണം സഭാപ്രവർത്തനത്തിന്റെ വിവിധ ഭാഗങ്ങൾ നിർവ്വഹിക്കുന്ന മഹായിടവക ബോർഡുകൾ ഉണ്ടായിരിക്കുന്നതുപോലെ ഓരോ ഇടവകയിലുമുണ്ടായിരിക്കണം—സ്ഥലത്തെ ചുമതലക്കാരിൽ ഒരു കാബി

നന്നായിരിക്കണം. മുഖ്യമന്ത്രി ഇടവകപ്പട്ടക്കാരനും കമ്മറിയംഗങ്ങൾ ഓരോരുത്തരും ഓരോ വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിമാരുമായിരിക്കണം. മാർഗ്ഗിക വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ധനകാര്യ വകുപ്പ്, സാമൂഹ്യ ക്ഷേമവകുപ്പ്, സ്ത്രീജന വകുപ്പ്, യുവജന വകുപ്പ്, സുവിശേഷ പ്രചരണവകുപ്പ് എന്നിവയാണ്. ചട്ടം കമ്മറിയംഗത്തോടു ചേർന്നു പ്രവർത്തിക്കുന്നതിനു ഓരോ വകുപ്പിലും ഉൾപ്പെട്ട അനേകം സഭാംഗങ്ങളുണ്ടായിരിക്കണം. ആത്മായ സഹകരണപ്രശ്നം ഇങ്ങനെ പരിഹരിക്കാവുന്നതാണ്.

5. പ്രചരണം. സുവിശേഷപ്രചരണമെന്നുള്ളതു് സുവിശേഷപ്രചരണത്തിനുള്ള നിരന്തര കൃത്യമാണ്. അതിനും വിവിധ രീതികൾ സൃഷ്ടിപരമായി രൂപീകരിച്ചു ഉപയോഗപ്പെടുത്തി ഫലപ്രദമാക്കുന്നതിനുള്ള യത്നം ഇടവയായി നടത്തിക്കൊണ്ടേ പോകേണ്ടതു ക്രൈസ്തവ സഭയുടെ കർത്തവ്യമാണെന്നതിനെ. പ്രചരണമാർഗ്ഗങ്ങൾ വിവിധങ്ങളായിരിക്കണം. 1. പരസ്യപ്രസംഗം. 2. ചിത്രപ്രദർശനം. 3. കലാപ്രകടനം. 4. സാഹിത്യപ്രചരണം. 5. വേനസന്ദർശനം. 6. വ്യക്തിപ്രവർത്തനം. ഓരോ ഇടവകയും അതിന്റെ പരിസരങ്ങളിലുള്ള ഒരു ഗ്രാമമോ സ്ഥലമോ സ്ഥിരപ്രവർത്തനത്തിനായി തിരഞ്ഞെടുത്തു യത്നിച്ചുകൊണ്ടിരിക്കയും വേണം.

C. K. J.

അമേരിക്കൻ തൊഴിലാളിനേതാവിന്റെ ഇന്ത്യാ സന്ദർശനം

ഇന്ത്യയിലെ ദേശീയ ട്രേഡ് യൂണിയൻകോൺഗ്രസ്സിന്റെയും ശവമ്മെൻറിന്റെയും ക്ഷണമനുസരിച്ചു അമേരിക്കൻ തൊഴിലാളിനേതാവു വാൾട്ടർറൂതർ അവർകൾ ഇന്ത്യയിൽ ഏപ്രിൽമാസാരംഭത്തിൽഎത്തി 12 ദിവസത്തെ പര്യടനത്തിനുശേഷം മടങ്ങിപ്പോയിരിക്കുന്നു. അമേരിക്കൻ ജനതയുടെ മനസ്സിൽ സുപ്രധാനമായി നിലകൊണ്ടിരിക്കുന്ന സംഗതി ജീവിതസമാധാനമെന്നുള്ളതാണെന്നു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. അമേരിക്കരെപ്പറ്റിയുള്ള സാമാന്യധാരണയിൽ ഇന്ത്യക്കാർ ഇതു പ്രത്യേകം ഓർത്തിരിക്കണം. ഇന്ത്യൻജനതയ്ക്കു നല്കിയ സന്ദേശം ഇതാണ്. സാമ്പത്തികവും സാമൂഹ്യവുമായ കെട്ടിപ്പടുക്കലിനായി ആഹ്വാനം ചെയ്തുകൊണ്ടു പറഞ്ഞതു സ്വതന്ത്രരാജ്യങ്ങളും സ്വതന്ത്ര തൊഴിൽസമുദായങ്ങളും തങ്ങളുടെ ആത്മികശക്തിയെ പ്രബുദ്ധമാക്കി സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും, നീതിയുടെയും സഹോദര്യത്തിന്റെയും സംരക്ഷണത്തിൽ ഒരുത്തമ ഭാവി സൃഷ്ടിക്കുണമെന്നുള്ളതാണ്. ഇദ്ദേഹം ഒരു യുവാവായി സോവിയറ്റുയൂണിയനിലെ ഒരു വ്യവസായശാലയിൽ പണിക്കാരനായിരുന്നു. തന്റെ പരിചയത്തിൽനിന്നും അനുഭവമായതു മുൻപറഞ്ഞ സാദ്ധ്യതയിലേക്കുള്ള മാർഗ്ഗം നിശ്ചയമായും കൊമ്മൂണിസ്റ്റുമാർഗ്ഗമല്ലെന്നാണു. സോവിയറ്റു ജനതയ്ക്കു ഒരളവിൽ സാമ്പത്തികാഭിവൃദ്ധിയും ദ്രോതയും ലഭ്യമായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അതേസമയംതന്നെ സംശയരഹിതമായൊരു കാര്യം അല്പം നേടിയെങ്കിലും സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോയെന്നുള്ളതാണ്. റഷ്യയിലും ചൈനയിലും നിലവിലിരിക്കുന്ന കൊമ്മൂണിസ്റ്റുസംപ്രദായം മനുഷ്യവ്യക്തിയുടെ വിലയും പ്രാധാന്യവും താഴ്ത്തികളയുന്നു. എന്നാൽ ഇന്ത്യയോ ജനാധിപത്യത്തെ കൈക്കൊണ്ടിരിക്കുന്നതിനാൽ വ്യക്തിത്വത്തെ ആദരിക്കയാകുന്നു ചെയ്യുന്നു. ക്രിസ്തുവും ക്രിസ്തുനിതാവും മനുഷ്യവ്യക്തിക്കു എത്രമാത്രം വില കല്പിച്ചിരിക്കുന്നു. ഒരു വ്യക്തിയുടെ നാശം സമൂഹസ്ഥിതിക്കുവിനു ഇടയാകുമെങ്കിലും ഒരാത്മാവിന്റെ വില ഭൂലോകം മുഴുവനേക്കാളും വലുതാകുന്നെന്നല്ലോ കർത്താവു അരുളിച്ചെയ്തിട്ടുള്ളതു്. നഷ്ടപ്പെട്ടുപോകുന്ന ഒരോരോ ആത്മാവിനെക്കുറിച്ചുള്ള സമൂഹസ്ഥിതിവിന്റെ ഉൽക്കണ്ഠയും തിരക്കും കരുതലും എത്രമാത്രമെന്നാണല്ലോ ക്രിസ്തോപദേശം. അതോരോരുത്തരെപ്പറ്റി അവരവർ തന്നെയും മറ്റുള്ളവരും ശരിയായി ബോധപ്പെടേണ്ടതാണ്. അമേരിക്കൻതൊഴിലാളികൾ വിലമതിക്കുന്ന ക്രിസ്തോപദേശത്തിന്റെ മാഹാത്മ്യം!

പ്രതിദിനവേദവായനക്കുറിപ്പുകൾ—മെയ് 1956

ഫെബ്രു. (വെ). എഫെ. 6. 6—20. ഈ വിശു. പൌലൊസ് റോമായിലെ തന്റെ ഒന്നാമത്തെ കാരാഗൃഹവാസക്കാലത്തു എഴുതിയതാണു. എഫെസ്സൊസ്സിലെ സഭക്കു മാത്രമായിട്ടെഴുതി എന്നു വിചാരിപ്പാൻ ന്യായമില്ല. തുടർന്നു പല സഭകളിലും വായിപ്പാൻ ഉദ്ദേശിച്ചു തിഹിക്കൊസ്സു വശം (നൂ. ഉപ). കൊടുത്തയച്ചതാണു. ലേഖനത്തിന്റെ ഭാഗങ്ങൾ

മുഖവുര ക. ക—ഫ. (1) സഭാസംബന്ധമായ ഉപദേശങ്ങൾ ക. ന—ന. (2) ക്രിസ്ത്യാനിയുടെ പ്രായോഗിക നടപടികൾ ര. ക—ന്യ, ഫ. പര്യവസാനം ന്യ. ഫ—ഉര. മുഖവുര (ക—ന). 1 a, സഭയുടെ അടിസ്ഥാനവും മഹത്വവും ക. ന—ഫന. (1) സഭയുടെ അടിസ്ഥാനം ക. ന—ക്ര. (2) പിതാവായ ദൈവത്തിന്റെ മുന്നിയമനം ക. ന—ന്യ. പിതാവു പുത്രനിൽ തിരഞ്ഞെടുത്തു. (3) പുത്രനായ ദൈവം സഭയെ സംബന്ധിച്ചു ദിവ്യഉദ്ദേശം നിവർത്തിച്ചു ക. ന—ഫ. (4) പരിശുദ്ധാത്മാവായ ദൈവം പിതാവിന്റെ ഉദ്ദേശം സഫലകരമാക്കി ക. ഫന—ക്ര. ഈ ഭാഗത്തു നേരിട്ടോ അല്ലാതെയോ "ക്രിസ്തുവിൽ" എന്ന ആവർത്തിച്ചിരിക്കുന്നതു സൂക്ഷിക്കുക. വിശ്വാസിയുടെ എല്ലാ അനുഭവങ്ങളും വ്യക്തിത്വവും ക്രിസ്തുവിൽ കൂടെയാണു. "എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല."

ഫനന്ന. (ശ). എഫെ. ക. ക—ഫന. സഭയുടെ മഹത്വം യേശുക്രിസ്തുവിൽ തന്റെ വായനക്കാർ ലഭിച്ചിരിക്കുന്ന കൃപകളേയും പദവികളേയും ഓർത്തുകൊണ്ടു വിശു. പൌലൊസ് പ്രാർത്ഥിക്കുന്നു. ഈ ലേഖനത്തിലെ രണ്ടു പ്രാർത്ഥനകളിൽ ആദ്യത്തേതാണു ഇതു. വിളിക്കപ്പെട്ടിരിക്കുന്നവർക്കായി കരുതിയിരിക്കുന്ന അവകാശത്തെ സംബന്ധിച്ചു പൂർണ്ണമായ വെളിപ്പാടു ലഭിച്ചതിനുവേണ്ടി പ്രാർത്ഥിക്കുന്നു. ആദ്യമായി അവരുടെ വിശ്വാസത്തേയും സഹവിശ്വാസികളോടുള്ള സ്നേഹത്തേയും ഓർത്തു സ്തോത്രം ചെയ്യുന്നു. പ്രാർത്ഥനയിൽ മറവായിരിക്കുന്ന രഹസ്യങ്ങൾ ഗ്രഹിക്കത്തക്കവണ്ണം ഏതെയത്തെ പ്രകാശിപ്പിക്കുന്ന ജ്ഞാനത്തിന്റെ ആത്മാവു അവർക്കു ലഭിയ്ക്കേണ്ടതിനും ബി. (1) വിളിപ്പെട്ടവർക്കുള്ള വിശാലമായ പ്രതീക്ഷകളെ സംബന്ധിച്ചു പൂർണ്ണമായ ഒരു ദർശനം ലഭിക്കേണ്ടതിനും (2) തലമുറകളായി തുടർന്നു വരുന്ന സകല വിശ്വാസികളുടെയും കൃപയുടെയും അവരുടെ അനുഭവസമ്പത്തുകളുടെയും ഫലമായി ഒരുക്കപ്പെട്ടിരിക്കുന്ന മഹത്തായ ധനത്തിന്റെ വലിപ്പവും (3) യേശുക്രിസ്തുവിനെ മരിച്ചവരിൽനിന്നുയിർപ്പിച്ചവന്റെ ശക്തിയുടെ വലിപ്പവും അറിയുന്നതിനും (ഫവ—ഫൻ) അപേക്ഷിക്കുന്നു.

ഫനന്ന. (ഞാ). എഫെ. ഫ. ക—ക. 1. സി. സഭയുടെ സ്വഭാവവും കെട്ടുപണിയുമാണു ഇതിലെ വിഷയം. a സഭയുടെ സ്വഭാവം ഫ. ക—ക (1) നാം എങ്ങനെയുള്ളവരായിരുന്നു, എന്തു ചെയ്തു എന്നു (ക—ന) കാണുന്നു. നാം ദൈവക്രോധത്തിൻ കീഴിലുള്ള നിലവിട്ട (കോപത്തിന്റെ മക്കളായിത്തീർന്നപ്പോൾ) ലോകഗതിപ്രകാരവും, പിശാചിനെ അനുസരിച്ചും ജഡമോഹങ്ങളിലും നടന്നു. (2) ദൈവം എങ്ങനെയുള്ളവൻ, അവൻ എന്തു ചെയ്തു (ര—ഭ) അവൻ കരുണാസമ്പന്നൻ, സ്നേഹംതന്നെയായവൻ. അവൻ നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു. (3) നാം ഇപ്പോൾ എങ്ങനെയുള്ളവരാണു. നാം എന്താണു ചെയ്യേണ്ടതു? (ന്യ—ക) കൃപയാൽ നാം രക്ഷിക്കപ്പെട്ട ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിൽ ഇരിക്കുന്നു. ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നുവോ? എങ്കിൽ എന്റെ ജീവിതം, ദൈവം നല്കിയ അതിമഹത്തായ കൃപക്കു ഒരു സാക്ഷ്യം ആയിരിക്കണം.

ഫരന്ന. (തി.) എഫെ. ഫ. ക—ഫന. b. സഭയുടെ കെട്ടുപണി. സഭയുടെ കെട്ടുപണിക്കുപയോഗിക്കപ്പെടുന്ന ജീവനുള്ള കല്ലുകളുടെ മുമ്പും പിൻപുമുള്ള സ്വഭാവങ്ങളെപ്പറ്റി നാം ഇവിടെ വായിക്കുന്നു. (1) മുമ്പു ദുരസ്ഥർ (ക—ക) വാഗ്ദത്തത്തിന്റെ നിയമങ്ങളിലും, യേശുക്രിസ്തുവിലും ദൈവത്തിങ്കലും നിന്നു അകന്നു പോയവർ. അതായതു വാഗ്ദത്തം ലഭിക്കാത്തവർ, പ്രത്യാശയില്ലാത്തവർ, ദൈവമില്ലാത്തവർ. (2) ക്രിസ്തുവിൽ ഏകീകരണം (ക—ഫ). യേശുക്രിസ്തു തന്റെ രക്തത്താൽ ക്രൂശിൽ വെച്ചു മനുഷ്യനെ ദൈവത്തോടു നിരപ്പിക്കുകയും യഹൂദനും ജാതിയും തമ്മിലുള്ള ശത്രുത്വം ഇല്ലാതാക്കി ഇരുപക്ഷത്തേയും ഒന്നാക്കിയും ഒരു വിശുദ്ധ മന്ദിരമായി—സഭയായി പണിതുയർത്തുന്നു. മനുഷ്യൻ ദൈവവുമായി നിരപ്പാകാതെ സഹോദരനുമായി നിരപ്പാകുവാൻ കഴിയുന്നതല്ല. ക്രിസ്തുവിന്റെ രക്തത്തെ നിന്ദിക്കുകയും ക്രൂശിനെ അവഗണിക്കുകയും ചെയ്യുന്ന യാതൊരു സ്ഥാനത്തും സമാധാനം ഉണ്ടായിരിക്കുകയില്ല. (3) പരമമായ ലക്ഷ്യം (ഫൻ—ഫന). വി

ശാസികൾ ക്രിസ്തുവിൽ ഒരു വിശുദ്ധമന്ദിരമായും ദൈവത്തിനു വസിപ്പാനുള്ള ഭവനമായും തീരണമെന്നതാണു ദൈവഉദ്ദേശം.

കൊലൊ. (ചൊ.) എഫെ. നാ. ക—കനാ. ഈ അദ്ധ്യായം 1 സി. പ്രതിപാദ്യവിഷയം സഭയുടെ ജോലിയും, പൂർണ്ണതയും എന്നതാണു. (1) നാ. ക—കനാ സഭയുടെ ജോലി. യേശുക്രിസ്തുവിലുള്ള പുരുജീവന്റെ മഹിമകളെപ്പറ്റിയുള്ള ഓർമ്മ, അപ്പൊസ്തലനെ പ്രാർത്ഥനയിലേക്കു ആനയിക്കുന്നു. എങ്കിലും തന്റെ ചിന്തകൾ, പൊട്ടന്നവെ സുവിശേഷസംബന്ധമായ തന്റെ വിളിയിലേക്കും, അതിന്റെ മഹത്വകരമായ അനുഭവങ്ങളിലേക്കും തിരിയുന്നു. (2) ക—നു മർമ്മത്തിന്റെ വെളിപ്പാടു. അബ്രഹാമിന്റെ മക്കളോടുകൂടെ ജാതികൾക്കും യേശുക്രിസ്തുമുഖാന്തിരം അവകാശം ആകണം എന്നതു പൂർവ്വകാലത്തു വെളിപ്പെട്ടിരുന്നില്ല. നാം ദൈവത്തെ എത്രമാത്രം അടുത്തും അനുഭവിച്ചും അറിയുന്നുവൊ അത്രയ്ക്കു നല്ലവൻ എന്നു നമുക്കു ദൈവത്തെപ്പറ്റി മനസ്സിലാക്കുവാൻ കഴിയും. (3) മർമ്മം പ്രസംഗിക്കുന്നതിനു വിശു. പൌലൊസിനു ലഭിച്ച ദൈവീക അധികാരം (൨—൯) ഈ മർമ്മത്തിന്റെ വെളിപ്പാടും ആ മഹത്തായ ശുശ്രൂഷയും തനിക്കു ലഭിച്ചതിൽ താൻ വിനയപ്പെടുകയാണു ചെയ്യുന്നതു. നമ്മുടെ ശുശ്രൂഷയിൽ ദൈവശക്തിയുടെ വ്യാപാരവും ദൈവകൃപകളും എത്ര ആവശ്യം.

കൊലൊ. (ബ്രു.) എഫെ. നാ. കദ—ഫ. 1 സിയിൽ (2) സഭയുടെ പൂർണ്ണത. ഈ ലേഖനത്തിലെ രണ്ടാമത്തെ പ്രാർത്ഥന. ഇതു ക്രിസ്തുവിന്റെ അപ്രമേയ സ്നേഹത്തെ അനുഭവപ്പെടുത്തുന്നതിനായുള്ള അപേക്ഷയാണു എ. പ്രാർത്ഥനയ്ക്കായുള്ള സമീപനം (കദ, കഭ) രണ്ടാം അദ്ധ്യായത്തിലെ ആശയത്തിന്റെ തുടർച്ചയാണു കദ–൨ാം വാക്യം. അപ്പൊസ്തലൻ പ്രാർത്ഥനയ്ക്കായി മുട്ടുകുത്തുന്ന രീതി, ഈ രീതിയെ അവഗണിക്കുന്നവർക്കു ദൃഷ്ടാന്തമാകണം. ദൈവം സകല കുടുംബങ്ങളുടെയും പിതാവു എന്നതു ക്രൂശിൽനിന്നു ലഭിക്കുന്ന വിശാലമായ ക്രിസ്തീയ മനോഭാവമാണു. ബി. ഈ പ്രാർത്ഥനയുടെ രത്നച്ചുരുക്കം ദൈവത്തിന്റെ എല്ലാ നിറവിനോടുവും നിറഞ്ഞുവരണമെന്നതാണു (കൻ) ഈ നിറവു പ്രാപിക്കുന്നതിനുള്ള 2 വ്യവസ്ഥകൾ (1) ആത്മാവിന്റെ ശക്തിയാൽ ബലപ്പെടണം. (2) ക്രിസ്തു നിരന്തരം അവരുടെ ചിന്തയിലും നടപടികളിലും ആകണം (കന, കഭ). ബി. ഈ നിറവിന്റെ ഫലം (1) യേശുക്രിസ്തുവിന്റെ സ്നേഹത്തെ അതിന്റെ വീതി ലോകം മുഴുവനിലും വ്യാപിക്കുന്നതു. നീളം ഒരിക്കലും ഉതിന്നു പോകാത്തതും യാതൊന്നിനെ സംബന്ധിച്ചും നിരാശപ്പെടാത്തതുമായ നിത്യസ്നേഹം യിരെ നാ.ക. നു ഉയരം—സ്വർഗ്ഗോന്നതങ്ങളോടും പാപിയെ വിജയകരമായി നടത്തുന്നതു, ആഴം—മനുഷ്യനെ തേടി മരണാന്ധകാരം നിറഞ്ഞ പാതാളം വരെയും താണിറങ്ങിയതു, എന്നിവയോടുകൂടെ ഗ്രഹിക്കുക.

കൊലൊ. (വ്യാ.) എഫെ. രു. ക—കനു. ലേഖനത്തിന്റെ ൨-ാം ഭാഗം ഇവിടെ ആരംഭിക്കുന്നു. 2. ക്രിസ്ത്യാനിയുടെ പ്രായോഗിക നടപടികൾ (രു. ക—നു, ൦൦). 2 എ. ക്രിസ്ത്യാനിയുടെ വിളി (രു. ക—കനു). (1) ഉന്നതമായ വിളിയുടെ ബാദ്ധ്യതകൾ രു. ക—നു. (1) വിളിക്കു യോഗ്യമായി നടക്കണം ഫ. ക—൨. ൪. ഒന്നാമതു വിനയം, സ്വർഗ്ഗം മുതൽ ക്രൂശിലെ മരണത്തോടും തന്നത്താൻ താഴ്ത്തിയ രക്ഷിതാവിന്റെ കാൽപാടുകളിലാണു നാം ചവുട്ടുന്നതു. ആ കാൽപാടുകളിൽ നമ്മുടെ പാദങ്ങൾ വെക്കണമെങ്കിൽ നാം അത്രത്തോടും താഴണം. (b) ഐകൃത പാലിക്കണം രു. നു—നു. ഐകൃതയുടെ ഏഴു സ്വീകാര്യങ്ങൾ നോക്കുക. ഈ ഐകൃത രൂപത്തിലും ക്രമീകരണങ്ങളിലുമല്ല. ജീവിതാനുഭവങ്ങളിലാണു. വണ്ടിച്ചക്രത്തിന്റെ കാലുകൾ അതിന്റെ നാഭിയോടു സമീപിക്കുന്തോറും അവ പരസ്പരവും അടുത്തുവരുന്നതുപോലെ നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമായ ക്രിസ്തുവിനോടു നാം സമീപിക്കുന്തോറും മാത്രമേ നാം തമ്മിൽ തമ്മിലും അടുക്കുകയുള്ളൂ. (2) ക്രിസ്ത്യാനിയുടെ വിളിയിലെ വിവിധ ശുശ്രൂഷകൾ (൭—കഫ) ഈ ഐകൃതയിൽ ശുശ്രൂഷകൾ വിവിധങ്ങളാണു. കർത്താവിന്റെ വേലയിലെ വിവിധ ശുശ്രൂഷകൾക്കായി വിളിക്കപ്പെടുന്നവർക്കെല്ലാം അവരവർക്കു ആവശ്യമായ കൃപകൾ അവൻ നല്കും (൭).

ക്വനു-. (വെ.) എഫെ. ര. ക്വ—നു. 2 ബി. അ. ര. ക്വ—ന്യ. ൻ. ക്രിസ്ത്യാനിയുടെ നടപടികളുടെ പൊതുവിഷയം. (1) ഒരു ക്രിസ്തീയ വ്യക്തിയുടെ നടപടികൾ ര. ക്വ—നു. എ. ജീവിതപ്രമാണങ്ങൾ പഴയമനുഷ്യനും പുതിയമനുഷ്യനും തമ്മിൽ ഒരു താരതമ്യം (ക്വ—ഫ). സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ വിശ്വാസിയുടെ ജീവിതം പാപത്തിൽനിന്നുള്ള ഒരു പൂർണ്ണവിരാമമായിരിക്കണം. ജാതികളും വിശ്വാസികളും തമ്മിൽ ഇരട്ടത്തം വെളിച്ചവും തമ്മിലുള്ള വ്യത്യാസം ഉണ്ടായിരിക്കേണം ൨ കൊരി. ന്യ. ക്വ—ക്വ. വഴിയും സത്യവും ജീവനും വെളിച്ചവുമായ യേശുക്രിസ്തുവാണ് ക്രിസ്തീയനടപടിനു മാതൃക (൨൦) ബി. പുതുമനുഷ്യനു വിഹിതവും, വിഹിതമല്ലാത്തതുമായ നടപടികൾ (൨൭—നഫ) ഭോഷ്ക് പരസ്പരവിശ്വാസത്തിനു തടസ്സമാണു. കോപിക്കുന്നതു പാപമാണെങ്കിൽ പാപത്തെ കണ്ടിട്ടു കോപിക്കാതെയിരിക്കുന്നതും പാപമാണു. "എല്ലാകൈയ്പും—ഒഴിഞ്ഞുപോകട്ടെ."

ക്വൻനു-. (ശ.) എഫെ. ൫. ക—ക്വ. 2 ബി. യിൽ (2) സമൂഹത്തിൽ ഒരു ക്രിസ്ത്യാനിയുടെ നടപടികൾ. a. സ്നേഹത്തിൽ നടക്കുക (ക—ഫ). സ്നേഹമായ ദൈവത്തിന്റെ മക്കൾ സ്നേഹിക്കുക എന്നതു ഒരു കുടുംബവ്യാസനയാണു. സ്നേഹത്തിന്റെ മാതൃക, ദൈവമുമ്പാകെ തന്നെത്തന്നെ പ്രസാദകരമായ യാഗമായി അർപ്പിച്ച കർത്താവാണു. അവനെ അനുഗമിക്കുന്നവരും, അവൻ സ്നേഹിച്ചതുപോലെ സ്നേഹിയ്ക്കുണം. ദൈവത്തിൽ നിന്നു ജനിച്ചവർ മാത്രമാണു ഇങ്ങനെ സ്നേഹിക്കുന്നതു. b നു—൭ വിശുദ്ധമായ നടപ്പു. വിശുദ്ധന്മാക്കു ഉചിതമല്ലാത്ത യാതൊരു നടപടിയും ഉണ്ടായിരുന്നുകൂടാ. കണ്ണു കണ്ണിൻ കൂട്ടത്തിൽ എന്നതുപോലെ ഈ വക പ്രവർത്തിക്കുന്നവർക്കു ഉള്ള പങ്കു തീപൊയ്കയിലാണു (വെളി ൨൧. ൮). ക്രിസ്തുവിന്റെ രാജ്യത്തിലല്ല. (3) ദൈവമക്കളിൽ ഇവ കാണപ്പെടരുതു. നേരെമറിച്ചു ദിവ്യവിചാരണകളെക്കുറിച്ചുള്ള നിരന്തരമായ ബോധവും അതിൽ നിന്നുദ്ഭവിക്കേണ്ടതായ സ്തുതിയും സ്തോത്രവും കാണപ്പെടുകയും വേണം. (4) c വെളിച്ചത്തിൽ നടക്കുക (൮—൧൪). മുമ്പെ നിങ്ങൾ ഇരുട്ടിൽ ആയിരുന്നു എന്നും ഇപ്പോൾ വെളിച്ചത്തിൽ ആകുന്നു എന്നുമല്ല.

ഫനു-. (ഞാ.) എഫെ. ൫. ക൭—നു൩. 2 ബിയിൽ (2) ഒരു ക്രിസ്ത്യാനിയുടെ സാമൂഹ്യനടപടികളുടെ തുടർച്ച (൫. ക൭—൬൨) (d) ജ്ഞാനികളായി നടക്കുക. ഇതിനെ സംബന്ധിച്ചു 3 സംഗതികൾ പറയുന്നു (1) കർത്താവിന്റെ ഇഷ്ടം എന്താണെന്നു അറിയുന്നതിനുള്ള പ്രകാശം. (2) ലഭിക്കുന്ന അവസരങ്ങൾ ധാർമ്മിക—അധഃപതനമായ ജഡികസുഖങ്ങൾക്കും അഭിലാഷനിവൃത്തിക്കായുമല്ല (൮). ആത്മിക നിറവും, അനുഭവങ്ങളും പരസ്പരകൂട്ടായ്മയും വർദ്ധിപ്പിപ്പാനുള്ള അവസരങ്ങളാക്കുക (ക്വ—൨൦). (3) പരസ്പരം കീഴ്പ്പെട്ടിരിക്കുക (൨൧). 2 ബിയിൽ (3) ക്രിസ്ത്യാനിയുടെ നടപടികൾ വേനകാര്യങ്ങളിൽ ൫. ൨൨—ന്യ. ൻ (a) ഭാര്യാഭർതൃബന്ധം (൨൨—നു൩) ആശ്രിതരായ ഭാര്യമാരെപ്പറ്റി ആദ്യം പറയുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനപ്രമാണം ഭാര്യയുടെ വശത്തു സ്നേഹപരമായ വഴക്കവും ഭർത്താവിന്റെ ഭാഗത്തു നിസ്വാർത്ഥമായ സ്നേഹവുമാണു. ഈ ബന്ധത്തെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. അതിൽ അടങ്ങിയിരിക്കുന്ന തത്വം രണ്ടുപേരും ഒരുശരീരമാണെന്നും അവർതമ്മിൽ തലയുംശരീരവും തമ്മിലുള്ള ബന്ധമാണുള്ളതെന്നുമാണ്.

൨൫നു-. (തി.) എഫെ. ന്യ. ക—ൻ. 2 ബിയിൽ (4) ക്രിസ്ത്യാനിയുടെ നടപടികൾ മക്കളും അമ്മയപ്പന്മാരും തമ്മിൽ (ന്യ. ക—ര). ഇതിലും ആശ്രിതരായ മക്കളുടെ മുറകളാണു ആദ്യമായി പറയുന്നതു. ഈ ബന്ധത്തിലെ അടിസ്ഥാനപ്രമാണം മക്കളുടെ ഭാഗത്തു ബഹുമാനവും അനുസരണവും, മാതാപിതാക്കളുടെ ഭാഗത്തു ശിക്ഷണവും (ശാസന) ആണു. മാതാപിതാക്കൾക്കു കുട്ടികളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സ്ഥാനമാണുള്ളതു. കുട്ടികൾ കുട്ടികാലത്തു മാതാപിതാക്കളെ എങ്ങനെ കരുതുന്നുവോ അതുപോലെ മാതൃമെ പ്രായമാകുമ്പോൾ അവർ ദൈവത്തെപ്പറ്റി കരുതുകയുള്ളൂ. കുട്ടികളുടെ അനുസ

രണം മറ്റുള്ളവരുടെ മുമ്പാകെ നല്ല പേരു സമ്പാദിപ്പാനായിരിക്കരുതു. ദൈവം കാണുന്നു എന്ന ബോധത്തോടെയായിരിക്കണം (൭)। മാതാപിതാക്കളെ അനുസരിക്കുന്നതാണു ആയുസ്സും ഐശ്വര്യവും ലഭിക്കുന്നതിനുള്ള വഴി. (5) ദാസനും യജമാനനും തമ്മിലുള്ള ബന്ധം നൂ. ൫—ൻ ഇവിടെയും ആശ്രിതനായ ദാസനാണു അല്പം പ്രതിപാദിക്കപ്പെടുന്നതു. ഇവിടെ അടിസ്ഥാനപ്രമാണം ദാസന്റെ ഭാഗത്തു അനുസരണവും യജമാനന്റെ ഭാഗത്തു നീതിയുമാണു.

൨൩൯൰. (ഛൊ.) ഏഫെ. നൃ. ക്രം—൨൪ ; II c. ക്രിസ്ത്യാനിയുടെ പോരാട്ടം. നൃ. ക്രം—൨൦. (1) ക്രിസ്തീയ പടയാളി (ക്രം, ക്ര വാ). (2) ക്രിസ്തീയ പോരാട്ടം (ക്ര വാ). പ്രതിയോഗിയായ പിശാചു പരാജിതനും (എബ്രാ. ൨൰ ൧൪ ; ൧യോഹ. ൨൰ ൧൩, ൧൪) വിശ്വാസിയെ തൊടാൻ കഴിവില്ലാത്തവനും (൧യോഹ. ൫൰ ൧൮) ആകയാൽ നാം അവനെ ഭയപ്പെടേണ്ടതില്ല. നാം പിശാചിനെ എതിർത്തുനില്ക്കേണ്ടതേയുള്ളു. നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ പിടിച്ചുനിന്നാൽ മതി (ക്രം, ക്രദ വാ). ക്രിസ്തീയപോരാട്ടത്തിനു ഒരുക്കം ആവശ്യം. നമ്മുടെ സർവ്വപ്രധാന ആവശ്യം കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുകയാണു. സ്വന്തബലത്തിൽ ഊന്നരുതു. (3) ക്രിസ്തീയ പടയാളിയുടെ ആയുധങ്ങൾ (ക്രദ—൨൰ വാ). ഇവ സ്വയസംരക്ഷണത്തിനും എതിർപ്പാനും ഉള്ളവയാണു.

൨൩൯൱. (ബു.) സംഖ്യാ. നൃ. ക—ക്രദ. ജനസംഖ്യ എടുപ്പിനെക്കുറിക്കുന്ന പേരു ഈ പുസ്തകത്തിലെ ക—൫-ം ൧൫ അദ്ധ്യായങ്ങൾക്കു മാത്രമെ ചേർച്ചയായി ഇരിക്കുന്നുള്ളു. എബ്രായഭാഷയിൽ ഈ പുസ്തകം ആരംഭിക്കുന്നതായ "മരുഭൂമിയിൽ" എന്ന പദമാണു ഈ പുസ്തകത്തിന്റെ പേരു. മരുഭൂപ്രയാണമാണു ഈ പുസ്തകത്തിലെ പ്രധാന വിഷയം എന്നതുകൊണ്ടു ആ പേരാണു കുറെക്കൂടെ ചേർച്ചയായിരിക്കുന്നതു. പാപം, ലോകം, മരണം ഇവയിൽനിന്നു പൂർണ്ണമായി വേർപെടുത്തപ്പെട്ട ഒരു ജീവിതമാണു ഇതിലെ പ്രധാന വിഷയം. സൌകര്യാർത്ഥം പുസ്തകത്തെ നാലു പ്രധാന ഭാഗങ്ങളായി തിരിക്കാം. (1) യാത്രയ്ക്കായുള്ള ഒരുക്കം (൧—ക്രം. ക്രം). (2) യാത്രയിൽ അനിഷ്ടം (ക്രം. ക്രദ—ക്രഭ). (3) യാത്രയിലെ വിരാമം (ക്രഭ—൨൰ ൨൧). (4) യാത്രയുടെ തുടർച്ച (൨൨ - ൩൩ വാ). യാത്രയ്ക്കായുള്ള ഒരുക്കത്തിൽ, വിശുദ്ധ നാട്ടസഞ്ചാരിയെ (a) യോദ്ധാവായും (൧—൫ വാ) (b) ജോലിക്കാരനായും (൩—൯ വാ) (c) ആരാധകനായും (൭.—ൻ. ക്രഭ) വിവരിക്കുന്നു.

൨൩൯൲. (വ്യാ.) സംഖ്യാ. നൃ ൨൫—൭. ക്രദ. പ്രതികാലം തികയുമ്പോഴത്തെ യാഗങ്ങളും കർമ്മങ്ങളുമാണു (നൃ. ക്രദ—൨൬). അഹരോന) ആശീർവ്വാദം (നൃ. ൨൫—൨൭). ഇതിൽ മൂന്നു വ്യത്യസ്തങ്ങളായ ആശീർവ്വാദങ്ങൾ അടങ്ങിയിരിക്കുന്നു. കാവൽ, കൃപ (ക്ഷമിക്കുന്ന) സമാധാനം. ഇവ ദൈവത്തിലെ ത്രിത്വത്തിൽനിന്നുള്ള അനുഗ്രഹങ്ങളായി മനസ്സിലാക്കാം. ഇവ വിശ്വാസികൾക്കു പൊതുവായും വ്യക്തിപരമായും നല്കപ്പെടുന്നു. നീ എന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നതു സൂക്ഷിക്കുക. ൭. ക—ൻ. ഗോത്രപ്രമുഖന്മാരുടെ വഴിപാടു്. ദൈവത്തിങ്കൽനിന്നു അനുഗ്രഹങ്ങൾ പ്രാപിച്ച ജന (നൃ. ൨൫—൨൭)ത്തിന്റെ ഹൃദയം അലിയുന്നു, കൈകൾ തുറക്കുന്നു, കൗമാര്യദാനങ്ങൾ വന്നുകൂടുന്നു. അനുഗ്രഹം പ്രാപിച്ചവരുടെ മറ്റൊരു ലക്ഷണമാണു ദൈവാരാധനയ്ക്കും സംസർഗ്ഗത്തിനുമായി—തിരുനിവാസത്തിങ്കൽ (1) ഒരുമിച്ചു കൂടും എന്നതു്.

൨൩൯൳. (വെ.) സംഖ്യാ. ൯. ക്രദ—൨൫. ഒന്നാം ഭാഗത്തിന്റെ അവസാനത്തിൽ പെസഹായേയും (൯. ക—ക്രഭ) മേഘത്തേയും (൯. ക്രദ—൨൫) കാഹളത്തേയും (ക്രം. ക—ക്രം) സംബന്ധിച്ച കണക്കുകളും നിയമങ്ങളും കാണാം. ഇവ സീനായിയിൽനിന്നു യാത്രപുറപ്പെടുന്നതിനു മുമ്പായി നല്കപ്പെട്ടതാണു. സീനായിൽ ചിലകാലം താമസിച്ചു തിരുനിവാസം ഉയർത്തിയതിനു ശേഷം, ജനം യാത്രപുറപ്പെടുകയും, പാളയമിറങ്ങുകയും ചെയ്യുന്നതിനുള്ള കല്പന മേഘംമൂലം നല്കപ്പെട്ടു. മേഘം താഴുന്നതും ഉയരുന്നതും ദൈവത്തിന്റെ കല്പനയുടെ ലക്ഷ്യങ്ങളായിരുന്നു.

പകലത്തെ മേഘവും രാത്രിയിലെ അഗ്നിരൂപവും മൈവജനത്തെ നടത്തുന്ന പരിശുദ്ധാത്മാവിന്റെ സാദൃശ്യമാണ് (റോമ. വ. ൪൪). ഈ നടത്തിപ്പിലെ വ്യവസ്ഥകൾ (1) ജനം മേഘത്താൽ നടത്തപ്പെടുന്നതിനു അതിനു കീഴ്പ്പെടണം. മേഘത്തിന്റെ നിർദ്ദേശപ്രകാരം യാത്ര തുടരുകയൊ, താമസിക്കുകയൊ വേണം. മൈവകല്പനകൾ അനുസരിക്കുന്നതിൽ എത്ര അധികം ശ്രദ്ധിക്കണമെന്നു നോക്കുക (പ്രവ—൧൩ വാ).

✓ ൧൩൯൩-൩. (ശം.) സംഖ്യാ. ക്രം. ൧൩—൧൩൯. II a യാത്രയിൽ മൈവത്തിന്റെ നടത്തിപ്പ്. ക്രം. ക്രം—൧൩൯. ജനം ഗണംഗണമായ യാത്രയിൽ (൧൨ വാ). ഇവിടെ മോശെതന്റെ അളിയനായ ഹോബാബിനെ രെയൂവേൽ (റെഗ്രുവേൽ) അമ്മായപ്പനും ഹോബാബും യിത്രോയും അളിയനാരും ആയിരിക്കണം. പൂറ. ൨. പ്രവ; ൩. ക; സംഖ്യാ. ക്രം. ൧൩; ന്യായാ. ൪. ക്ക. മൂലപദം അമ്മായപ്പനേയും, അളിയനേയും കുറിക്കുന്നതായി വിചാരിക്കപ്പെടുന്നു. വഴികാട്ടിയായി ക്ഷണിക്കുന്നതു മോശെയുടെ മൈവാശ്രയക്കാരവിന്റെയും, നേരെമറിച്ചു ലോകപരിചയവും അനുഭവജ്ഞാനവുമുള്ളവരുടെ താല്പര്യകളെ ഉപയോഗിക്കുന്നതിനുള്ള മോശെയുടെ സന്നദ്ധതയുടെയും തെളിവായി സ്വീകരിക്കുന്നവരുണ്ട്. വിശുദ്ധനാട്ടിലേക്കുള്ള യാത്രയിൽ നമ്മുടെ സ്നേഹിതന്മാരേയും കൂട്ടിക്കൊണ്ടു പോകേണ്ടതാണ്.

൧൩൯-൩. (ഞാ.) സംഖ്യാ. ക്ക. ക്കൂ—൧൩൯. II b മൈവിക ക്രമീകരണത്തിൽ അസംതൃപ്തി (ക്ക, ക൩ വാ). ൫. മൈവികവാഗ്ദത്തങ്ങളിൽ ആപൽക്കരമായ അവിശ്വാസം (ക്കൂ, ക൯ വാ). b. (1) ക്ക. ക—൧൩. വഴിയിൽ അതൃപ്തി. (2) ക്ക. ൯—൧൩൫. ഭക്ഷണക്രമീകരണത്തിൽ അസംതൃപ്തി. ഈ അദ്ധ്യായം ശരിയായി മനസ്സിലാക്കുന്നതിനു തുടർന്നു താഴെ കാണുന്നപ്രകാരം വായിക്കണം. (1) വാ. ൯—ക്രം, ക്കൂ, പ്രവ—൨൯, ൧൩—൧൩൫. (2) വാ. ക്ക, ക൩, ക൯, ക൫—ക്കൂ, ൨൯—൧൩൦. ഇന്നത്തെ ഭാഗത്തു (1) ആത്മിക ശക്തിയുടെ വിതരണം (ക്കൂ, ക്കൂ വാ). (2) സ്വാർത്ഥപരമായ തെരഞ്ഞെടുപ്പും ഭവിഷ്യവും (പ്രവ—൨൦ വാ). (3) മോശെയുടെ അവിശ്വാസം (൨ക, ൨൩ വാ) എന്നിവ കാണുന്നു. ഇവിടെ വിതരണം ചെയ്യുന്നതു ആത്മാവിനെ അല്ല (ക്കൂ വാ) ആത്മിക വരങ്ങളാണ്. നാം തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കണം. ജനം, മൈവം തങ്ങൾക്കു നല്കിയതിൽ തൃപ്തരാകാതെ ഇറച്ചി ആഗ്രഹിച്ചു. (4) അതു ലഭിച്ചു. അതോടുകൂടെ ന്യായവിധിയും ഉണ്ടായി (൧൩ വാ).

൧൨൭൩-൩. (തി.) സംഖ്യാ. ക്ക. ൨൪—൧൩൫. (1) എഴുപതു മൂപ്പന്മാരും ആത്മാവിന്റെ വ്യാപാരവും (൨൪, ൨൫ വാ). (2) എൽദാദും മേദാദും (൨൬—൧൩൦ വാ). ഉരാഗ്രഹികളുടെ ശവമാടം (൧൩൪—൧൩൫ വാ). മൈവശുശ്രൂഷകന്മാർ, അവരുടെ ചുമതല എത്രതന്നെയായിരുന്നാലും ആത്മനിറവുള്ളവരാകണം. അതു മൈവത്തിങ്കൽനിന്നു അധികാരം പ്രാപിക്കുന്നതിന്റെ ലക്ഷ്യവുമാണ്. പ്രവചിച്ചു. ക്രശു. ക൯. ൦൦, ൦൬ നോക്കുക. ഒരു നടപടി ശരിയൊ തെറ്റൊ എന്നു തീരുമാനിക്കുന്നതിനുള്ള തെളിവു അതിനെ മൈവം അംഗീകരിക്കുന്നുവൊ ഇല്ലയൊ എന്നതാണ്. എൽദാദും മൂട്ടുകാരനും കൂടാരത്തിന്റെ അടുക്കൽ ചെന്നിരുന്നില്ലല്ലൊ. ക്രിസ്തോത്തു-ഹത്താവാ ഉരാഗ്രഹികളുടെ അവസാനത്തിനു ഒരു സാക്ഷിയാണ്. മൈവാനുഗ്രഹത്തിന്റെ ഫലമായ ഭൗമിക സുഭിക്ഷതയും സന്തോഷവും നാം അനുഭവിക്കുമ്പോൾ അതിൽ നിയന്ത്രണവും പാകതയും ഇല്ലാതെവന്നാൽ ആ അനുഗ്രഹം തന്നെ ഒരു ശാപമായിത്തീരും.

൧൩൯-൩. (പ്രൊ.) സംഖ്യാ. ക്ക. ക—ക്കൂ; II ബിയിൽ സി. നായകനോടുള്ള അസംതൃപ്തി. ഒരു കുടുംബകലഹം. മൂന്നു സഹോദരങ്ങളിൽ ഇളയവനും, മൂവരിലും ഏറ്റവും വലിയവനും അതേസമയം എല്ലാവരെക്കാളും സൗമ്യനുമാണ് മോശെ. കലഹകാരണം (1) മോശെയുടെ കുടുംബജീവിതത്തോടുള്ള എതിർപ്പ്. മോശെ ഒരു കൂശ്യസ്ത്രീയേയും വിവാഹം ചെയ്തിരുന്നു. അവൾ ഒരു വിദേശി ആയിരുന്നതിനാലും, ജനത്തിന്റെ ഇടയിൽ മിരിയാമിനെപ്പോലെ പ്രമുഖസ്ഥാനം കൂശ്യസ്ത്രീക്കു കിട്ടിപ്പോയേക്കുമെന്നുള്ളതിനാലും ആയിരിക്കാം മിര്യാമും അവളോടുകൂടെ ചേർന്നു അഹരോനും മോശെക്കു വിരോധമായി സംസാരിച്ചതു. ൧൨൫൩. ൩. ക്ക; ൧൩൫൦. ൪. ക്രം എന്നീ വാക്യങ്ങൾ മിര്യാമിനെ സംബന്ധിച്ചു

ശരിയല്ലെ? (2) മോശെയുടെ അധികാരത്തോടുള്ള എതിർപ്പ് (൫ വാ). മിദ്യാമിന്റെ ചോദ്യത്തിൽ (൫ വാ) കൂടെ പരമാർത്ഥമുണ്ടെന്നു സമ്മതിക്കണം. മിദ്യാമിന്റെ പാപം യിസ്രായേൽ മുഴുവന്റെയും പുരോഗതിയെ ഏതാനും ദിവസങ്ങളിലേക്കു തടഞ്ഞു എന്നതും ശ്രദ്ധാർഹമാണു.

നംനം. (ബു.) സംഖ്യാ. ൧൩. ൧൩—൧൩ ; II സി, വാശ്രയങ്ങളിലുള്ള ആപൽക്കരമായ അവിശ്വാസം കാദേശിൽ (൧൩, ൧൪ വാ). ഈ അദ്ധ്യായങ്ങളിലെ സംഭവം, യിസ്രായേൽ, മിസ്രയീമിൽ തുടങ്ങി ബാബിലോണിൽ അവസാനിച്ച 900 വർഷങ്ങൾക്കിടയിലെ അവരുടെ ചരിത്രം ഉണ്ടായ മൂന്നു വലിയ മത്സരങ്ങളിൽ ഒന്നാമത്തേതാണ്. മറ്റു രണ്ടു മത്സരങ്ങൾ ൧൬:൧, ൨൧ ; ൨രാജാ. ൧൮-ൽ കാണുന്നവയാണ്. ഈ കാദേശ് (൨൦ വാ) എന്ന സ്ഥലവും പ്രധാനമാണ്. കനാനിലേക്കുള്ള യാത്രയുടെ ഒന്നാം ഘട്ടം അവസാനിച്ചതും മരുഭൂമിയിലെ ഉഴലിച്ച ആരംഭിച്ചതും (൧൩, ൧൪ വാ) യാത്രയുടെ അവസാനഘട്ടം ആരംഭിച്ചതും (൨൦. ൨൧) ഇവിടെയാണ്. ദേശം ഒറ്റുനോക്കണമെന്ന ആലോചന ജനങ്ങളിൽ നിന്നുണ്ടായി (ആവ. ൧ ൨൨). മോശെ അതു ശരിവെച്ചു (ആവ. ൧. ൨൩). അവരുടെ ഉഷ്ണത വെളിവാക്കുവാൻ ദൈവം അതിനെ അംഗീകരിച്ചു.

൧൪൩൦. (വ്യാ.) സംഖ്യാ. ൧൪. ൧—൩൦. മത്സരം. ഈ മത്സരം, ജനത്തിന്റെ മറ്റെല്ലാ മത്സരങ്ങളേയും പിറുപിറുപ്പുകളേയുംകാൾ സുനിശ്ചിതമായും ആലോചനാപൂർവ്വവും ചെയ്തതാണ് (൫ വാ). അവർ 16 മാസംകൊണ്ടു കാദേശിൽ എത്തി. ഏതാനും ആഴ്ചകൾക്കുള്ളിൽ അവർക്കു കനാനിൽ പ്രവേശിക്കാമായിരുന്നു. എങ്കിലും ഈ മത്സരംമൂലം അവൻ പിന്നിരിഞ്ഞു 38 വർഷം മരുഭൂമിയിൽ അലഞ്ഞുനടന്നു. പാപം സമയംകൊല്ലിയാണ്. ഈ മത്സരത്തിൽ 20 ലക്ഷം ജനത്തിനെതിരായി നാലു പേർ നില്ക്കുകയാണ്. പക്ഷേ അവർ ദൈവഭാഗത്താണ്. ദൈവം എപ്പോഴും ന്യൂനപക്ഷത്തെക്കൊണ്ടാണ് വിജയം നേടുന്നതു. ശരിയും തെറ്റും നിശ്ചയിക്കേണ്ടതു ഭൂരിപക്ഷത്തിന്റെ എണ്ണം നോക്കിയല്ല, ആശയത്തിന്റെ ശ്രേഷ്ഠം നോക്കിയിട്ടാണ്. കാദേശ് മത്സരത്തിൽ വിശ്വാസികളും ധൈര്യശാലികളുമായ നാലു പേർ 20 ലക്ഷം അവിശ്വാസികളെയും ഭീരുക്കളേയുംകാൾ ശ്രേഷ്ഠമേറിയവരായിരുന്നു.

ജൂൺ ൧൪. (വെ.) സംഖ്യാ. ൧൪. ൧൧—൨൫. പ്രാർത്ഥനയും മോചനവും. മത്സരികളുടെ ശബ്ദം അടങ്ങിയപ്പോൾ ദൈവത്തിന്റെ അരുളപ്പാടുണ്ടായി. (൧൧, ൧൨ വാ). ജനം രണ്ടു ദോഷം ചെയ്തു. ദൈവത്തെ നിരസിച്ചു. അവിശ്വസിച്ചു. അതിനുള്ള ശിക്ഷ ജനം സംഹരിക്കപ്പെടട്ടെ മോശെയെ ഒരു വലിയ ജാതിയാക്കും (൧൨—൧൯ വാ). മോശെയുടെ പ്രാർത്ഥന. ദൈവശക്തി (൧൩ വാ). ബഹുമാനം (കീർത്തി ൧൪ വാ). വാശ്രയങ്ങൾ (൧൬ വാ). മഹാദയ (൧൯ വാ) ഉണർത്തിക്കൊണ്ടും ജനത്തിന്റെ അകൃത്യം ഏറ്റുകൊണ്ടും (൧൯ വാ). ദൈവശക്തിയുടെ പ്രകാശനത്തിനായും (൧൬ വാ). മോചനത്തിനായും (൧൯ വാ) പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയുടെ ഫലം (൨൦—൨൫ വാ). അകൃത്യത്തിനു മോചനം ലഭിച്ചു.

൨൩൦. (ശ.) സംഖ്യാ. ൧൪. ൨൩—൪൫. ശിക്ഷാവിധി വിവിധ രൂപങ്ങളിൽ (1) മരുഭൂമിയിൽ കുടുങ്ങി മരണം (൨൩—൩൫ വാ). (2) മഹാമാരിയാൽ മരണം (൩൭—൩൮ വാ). (3) വാളാൽ മരണം (൪൦—൪൫ വാ). ദൈവം ജനത്തോടു ക്ഷമിച്ചശേഷം (൨൦ വാ). ശിക്ഷ ന്യായമോ എന്നു ചോദിക്കാം. "ഈ ജനത്തെ ഒക്കെയും ഒറ്റ മനുഷ്യനെപ്പോലെ കൊന്നുകളയരുതെ" (൧൩ വാ) എന്നാണു മോശെ പ്രാർത്ഥിച്ചതു. അതുപോലെ ദൈവം ക്ഷമിച്ചു. പാപക്ഷമയുടെ അടിസ്ഥാനം അവ ഏറ്റു പറയുകയാണു. ജനത്തിനു അനുതാപമുണ്ടായില്ല. "നിങ്ങളുടെ ശവം ഈ മരുഭൂമിയിൽ വീഴും" (൩൨ വാ) വാശ്രയനാട്ട അവരുടെ അവകാശമായി കൊടുത്തതാണു. പക്ഷേ വാശ്രയം വിശ്വസിച്ചു അനുസരിക്കുന്നവർക്കു മാത്രമാണു. അതിനാൽ വാശ്രയം അവർക്കു നഷ്ടമായി.

൪൫൦. (ഞാ.) സംഖ്യാ. ൧൫. ൧—൨൬. മൂന്നു യാത്രയിലെ വിരാമം—പിന്മാറ്റം ൧൪—൧൯ ; ൧൫. ൧—൧൪ മത്സരം ൧൫—൧൯ വെല്ലുവിളി. ൧൫. ൧൫-ൽ യിസ്രായേൽ കാ

ദേശിലാണു. ഫ. ക—ലും അവിടെത്തന്നെ. ഇവയ്ക്കിടയിൽ 38 വർഷങ്ങൾ കഴിഞ്ഞു. ഈ അഞ്ചു അദ്ധ്യായങ്ങളിൽ അധികവും നിയമങ്ങളും ചട്ടങ്ങളുമാണു കാണുന്നതു. ഹന്ന-ൽ കാണുന്ന മത്സരം മാത്രമാണു ഇക്കാലത്തെ സംഭവമായി രേഖപ്പെടുത്തിയിരിക്കുന്നതു. ചുരുക്കി പറഞ്ഞാൽ ഈ മീശ്മകാലം അവരുടെ ചരിത്രത്തിൽ പുരോഗതിയില്ലായിരുന്നു എന്നു അർത്ഥം. അതിന്റെ കാരണം അക്കാലത്തു യിസ്രയേൽ ദൈവത്തിന്റെ വഴികളെ വിട്ടു തെറ്റി ഒഴിഞ്ഞു അലഞ്ഞുതിരിഞ്ഞു നടന്നു. അങ്ങനെ ചത്തൊട്ടുങ്ങുകയായിരുന്നു എന്നതാണു. ദൈവവഴിവിട്ടു നടക്കുന്നവർ ഇതു ചിന്തിക്കട്ടെ.

രണ്ടു. (തി.) സംഖ്യാ. ഹന്ന. ഹൻ—നാ൫. (1) വേർപിരിവു (ഫ൦—ഫ൭ വാ). (2) ന്യായവിധി (ഫ൭—നാ൫ വാ). (1) സ്ത്രീജനവും മത്സരികളുടെ സമ്പത്തെനിന്നു മാറ്റപ്പെട്ടു. ഉഷ്ടമനുഷ്യരോടുകൂടെയുള്ള കൂട്ടായ്മകൂടുന്നവൻ അവരുടെ ന്യായവിധിയിലും പങ്കുചേരും. (ഫന്ന വാ). ഉഷ്ടജനം നിമ്മലരും നിർമ്മോഹികളുമായ അനേക കുഞ്ഞുങ്ങളുടെയും മരണത്തിനു കാരണക്കാരാണു. ഫകൊരി. ന്യ. ഹ൭ ലും ഫതിമൊ ഫ. ഫഹ; വെളി. ഫ൭. ൫, ൫ലും നോക്കുക. ന്യായവിധി (ഫ൭—നാ൫ വാ). ഇതു 3 ഘട്ടങ്ങളായി നടത്തപ്പെട്ടു. (1) ദാഥാൻ, അബീരാം എന്നിവരെയും അവരോടും കോരഹിനോടും ചേർന്നവരെയും (നാഫ വാ) ഭൂമി വായ് പിളർന്നു വിഴുങ്ങി (2) ധൂപം കാട്ടിയ 250 പേരെയും കോരഹും ഉണ്ടോ? യഹോവയിങ്കൽനിന്നു തീ പുറപ്പെട്ടു ഭസ്മീകരിച്ചു. (3) ബാധയാൽ 14700 പേർ (൧൬ വാ).

രണ്ടു. (ചൊ.) സംഖ്യാ. ഹന്ന. നന്ന—൫൦. (1) ധൂപകലശങ്ങൾ (നന്ന—൧൬ വാ) വിശുദ്ധീകരിക്കപ്പെടുന്നതു. ഇവ "യഹോവയുടെ സന്നിധിയിൽ ആരാധനയ്ക്കു ഉപയോഗിച്ചുവന്നതും മത്സരക്കാർ അശ്രദ്ധയായി ഉപയോഗിച്ചതുമാണു അവ വിശുദ്ധമായിരുന്നു. വിശുദ്ധവസ്തുക്കളെ അന്യായമായി ഉപയോഗിച്ചു പോയി എന്നതിനാൽ ഉപേക്ഷിച്ചുകൂടായിരുന്നു. അവ വിശുദ്ധം തന്നെ. പക്ഷെ അതേ ശുശ്രൂഷയ്ക്കു ഉപയോഗിക്കരുതു. അതേ പാപം ആവർത്തിക്കുന്നതിനെതിരായി അതിനെ ഒരു അടയാളമായും ജ്ഞാപകമായും (൧൬ വാ). ഇതിക്കണമെന്നു ഉദ്ദേശിച്ചതു സൂക്ഷിക്കുക. (2) ജനത്തിന്റെ ഇടയിൽ ബാധ (൧൬—൫൦ വാ). "സഭയെല്ലാം.....പിറുപിറുത്തു" (൧൬ വാ). മത്സരികളുടെമേൽ വന്ന ഭയങ്കര ന്യായവിധിയുടെ സ്മരണ പുതുക്കുന്നതിനുമുമ്പു തന്നെ പിറുപിറുക്കുന്നതു പാപംമൂലം നേരിടുന്ന അന്ധതയ്ക്കു ഒരു ഉദാഹരണമാണ്.

നാന്നു. (ബു.) സംഖ്യാ. ഹന്ന. ഹ—ഹന്ന. മത്സരികൾക്കു ഒരു അടയാളം. ലേവ്യരെ സമാഗമനകൂടാരത്തിലെ ശുശ്രൂഷകൾക്കായും അഹരോന്റെ കുടുംബത്തെ പൗരോഹിത്യവേലയ്ക്കായും വേർതിരിച്ചു സ്ഥിരപ്പെടുത്തുന്നതിനായി ദൈവം നടത്തുന്ന ഒരു ദൈവികയോട്ടെടുപ്പാണു ഇവിടെ കാണുന്നതു. സഭ കൂട്ടാകെ വിശുദ്ധരാണെങ്കിലും (ഹന്ന. ന്യ വാ). പൗരോഹിത്യം അഹരോനു (ഹന്ന. ഫം വാ) മാത്രമാണു നല്കിയതു. ഇതാണു ഇവിടെ വെളിവാക്കുന്നതു. അഹരോനെ പുരോഹിതനാക്കിയ ദൈവംതന്നെയാണു കോരഹിനെയും സഹോദരങ്ങളെയും ഇതരഗോത്രങ്ങളിൽനിന്നും "സഭയുടെ ശുശ്രൂഷയ്ക്കായി (ഹന്ന. ൻ വാ). വേർതിരിച്ചതു. ഇവിടെയും ദൈവത്തിന്റെ കൃപയാലുള്ള വിളിയാണു പ്രശ്നം. ക്രിസ്തുസഭയിലും വിവിധ ശുശ്രൂഷകൾ കൃപയാലുള്ള വിളിയുടെ ഫലമാണ്.

ഒന്നു. (ര്യാ.) സംഖ്യാ. ഹൻ ഹ—ഹം. ശുദ്ധീകരണത്തെക്കുറിച്ചുള്ള പ്രമാണം. ൫-ാം അദ്ധ്യായം ൨-ാം വാക്യത്തിൽ ശാപത്താൽ അശുദ്ധനായവനെ പാളയത്തിനു പുറത്താക്കികളയണമെന്നു പറയുന്നു. ഇവിടെ അവന്റെ അശുദ്ധി നീക്കുന്നതിനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നു. ഹ പത്രൊ. ഹ. ഫവ, ഹൻ; എബ്രാ. ഹന്ന. ഹന്ന. ശുദ്ധീകരണത്തിന്റെ പ്രമാണം. ഹ൨-ാം വാക്യം. ജീവനുള്ളവർ ജീവനില്ലാത്തവരുമായി സംസർഗ്ഗം പാടില്ല. അവരുടെ പാപവഴികളിൽ പങ്കാളികളാകരുതു. സങ്കീ. ഹ. ഹ. ഈ ഭാഗത്തു പറയുന്ന പ്രതിവിധി കോരഹ് കൂട്ടരെപ്പോലെ മനഃപൂർവ്വം പാപം ചെയ്യുന്നവരെ ഉദ്ദേശിച്ചല്ല മറ്റു കാരണവശാൽ അശുദ്ധരായി തീർന്നു പോകുന്നവർക്കുവേണ്ടിയത്രെ. ഹ-൨-ാം വാക്യം.

വ്യത്യ. (വെ.) സംഖ്യാ. ൨൦. ൧—൧൩. യിസ്രയേൽ കാദേശിലെത്തുന്നു. ൧൪-ാം അദ്ധ്യായം വായിക്കുമ്പോൾ അവർ കാദേശിലെത്തിയതാണു. ൨൦-ാം അദ്ധ്യായം വരെ 38 വർഷം പാപഫലമായി മരുഭൂമിയിൽ അലയേണ്ടി വന്നു. അന്നപ്പോലെ ഇപ്പോഴും—ഈ പുതിയ തലമുറയും വെള്ളമില്ലാഞ്ഞു പിറുപിറുത്തു. (൩ വാ). മോശെ പ്രാർത്ഥിച്ചു. മൂന്നു പാറയെ അടിച്ചു വടിയുമായി വീണ്ടും പുറപ്പെട്ട പാറയോടു കല്പിക്കുവാൻ കല്പനയുണ്ടായി. (൭ വാ). എന്നാൽ മോശെ പാറയെ അടിച്ചു! എന്റെ പ്രവർത്തനത്തിന്റെ ശക്തിയല്ല—ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടതന്നെ അനുസരിച്ചാൽ മതി എന്നു നാം കരുതണം.

ആവ. (ശ.) സംഖ്യാ. ൨൦ ൧൪—൨൧. ഏദോം രാജാവിനോടു മോശെ "നിന്റെ സഹോദരനായ യിസ്രയേൽ എന്നു പറയുന്നതു ഏദോമ്യർ യാക്കോബിന്റെ സഹോദരനായ ഏശാവിന്റെ സന്തതികളായാണു—രണ്ടു വലിയ ജാതികളായി അവർ തിരിഞ്ഞിരിക്കയാണു. എങ്കിലും യാക്കോബും ഏശാവും തമ്മിൽ ഉണ്ടായ ഭിന്നതമനോഭാവം ഏദോമ്യർ (ഏശാവിന്റെ സന്തതി) തുടർന്നുപോന്നു. അതുകൊണ്ടു യിസ്രയേൽ ആ വഴിയായി കടന്നുപോകുവാൻ അനുവാദം ചോദിച്ചാറെ ഏദോം അനുവദിച്ചില്ല. സഹോദരന്മാർ തമ്മിൽ പിണക്കമുണ്ടായാൽ അതു എത്ര തലമുറകളായി മറക്കാതെയുള്ള സ്നേഹമില്ലായ്മയ്ക്കിടയാക്കുന്നു. എന്നാൽ മോശെയുടെ പെരുമാറ്റം എത്ര ശ്രേഷ്ഠനീയം (൨൧ വാ).

ഫിന്ന. (ഞാ.) സംഖ്യാ. ൨൧ ൧—൯. (1) ഹോർമ്മാ (൧—൩ വാ). കഴിഞ്ഞ 38 വർഷങ്ങൾ അലഞ്ഞുതിരിഞ്ഞുനടന്ന ജനത്തിനു ശത്രുക്കളുമായി ഏറുമുട്ടേണ്ടതായി വന്നില്ല. ജീവിതം ശരിയാകാത്ത ക്രിസ്ത്യാനിയും അതുപോലെ പരീക്ഷകളോടു പോരാടുവാൻ സന്നദ്ധരാകുകയില്ല. (2) സ്പ്പവിക്കുവും പ്രതിവിധിയും (൪—൯ വാ). ഹോർ പർവ്വതത്തിൽനിന്നു ചെങ്കടലിലേക്കു വീണ്ടും പിൻതിരിയുന്നു. വണ്ടും പിറുപിറുപ്പും തുടങ്ങി. അവിശ്വാസവും കോട്ടവുമുള്ള തലമുറ എപ്പോഴും പിറുപിറുത്തുകൊണ്ടിരിക്കും പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുമ്പോൾ ദൈവത്തിങ്കൽനിന്നകലുന്നതുകൊണ്ടു അവ വർദ്ധിക്കുന്നതേയുള്ളൂ. മോശെയെപ്പോലെ ദൈവത്തോടടുക്കുകയാണു അവയ്ക്കു പരിഹാരമാർഗ്ഗം.

നോട്ടീസ്

മുൻകൊല്ലങ്ങളിലെപ്പോലെ ഈയാണ്ടിലും 1956 ജൂൺ 1നു മുതൽ 1957 മാർച്ച് വരെ ബെഥേൽ ആശ്രമത്തിൽ വെച്ചും സെൻറു മോണിക്കായിൽവെച്ചും ഒരു വേദപഠനക്ലാസ്സ് നടത്തപ്പെടുന്നതാണു. പ്രയോജനകരമായ മറ്റു വിഷയങ്ങളും പഠിപ്പിക്കുന്നതാണു. 6-ാം ഫോറം സ്റ്റാൻഡാർഡു മുതൽ പെൺകുട്ടികൾക്കു ഇതു സത്യക്രിസ്തീയ ഭവനജീവിതത്തിനും, പള്ളിയാരാധനയ്ക്കും സഹായകരമായി പ്രയോജനപ്പെടുത്തുമെന്നു ആശിക്കുന്നു. ഒരു മാസത്തെ ശരാശരി ഫീസ് 12 രൂപയാണു. മേൽവിലാസം എഴുതി സ്റ്റാമ്പു ഒട്ടിച്ച കവറുകൾ അടക്കം ചെയ്യു, എഴുതിച്ചോദിക്കുന്ന പക്ഷം വിശദവിവരങ്ങൾ അയച്ചുതരുന്നതാണു. ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന സമയം മുതൽ (പൂർണ്ണമായ പേരും, മേൽവിലാസവും, വയസ്സും, വിദ്യാഭ്യാസയോഗ്യതയും, സഭാവിഭാഗവും കാണിച്ചു അയയ്ക്കുന്ന) അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

സിസ്റ്റർ ഈഡിത്ത്, ബെഥേൽ ആശ്രമം, കുറുപ്പുഴ, തിരുവല്ലാ,

അല്ലെങ്കിൽ,

മിസ്സ് ഈ. എം. ഡോൾറൻ, സെൻറു മോണിക്കാസ്, കാണക്കാരി, ഏറുമാനൂർ.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 5 മെയ് 1956

സകലത്തിലും വിവേകവും ആശ്വാസവും നല്കുന്നവൻ

നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെ ഓരോന്നിനെക്കുറിച്ചും ചിന്തിപ്പാൻ അതായതു സമയം നമ്മെ ഉണർത്തിക്കൊണ്ടിരിക്കുന്നതനുസരിച്ചു ഈ മാസവും കർത്താവിന്റെ സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മദാനം, എന്നീ രണ്ടു വലിയ കാര്യങ്ങളെ നമ്മെ ഓർപ്പിക്കുന്നുണ്ടല്ലോ. സ്വർഗ്ഗാരോഹണം ചെയ്ത പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി ശ്രേഷ്ഠമഹാപുരോഹിതനായി ജീവിക്കുന്ന കർത്താവുള്ളതുകൊണ്ടു കരുണലഭിപ്പാനും തൽസമയത്തു സഹായത്തിനുള്ള കൃപ പ്രാപിക്കേണ്ടതിനും നമുക്കു ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലാം എന്നതു എത്ര ധൈര്യപ്രദമായ ചിന്തയാണ്. "ഞങ്ങളെ ആശ്വാസമില്ലാത്തവരായി വിട്ടേക്കാതെ ഞങ്ങളെ ആശ്വസിപ്പിപ്പാൻ നിന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കുണം" എന്നു സ്വർഗ്ഗാരോഹണനാൾ മുതൽ പിന്നീടുള്ള അപേക്ഷയിൽ നാം ചൊല്ലുന്നതുപോലെ നമ്മോടുകൂടെ എന്നെന്നും നമ്മിൽ തന്നെ വസിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ അയച്ചുതന്ന മഹാസ്നേഹത്തെയാണല്ലോ പെന്തക്കോസ്തു നാളിൽ നാം ഓർക്കുന്നതു. സകല ചിന്താകുലങ്ങളുടെയും മദ്ധ്യേ നമുക്കു വിശുദ്ധമായ ആശ്വാസവും തൻമൂലമുള്ള സന്തോഷവും പരിശുദ്ധാത്മാവു നമ്മിൽ ഉളവാക്കുന്നു. സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനത്തിലൂടെ നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും കാക്കുന്നതു്. പെന്തക്കോസ്തു നാളിലെ അപേക്ഷയിൽ എന്നുമാത്രമല്ല മറ്റു മിക്ക അപേക്ഷകളിലും നിഴലിക്കുന്ന ഒരു സത്യം പരിശുദ്ധാത്മാവു മാത്രമാണ് നമ്മെ സകലത്തിലും വിവേകം ഉള്ളവരാകി ശരിയായതു ചെയ്യാൻ പ്രാപ്തരാക്കുന്നതു എന്നതാകുന്നു. രക്തപാതകവും സ്വന്തകയ്യാൽ പ്രതികാരവും ചെയ്യാതവണ്ണം ദാവീദുരാജാവിനെ തടുത്തതു അബീഗയീലിന്റെ സ്തുത്യർഹമായ വിവേകം ആയിരുന്നുവെന്നു അദ്ദേഹം പ്രസ്താവിച്ചതുപോലെ നമ്മുടെ സകല ഇടപാടുകളിലും ആവശ്യമായ വിവേകം ലഭിക്കുന്നുവെങ്കിൽ ഏവിടെയും കൂടുതൽ സമാധാനം കൈവരുത്താമായിരുന്നു. നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവു അതു നമുക്കു പ്രദാനം ചെയ്യുന്നതിനു സന്നദ്ധനാണ്. "നിന്റെ പരിശുദ്ധാത്മാവു സകല കാര്യങ്ങളിലും ഞങ്ങളുടെ ഹൃദയങ്ങളെ നടത്തി ഭരിക്കേണമേ" എന്ന പ്രാർത്ഥന നിമിഷംപ്രതി നമ്മിൽനിന്നു ഉയർത്തിക്കൊണ്ടിരിക്കാം. എല്ലാ പ്രതികൂല സംഭവങ്ങളുടെ മദ്ധ്യേയും, ശരിയായ വഴി ഏതെന്നു അറിയാതെ വിഷമിക്കുമ്പോഴും മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ" സങ്കീ. 46. 10. "യഹോവ തന്റെ വിശുദ്ധ മന്ദിരത്തിലുണ്ടു് സർവ്വഭൂമിയും അവനെറ സന്നിധിയിൽ മൗനമായിരിക്കട്ടെ" ഹബ. 2. 20. എന്ന ധൈര്യപ്രദമായ ദിവ്യ വചനം നമ്മെ ഓർപ്പിക്കുന്നതും പരിശുദ്ധാത്മാവത്രെ.

കുട്ടികളുടെ പഠിത്തം, ജോലി, വിവാഹം എന്നിങ്ങനെ പല പ്രശ്നങ്ങൾ വന്നു മുമ്പിൽ നില്ക്കുന്ന ഈ മാസത്തിൽ പെന്തക്കോസ്തു നാളിലെ അപേക്ഷ നമുക്കു സഹായമാകാതിരിക്കയില്ല. അനേകരുടെ ശ്രദ്ധയെ ആകർഷിക്കുന്ന മഹൽ സംഭവങ്ങളിൽകൂടെ എന്നല്ല പിന്നെയോ ശാന്തവും വിശുദ്ധവും ആയ ഒരു ജീവിതത്തിൽ കൂടെ പരിശുദ്ധാത്മാവിന്റെ ഫലം നമ്മിൽ വെളിപ്പെടുത്തുവാൻ സഹായിക്കേണമെ എന്നു പ്രാർത്ഥിക്കാം. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ 1 കൊരി. 3. 16. "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു് അവനാലല്ലോ നിങ്ങൾ വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നതു" എഫെ. 4. 30.

സ്ത്രീജന സഖ്യവാർത്തകൾ

ഏപ്രിൽ മാസത്തിൽ സ്ത്രീജനസഖ്യംഗങ്ങളുടെ വാർഷികയോഗങ്ങൾ ധ്യാനയോഗങ്ങൾ എന്നിവ പല സ്ഥലങ്ങളിലായി നടന്നതിൽ അറിഞ്ഞിട്ടുള്ളവ മാത്രം കുറിക്കുന്നതു സഹായ മാണല്ലോ.

പൂവത്തൂർ. വിശുദ്ധസംസ്കൃത ശുശ്രൂഷയോടുകൂടി ആരംഭിച്ച പ്രസ്തുതദിവസത്തെ പരിപാടി കൂടിയുള്ള യോഗങ്ങൾ, പുതിയ വർഷത്തെ യോഗനടത്തിപ്പിനായുള്ള കാര്യാലോചന, ഒന്നിച്ചു

ള്ള ക്ഷേണം, എന്നിവയ്ക്കുശേഷം മംഗളമായി പര്യവസാനിച്ചു. ശുശ്രൂഷാമദ്ധ്യേ സമർപ്പിച്ച വഞ്ചി, കപ്പണവും തൽസമയം തന്നെ സ്ത്രീപ്രവർത്തകഫണ്ട്, സ്ത്രീജനസഖ്യഫണ്ട് എന്നിങ്ങനെ ഓരോന്നായി വീതിക്കയും ചെയ്തു.

കന്നേറ്റി. ഏപ്രിൽ 6-നു ചൊവ്വാഴ്ച ഇടവകയിലെ സ്ത്രീജനസഖ്യദിനമായി ആചരിക്കണമെന്ന തീരുമാനിച്ചതനുസരിച്ചു രാവിലെ ധ്യാനയോഗവും ഉച്ചകഴിഞ്ഞു കുട്ടികളുടെ വിനോദപ്രകടനങ്ങൾ, പ്രസംഗങ്ങൾ, റിപ്പോർട്ട് സമർപ്പണം മുതലായ ചടങ്ങുകളോടുകൂടിയ വാങ്മീകയോഗവും ആയി നടത്തുന്നതിനു സാധിച്ചു.

പുന്നപ്ലാട്ട്. കന്യകമറിയാമ്മയോടുള്ള അനുഭപ്പാട്ടു ദിനമായി ആചരിക്കുന്നതിനു ക്രമപ്പെടുത്തപ്പെട്ട ഏപ്രിൽ 16-നു തന്നെ സഭയിലെ അമ്മമാർക്കായുള്ള വിശുദ്ധസംസ്ക്കാരവും പ്രത്യേക യോഗവും നടത്തപ്പെട്ടു.

മുണ്ടക്കയം. ഏപ്രിൽ 12-നു വ്യാഴാഴ്ച മുണ്ടക്കയം സ്ത്രീജനസഖ്യത്തിന്റെ ഒരു ഉന്നേക്ഷദിനം തന്നെ ഏതു തോന്നക്കവിധം രാവിലെ തന്നെ എല്ലാ ഉപസഭകളിൽനിന്നുള്ളവരും തോട്ടപ്രദേശത്തു അകലെയായി താമസിക്കുന്നവരും സ്ഥലത്തു എത്തി. വിശുദ്ധ സംസ്ക്കാരശുശ്രൂഷ, പ്രത്യേക യോഗങ്ങൾ, മദ്ധ്യസ്ഥപ്രാർത്ഥന, ഒത്തുചേർന്നുള്ള ഭക്ഷണം, പ്രതിഷ്ഠാശുശ്രൂഷ എന്നിങ്ങനെ ക്രമീകൃതമായ പരിപാടികളോടുകൂടിത്തന്നെ പ്രസ്തുത ദിവസം ആചരിച്ചു.

അട്ടാർ. ഇടവക നന്നിച്ചു ആണ്ടുതോറും നടന്നുവരുന്ന സ്ത്രീജനസഖ്യക്കൂട്ടായ്മ ഈവക്ഷവും ഏപ്രിൽ 14-നു അട്ടാർ വെച്ചു നടന്നു. തങ്ങളുടെ വാഞ്ചയോടുകൂടിയ വരവും വഞ്ചിക സമർപ്പണവും കാണുന്നതു തന്നെ ഒരു സന്തോഷം ഉളവാക്കുന്ന അനുഭവം എന്നു പറയുന്നതിൽ തെറ്റില്ല.

S. T.

ബഥേൽ വാർത്തകൾ

സിസ്റ്റർ റേച്ചൽ ബഥേലിൽനിന്നു മാർച്ച് 5-ാം തിയതി പുറപ്പെട്ട് 10-ാം തീയതി കൊമ്പിൽനിന്നു കപ്പൽ കയറി 26-ാം തീയതി ആസ്ത്രേലിയായിൽ സിഡ്നിയിൽ ക്ഷേമത്തോടെയെത്തിയെന്നു കമ്പി കിട്ടുകയും ചെയ്തു. അവിടെ ഖദ്ദപ്പാടുള്ള ഒരു പ്രോഗ്രാമാണുള്ളതു്. ജൂലായി 6-ാം തീയതിയാണ് അവിടം വിടുന്നതു്.

ബഥേൽ ആശ്രമം സ്കൂൾ മാർച്ചു 16-ാം തീയതി അടച്ചു. അവധിക്കാലത്തു അവിടെ താമസിക്കുന്നവരായി 40 പേരോളമുണ്ട്. അവർ മുന്നു കുടുംബങ്ങളായി ആശ്രമത്തിന്റെ സ്ഥിരാംഗങ്ങളുടെ മുമതലയിൽ താമസിക്കുന്നു. ബുധനാഴ്ച ഞാൻ വിട്ടുപോന്നപ്പോൾ അവർ ക്ഷേമമായിരിക്കുന്നതായി കണ്ടു.

മെയ്മാസത്തിൽ വാരിക്കൂട്ടെ കുട്ടികൾക്കുവേണ്ടി മുന്നുണ്ടുകളിലെപോലെ ഒരു ക്ലാസ്സു നടത്തുന്നതായിരിക്കും. സ്കൂൾപഠനകാലത്തു വരുന്നതിനു സൌകര്യമില്ലാത്ത പെൺകുട്ടികൾ ആവശ്യപ്പെടുന്നപക്ഷം രണ്ടാഴ്ചത്തേക്കു അവർക്കായിട്ടും ഒരു ക്ലാസ്സുണ്ടായിരിക്കുന്നതാണ്.

ഒരു കൊല്ലത്തേക്കു കൊമ്മൂണിറ്റിസ്കൂളിൽ പഠിപ്പിക്കാൻ വന്നിരുന്നവർ ഇപ്പോൾ സ്കൂൾ വിട്ടിരിക്കുന്നു. ട്രെയിനിങ്ങു കഴിഞ്ഞ മൂന്നാലു ഇ. എസ്സ്. എൽ. സി. കാരെ അടുത്ത സ്കൂൾ വർഷത്തേക്കാവശ്യമാണ്. ഒരാശ്രമജീവിതം മൂലം ലഭ്യമാകുന്ന ശിക്ഷണനന്മകൾ കാംക്ഷിക്കുന്നവർ അതിലേക്കു ഒരുമ്പെടുന്നതിനു പ്രാർത്ഥിക്കാം. പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നതിനു സന്നദ്ധരും സാക്ഷാൽ ആത്മികരുമായ അദ്ധ്യാപകരാണാവശ്യം.

വേറൊരു വലിയ ആവശ്യം ഇപ്പോഴുണ്ടിൽ വേദപരിശീലനത്തിനു പെൺകുട്ടികൾ വരണമെന്നുള്ളതാണ്. ഇക്കാലത്തു യുവതികൾക്കു പല പുതിയ ദുരകളുള്ളതുനാൽ ക്രിസ്തീയ പ്രവർത്തനത്തിനുള്ള അഗ്രഹം വളരെ കുറച്ചുപേർക്കു മാത്രമേയുള്ളൂ. ഇതു വായിക്കുന്ന മാതാക്കളെ, ഹൈസ്കൂൾപഠിത്തം കഴിയുന്ന നിങ്ങളുടെ മകൾ ക്രിസ്തുവിന്റെ പിൻഗാമികളായിത്തീരുന്നതിനെപ്പറ്റി ഗൌരവമായി

ചിന്തിക്കയും അവരെ ദൈവത്തിൽ ദൃഢമെല്പിക്കയും ചെയ്യുമോ ? ക്രിസ്തുവിനെയും സുവിശേഷത്തെയും പ്രതി ആരെങ്കിലും തന്നെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തുകയും നൂറു മടങ്ങു പ്രതിഫലം ലഭിക്കയും ചെയ്യുമെന്നു കർത്താവു അരുളിച്ചെയ്തിട്ടുണ്ടല്ലൊ.

അനേക വർഷം വിശ്വസ്തതയോടെ സേവനം ചെയ്തു കുഞ്ഞിലക്ഷ്മമ്മയും പകരം നസറേത്തിലേക്കു ഒരു പ്രവർത്തകയെ ആവശ്യമുണ്ട്. പെൺകുട്ടികളോടു വാത്സല്യവും കൈകൊണ്ടുള്ള വേലയിൽ സാമർത്ഥ്യവുമുള്ള അത്ര ചെറുപ്പമല്ലാത്ത ഒരാളാണു വേണ്ടതു്. ദൈവവിളിയെപ്പറ്റി നിശ്ചയമുള്ള ഒരാളുമായിരിക്കണം.

ഈ വർഷത്തിൽ ബഥേലിലേക്കു ഒരു നേഴ്സിനേയും ആവശ്യമുണ്ട്.

ഇതോരോന്നും സ്വോത്രത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുക. നിങ്ങളുടെ ദാനങ്ങൾക്കും ഉടൻ ഫലമുള്ള പ്രാർത്ഥനകൾക്കും ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ബഥേലിലുള്ള ഞങ്ങൾക്കെല്ലാവർക്കും വിശിഷ്യ സിസ്റ്റർ റേച്ചലിനുംവേണ്ടി പ്രാർത്ഥിപ്പാനപേക്ഷ.

ഏപ്രിൽ 7. 1956.

SISTER EDITH,
Coonoor.

നോട്ടീസ്

ബഥേൽ ആശ്രമം

മദ്ധ്യവേനൽ അവധി കഴിഞ്ഞു ബഥേൽ ആശ്രമം വീണ്ടും 1956 ജൂൺ മാസം 4-ാം തീയതി തുറക്കുന്നതാകുന്നു. ആശ്രമത്തിൽ മൂന്നു ക്ലാസ്സുകൾ നടത്തപ്പെടും. ഒന്നാമതു ക്രിസ്തീയ പ്രവർത്തക പരിശീലനവും രണ്ടാമതു ക്രിസ്തീയ കുടുംബ പരിശീലനവും മൂന്നാമതു സാക്ഷരതാ പരിശീലന ക്ലാസ്സും നടത്തപ്പെടുന്നതാകുന്നു. ക്രിസ്തീയ പരിശീലനത്തിനു നാലു സ്കോളർഷിപ്പുകൾ ഉണ്ടായിരിക്കും. ഇവയിൽ രണ്ടു ആശ്രമ ഫൊള്ളാഷിപ്പഫണ്ടിൽനിന്നും വേറൊന്നു ആശ്രമത്തിൽനിന്നും നാലാമതു മഹായിടവക സെൻട്രൽഫണ്ടിൽനിന്നും ആയിരിക്കും. ക്ഷേണച്ചെലവെല്ലാം ഈ സ്കോളർഷിപ്പിൽനിന്നു ലഭിക്കുമെന്നു മാത്രമല്ല നോട്ടുബുക്കിനും മറ്റുമുള്ള ചെലവും അതിൽനിന്നു ലഭിക്കുന്നതാകുന്നു. ഈ വേതനത്തിനു അർഹരാകണമെങ്കിൽ ഇം. എസ്സ്. എൽ. സി. പരീക്ഷയോ വി. എസ്സ്. എൽ, സി. പരീക്ഷയോ ഹൈസ്കൂൾ വിദ്യാഭ്യാസമോ ഉള്ളവരായിരിക്കണം. കൂടാതെ പരിശീലനം കഴിഞ്ഞതിന്റെശേഷം 4 വർഷത്തെ സേവനത്തിനു സന്നദ്ധരായിരിക്കണം. ക്രിസ്തീയസേവനത്തിനു ഒരു വിളിയും ആഗ്രഹവും ഉള്ളവർ ഇതിലേക്കു അപേക്ഷിക്കുമെന്നു ആശിക്കുന്നു. ക്രിസ്തീയ കുടുംബപരിശീലനത്തിനു ഏതു സമുദായത്തിൽനിന്നുള്ളവർക്കും ചേരാവുന്നതാകുന്നു. ഒരു ക്രിസ്തീയ കുടുംബനായിക അറിഞ്ഞിരിക്കേണ്ട സംഗതികൾ പരിശീലിപ്പിക്കണമെന്നാണു ആശിക്കുന്നതു്. പാചകം, തയ്യൽ, ഗൃഹഭരണം, വേദപാഠങ്ങൾ, പാട്ടു മുതലായവ ഈ സിലബസിൽ ഉൾപ്പെടുന്നതാകുന്നു. ഫീസ് പ്രതിമാസം 15 ക. ആയിരിക്കും. വേറൊരു ക്ഷേണരീതി പ്രതിമാസം 10 ക. യ്ക്കു ഉണ്ടായിരിക്കുന്നതാകുന്നു. ഈ പരിശീലനങ്ങൾക്കുള്ള അപേക്ഷ മെയ് 16-നു ശേഷം സിസ്റ്റർ ഈഡിത്തു്, ബഥേൽ ആശ്രമം, തിരുവല്ലാ എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാകുന്നു.

SISTER EDITH

ബഥേൽ കമ്മ്യൂണിറ്റിസ്കൂൾ

മദ്ധ്യവേനൽ അവധികഴിഞ്ഞു ബഥേൽ കമ്മ്യൂണിറ്റിസ്കൂൾ 1956 ജൂൺമാസം 4-നു തിങ്കളാഴ്ച ആരംഭിക്കുന്നതാകുന്നു. കുട്ടികൾക്കു വിടുതൽസർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതും പുതുതായി കുട്ടികളെ ചേർക്കുന്നതും മെയ്മാസം 21-നു മുതൽ നടക്കുന്നതായിരിക്കും.

പ്രസ്തുത സ്കൂൾബോർഡിങ്ങിൽ നാലു കോട്ടേജുകളിലായി കുട്ടികളെ താമസിപ്പിക്കുന്നതാകുന്നു. ശാന്തിബോർഡിങ്ങിൽ പ്രതിമാസം 20 ക. ഫീസായിരിക്കും, എന്നാൽ പ്രത്യേക ചെലവുകൾക്കു വേറെ ഫീസ് ചുമത്തുന്നതായിരിക്കും.

ശേഷം മൂന്നു കോട്ടേജുകളിലും ക്ഷേണച്ചെലവു പ്രതിമാസം 7 ക. ആയിരിക്കും. അവശസമുദായത്തിൽ തൊഴിലാളികളുടെ കുട്ടികൾക്കു പ്രതിമാസം 2 ക. മാത്രം ആയിരിക്കും. ബാക്കിയുള്ളവർ 7 ക. യൊ അതിൽ അല്പം കൂടുച്ചോ ഫീസ് അടയ്ക്കുണ്ടതാകുന്നു. ഓരോരുത്തർ തങ്ങളുടെ ശേഷിപോലെ ഫീസ് അടയ്ക്കും എന്നു വിശ്വസിക്കുന്നു.

കുട്ടികളെ ഈ സ്കൂളിൽ ചേർക്കണം എന്നു ആഗ്രഹിക്കുന്നവർ മെയ്മാസം 15നു-ക്കുശേഷം അപേക്ഷാഫാറത്തിനു സിസ്റ്റർ മറിയാമ്മ ബഥേൽ ആശ്രമം, തിരുവല്ലാ എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുകയും മെയ് 21നു-ക്കു ശേഷം കുട്ടികളെ ചേർക്കുകയും ചെയ്യണമെന്നു അറിയിക്കുന്നു. കുട്ടികളുടെ യൂണിഫോം നീലയൊ വെള്ളയൊനിറത്തിൽ ഉള്ള ഉടുപ്പുകൾ ആകുന്നു. ആൺകുട്ടികൾക്കു നീല കാൽച്ചട്ടകളും വെള്ള ഷർട്ടുകളും ആകുന്നു.

അതാതു ടേമിലെ ഫീസുകൾ അതാതുമാസങ്ങളിൽ അടച്ചിരിക്കണം. ശനിയാഴ്ചദിവസമാണു സന്ദർശകർക്കു അനുവദിച്ചിരിക്കുന്നതു്. ഞായറാഴ്ച ആരും വരരുതെന്നു പ്രത്യേകം ഓർക്കുകയും.

SISTER EDITH

ആസ്ത്രേലിയൻ പയ്യടനം

ഡോ. ജെസ്സർ ഡേവിസും ഞാനും മാച്ചു 10നു- ഓറിയൻറ്റ്ലൈൻ കമ്പനിക്കാരുടെ ഏസ്സ്. ഏസ്സ്. ഓറിയൻ എന്ന കപ്പലിൽ ആണു യാത്ര ചെയ്തതു്. രണ്ടുപേരും ഒരു കാബിനിലും ഊണു കഴിച്ചതു ഒരു മേശയിലും ആയിരുന്നതിനാൽ ഡോ. ഡേവിസ് എനിക്കു സഹായമായിരുന്നു. ഫ്രിമാൻറിൽ എന്ന തുറമുഖത്തു അവർ ഇറങ്ങി. അവരുടെ സഹോദരിയും ഭർത്താവും അതിനടുത്തു പേർത്തു് എന്ന പട്ടണത്തിൽ താമസിക്കുന്നു. ആ പട്ടണത്തിലെ സി. എം. ഏസ്സ്. സെക്രട്ടറി കപ്പലിൽവന്നു എന്നെയും കൂട്ടിക്കൊണ്ടു പോകയും കാഴ്ചകൾ കാണിക്കയും ഡോ. ജെസ്സറിൻെറ വീട്ടിലും കൊണ്ടുപോകയും ചെയ്തു.

ഞാൻ സിഡ്നി എന്ന തുറമുഖംവരെ ഈ കപ്പലിൽതന്നെ പോരികയായിരുന്നു. ഏകദേശം കപ്പൽ അടുക്കുന്ന തുറമുഖങ്ങളിൽ അതതു സ്ഥലത്തുള്ള സെക്രട്ടറിമാർ വേണ്ട സഹായങ്ങൾ ചെയ്യുന്നതു വേലയുടെ പ്രോഗ്രാം അറിയിച്ചിട്ടുണ്ടു്. ജൂലൈ 6നു-വരെയാണു പ്രോഗ്രാം. ജൂലൈ 6നു-ഫ്രിമാൻറിൽനിന്നു സ്റ്റാഫോർഡ് എന്ന കപ്പലിൽ ആണു കൊളമ്പിൽ ഇറങ്ങുന്നതു്. ശനീശ്വരന്റെ വേണ്ട സുഖം കിട്ടുന്നതിനും നിവർത്തിപ്പാനുള്ള മുറകൾ ദൈവശക്തിയിൽ നിവർത്തിക്കുന്നതിനും എവരുടെയും പ്രാർത്ഥന അപേക്ഷിച്ചുകൊള്ളുന്നു.

SISTER RACHEL JOSEPH

ഒരു ചരമം

തിരുവണ്ണൂർ സി. എസ്സ്. ഐ. ഇടവകയിൽ പള്ളിതെക്കേതിൽ മത്തായിയുടെ ഭാര്യ അന്ന ഏറെനാളത്തെ രോഗംമൂലം 38-ാമത്തെ വയസ്സിൽ ഏപ്രിൽ 23-ംതീയതി രാത്രി 4 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പിറ്റെദിവസം 4 മണിക്കു ബന്ധുമിത്രാദികളുടെയും മി. മത്തായിയുടെ സഹപ്രവർത്തകരായ സി. എം. എസ്സ്. പ്രസ്സ് ജോലിക്കാരിൽ ഏഴെട്ടു പേരുടെയും സാന്നിദ്ധ്യത്തിലും ഇടവകപ്പട്ടക്കാരൻ റവ. കെ. എം. ഡേവിഡ്സ്സൻെറ കാർമ്മികത്വത്തിലും തിരുവണ്ണൂർ പള്ളിസെമിത്തേരിയിൽ നിർവ്വഹിക്കപ്പെട്ടു. ദുഃഖത്തിലിരിക്കുന്ന മൂന്നു പൈതങ്ങളുടെയും മി. മത്തായിയുടെയും ആശ്വാസത്തിനായി വായനക്കാരുടെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

നോട്ടിസ്

"കോട്ടയം സി. എം. എസ്സ്. കോളജ് ഹൈസ്കൂൾ ഗിൽ ഹോസ്റ്റലിൽ പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ 1956-ൽ മൂന്നാംഫാറം പാസ്സായിട്ടുള്ളവരും 15 വയസ്സിൽ കൂടുതൽ പ്രായമില്ലാത്തവരും മദ്ധ്യതിരുവിതാംകൂർ സി. എസ്സ്. ഐ. ഇടവകയിൽപ്പെട്ട അവശസമുദായാംഗങ്ങളുമായിരിക്കണം. യോഗ്യതയുള്ളവർ മൂന്നാംഫാറം പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയാലുടൻ ഹെഡ്മാസ്റ്ററോടപേക്ഷിക്കുക."

P. P. SAMUEL,
Headmaster.

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 5 മെയ് 1956

പറക്കാൽമിഷ്യൻ

ഈ മാസത്തിൽ പറക്കാൽ' മലവപ്പേട്ട, വെങ്കിട്ടാപുരം, ചെറുലപ്പള്ളി, പോക്കംപല്ലെ, കാട്ടറപ്പള്ളി എന്നീഗ്രാമങ്ങളിൽനിന്നും 21 മുതിർന്നവരും 40 കുട്ടികളും സ്നാനപ്പെട്ട സഭയിൽ ചേർന്നു. 'കൊടിപ്പാക്ക' ഗ്രാമത്തിൽനിന്നും 'മുക്കറലക്ഷ്മയ്യാ' എന്ന ശ്രുവേദ്രത്തിൽപെട്ട (ഈ ഴവൻ) ഒരു യുവാവു പറക്കാലിൽവച്ചു പരസ്യമായി ജ്ഞാനസ്നാനപ്പെട്ട സഭയിൽചേർന്നു. ഈ യ്യാളുടെ പേരു ജോജ്ജ് എന്നാണു. പല പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽ സഭയിൽ ചേർന്ന ജോജ്ജിന്റെ നിലനില്പിനുവേണ്ടി എല്ലാവരുടെയും പ്രാർത്ഥനയെ അഭ്യർത്ഥിച്ചുകൊ ഉളുന്നു.

ഈ മാസം 2—10നു-വരെ ആശാട്ടിമാക്കുള്ള പ്രത്യേകക്ലാസ്സുകൾ, സിസ്റ്റർമേരി തോമസി ന്റെമേൽനോട്ടത്തിൽ പറക്കാലിൽവച്ചുനടന്നു. ബൈബിൾ ക്ലാസ്സുകൾ, സംഗീതപരിശീലനം, ഭവനസന്ദർശനം മുതലായവ ഇവക്കുവേണ്ടി നടത്തി. 10നു- മാതൃസംഘത്തിന്റെ പൊതുയോഗം കഴിഞ്ഞു എല്ലാവരും തിരികെപ്പോയി.

I. M. ST. ഡോർണകൽ മഹായിടവകയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തിരുനൽവേലി മിഷ്യന്റെ രജതജൂബിലി എപ്രിൽ 18, 19, 20നു-കളിൽ ഡോർണകലിൽവച്ചു നടത്തപ്പെട്ടു. പരേതനായ ബിഷോപ്പു അസ്സറിയാ തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഒരു മിഷ്യനാണിതു. 50 വർഷങ്ങൾക്കുശേഷം ഈ മിഷ്യനിൽ 10 ചർച്ചുകളും 15000 സഭാംഗങ്ങളും 100-ൽപരം സഭകളുമുണ്ടു. ദൈവം ഈ മിഷ്യനെഏല്പിച്ചതാനത്തെ അധികം അനുഗ്രഹിച്ചു എന്നുള്ളതിനു അവിടെയുള്ള ക്രിസ്ത്യാനികൾ സാക്ഷ്യം വഹിക്കുന്നുണ്ടു. 18നു- ബിഷോപ്സ് കമ്മിസ്സറി ആഘോഷങ്ങൾ ഉൽഘാടനം ചെയ്തു. 19നു- വിശുദ്ധസംസർഗ്ഗം സ്നാത്രശ്രൂഷ 50പേർക്കു ജ്ഞാനസ്നാനം കൊടുക്കുന്നതിൽകൂടെയുള്ള ഘോഷയാത്ര, വെളിപ്രസംഗം മുതലായവ നടത്തപ്പെട്ടു. 20നു- സ്ഥിരീകരണം, മിഷ്യന്റെ ഭാവിയെക്കുറിച്ചുള്ള ആലോചനകൾ നടത്തപ്പെട്ടു. രാത്രി സമയങ്ങളിൽ കഥാകാലക്ഷേപം മുതലായവയും ഉണ്ടായിരുന്നു.

സ്നാത്രശ്രൂശ്രൂഷയിൽ I. M. ST. സെക്രട്ടറി 'നിന്റെ കൂടാരത്തെ വിസ്താരമാക്കുക" എന്ന വാക്യത്തെ അടിസ്ഥാനമാകി ഉജ്ജ്വലത്തായ ഒരു പ്രസംഗം ചെയ്യുകയും ഡോർണകൽ തിരുനൽവേലി മഹായിടവകയുടെ 'പരിശുദ്ധസ്ഥലമാണെന്നും" ഇവിടെയുള്ള ക്രിസ്ത്യാനികൾ സുവിശേഷഘോഷണത്തിൽ തല്പരരായിരിക്കണമെന്നും ഉൽബോധിപ്പിക്കുകയും ചെയ്തു. സ്നാത്രശ്രൂശ്രൂഷയിൽ560 ശ്രുപാ പിരിഞ്ഞു. I. M. ST. മിഷ്യൻ നമ്മുടെ മിഷ്യനു ചെയ്തിട്ടുള്ള സഹായസഹകരണങ്ങളുടെ കൃതജ്ഞതാസൂചകമായി നമ്മുടെ ബിഷോപ്പു തിരുമേനിയുടെ നിർദ്ദേശാനുസരണം അദ്ദേഹത്തിന്റെ സംഭാവന ഉൾപ്പെടെ 150 ശ്രുപാ നമ്മുടെ മിഷ്യനിൽ നിന്നു കൊടുക്കുന്നതിനു സാധിച്ചു. ഇവിടെനിന്നും 5പേർ ജൂബിലി ആഘോഷങ്ങളിൽ പങ്കുകൊണ്ടു.

വ്യക്തിപരമായ ഒരു സംഗതിക്രുടെ പറഞ്ഞു ഈ എഴുത്തു അവസാനിപ്പിക്കണമെന്നാഗ്രഹിക്കുന്നു. ഞാൻ അവധി കഴിഞ്ഞു വന്നിട്ടു ഇപ്പോൾ രണ്ടു വർഷമായിരിക്കുന്നു. സംഭവബഹുലമായ ഈ സമയത്തു ദൈവസാന്നിദ്ധ്യം വളരെ അനുഭവിക്കുന്നതിനു എനിക്കു സാധിച്ചിട്ടുണ്ടു. ജൂൺമാസത്തോടുകൂടെ ഞാൻ തിരികെ പോരുകയും റവ. ററി എം. തോമസച്ചൻ ഇവിടെ സേവനം തുടരുകയും ചെയ്യുന്നതാണു. എന്റെപേക്ക് സംഭാവനകൾ അയച്ചുതന്നിട്ടുള്ള എല്ലാവർക്കും നന്ദി പറയുകയും അവരുടെ സഹായസഹകരണങ്ങൾ ഇവിടത്തെ വേലയിൽ തുടരുമെന്നു പ്രത്യാശിക്കുകയും ചെയ്യുന്നു.

സംഭാവനകൾ അയച്ചു തന്നിട്ടുള്ളവർക്ക് നന്ദി പറയുന്നു

മിസ്സസ്സ് കെ. സി. മാത്യു (സ്ക്കൂൾ പണിക്ക) മുന്നാരമല 25 രൂ. മിസ്സസ്സ് എൽ. എം. വറുഗീസു ബോംബെ 12 രൂ. ഡോ. മിസ്സ് ഇ. എം. ഫിലിഫ് സെക്കന്തറാബാദ് 24 രൂ. മിസ്സസ്സ് എ. ജോൺ പീരുമേട് 4 രൂ ഡോ. മിസ്സ് എലിസബത്തു ഉമ്മൻ ഗുണ്ടൂർ 12 രൂ.

ഇവിടെയുള്ള വേലയെ നിങ്ങളുടെ പ്രാർത്ഥനയ്ക്കു സമർപ്പിച്ചുകൊള്ളുന്നു.

Parkal
22nd April 56

Rev. T. S. JOSEPH

പട്ടംകൊട ശുശ്രൂഷകൾ

1

പീരുമേട്. മുൻലക്കത്തിൽ പ്രസ്താവിച്ചിരുന്നപ്രകാരം ഏപ്രിൽ 29നു ഞായറാഴ്ച പീരുമേട് സെൻറർ ജോർജ്ജ് ചുമ്മാർവച്ച ശ്രീ സണ്ണി യേശുവടിയാൻ എം. എ. അവർകൾക്ക് ബിഷോപ്പുതിരുമനസ്സുകൊണ്ട് ദൈവഹിതത്താൽ മിയാക്കോൻപട്ടം നല്കിയിരിക്കുന്നു. തദവസരത്തിൽ റവ. കെ. ഐ. കോശി തമിഴിൽ ഒരു പ്രസംഗം ചെയ്തു. റവ. സി. ഐ. അബ്രഹാം സ്റ്റാണ്ടിങ്ങു കമ്മറിയുടെ അനുമതി പ്രസ്താവിക്കയും റവ. എം. എം. ജോൺ സ്ഥാനാർത്ഥിയെ തിരുമേനിയുടെ പക്കൽ സമർപ്പിക്കയും റവ. കെ. ജോർജ്ജ് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും ചെയ്തു. എപ്പിസ്കോപ്പാ സ്ഥാനാർത്ഥിയെ പരിശോധിച്ചതിൻറശേഷം കൈവെപ്പുനടത്തി മിയാക്കോൻ പട്ടം പ്രാർത്ഥനാപൂർവ്വം നല്കുകയും ചെയ്തു. വിശുദ്ധസംസ്കൃശുശ്രൂഷയിൽ പുതിയ മിയാക്കോൻ റവ. സണ്ണി യേശുവടിയാൻ സുവിശേഷം വായിച്ചു. പള്ളിയും പരിസരങ്ങളും ആളുകളെ കൊണ്ടുനിറഞ്ഞിരുന്നു. ഭദ്രാസനപ്പള്ളി കപയറിൽ ഒരു സംഘം ആളുകൾ സന്നിഹിതരായി സംഗീതശുശ്രൂഷയിൽ സഹായിച്ചു. ദൂരെസ്ഥലങ്ങളിൽനിന്നു വന്നിരുന്നവർക്കു സ്റ്റാഗ് ബ്രദേഴ്സ് എസ്റ്റേറ്റിൻ സൂപ്രണ്ടു മി. എ. കെ. അബ്രഹാമിൻറെ വകയായി ഒരു വിരുന്നുണ്ടായിരുന്നു. റവ. എസ്സ്. യേശുവടിയാനെ പീരുമേട്പട്ടക്കാരനായിട്ടാണ് നിയമിച്ചിരിക്കുന്നതു. പുതിയ അച്ചനെ പട്ടക്കാരുടെ കൂട്ടായ്മയിലേക്കു സ്വാഗതം ചെയ്യുകയും അദ്ദേഹത്തിൻറെ പേർക്കു പ്രാർത്ഥിക്കയും ചെയ്യുന്നു.

2

മുൻലക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ മോടയിൽ മി. മാണി എം. ചാക്കോയും അയ്യരെ മി. ചാക്കോ കുര്യനും മിയാക്കോൻപട്ടം കൊടുക്കുന്ന ശുശ്രൂഷ മെയ് 1നു-ചൊവ്വാഴ്ച 10 മണിക്കു വെകുരപള്ളിയിൽവെച്ചു ബിഷോപ്പുതിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ഭംഗിയായി നടത്തപ്പെട്ടു. സി. എസ്. ഐ. ലെ എട്ടും മദ്ധ്യമാസഭയിലെ മാർ അത്താനാസ്യോസ്തീരുമേനിയും മൂന്നു പട്ടക്കാരും ഈ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു. പള്ളിക്കകത്തും പുറത്തു പന്തലിലും ആളുകൾ തിങ്ങിക്കൂടിയിരുന്നു. പട്ടക്കാരുടെ ഒരു സംഘം സംഗീതശുശ്രൂഷയിൽ ഉത്തമമായ നേതൃത്വം വഹിക്കയും ചെയ്തിരുന്നു. റവ. റവി. ജെ. വർഗീയച്ചൻറെ പ്രസംഗംകൊണ്ടാണ് ശുശ്രൂഷയാരംഭിച്ചതു. 2 തിമൊ. 2. 8. അടിസ്ഥാനമാക്കി ദാവീദിൻറെ സന്തതിയായി ജനിച്ചു മരിച്ചു ഉയിർത്തെഴുനേറ്റ ക്രിസ്തുവിനെ ഓർത്തുകൊള്ളുന്ന സുവിശേഷത്തിൻറെ ശുശ്രൂക്കാരൻ ഒരു ഭടൻ, മല്ലിട്ടുതുകാരൻ, കൃഷിക്കാരൻ എന്നീ വിവിധനിലകളിൽ പ്രവർത്തിക്കേണ്ടതിൻറെ ആവശ്യകത വിശദീകരിച്ചു. പ്രസംഗത്തെ തുടർന്നു പട്ടംകൊടയുടെ ചടങ്ങുകൾ നിർവ്വഹിക്കപ്പെട്ടു. മഹായിടവക സ്റ്റാണ്ടിങ്ങുകമ്മറിയുടെ അനുമതി റവ. സി. കെ. ജോൺ പ്രസ്താവിക്കയും സ്ഥാനാർത്ഥികളെ റവ. തോമസ് ചെറിയാൻ എപ്പിസ്കോപ്പായുടെ പക്കൽ സമർപ്പിക്കയും അവരെ ദൈവത്തിങ്കൽ ഭരമേല്പിച്ചുള്ള ലിത്താനിപ്രാർത്ഥന റവ. എം. കെ. കുര്യൻ നടത്തുകയും ചെയ്തു. എപ്പിസ്കോപ്പാ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു സ്ഥാനാർത്ഥികളെ പരിശോധിക്കയും ഓരോരുത്തർ മുട്ടുകുത്തി നിൽക്കവെ തലയിൽ കൈവെച്ചു പ്രാർത്ഥിച്ചു പട്ടംകൊടുക്കയും പുതിയനിയമം സമ്മാനിച്ചു അധികാ

രം ഏല്പിക്കയും വലങ്കൈ കൊടുത്തു കൂടെനേല്പിച്ചു സ്റേറാൾ ഇട്ടുകൊടുക്കയും ചെയ്തു. വിശുദ്ധസംസർഗ്ഗശുശ്രൂഷയിൽ ലേഖനം റവ. റിഗ്. എം. തോമസും, സുവിശേഷം പുതിയ ടിയാക്കോൻ റവ. മാനി എം. ചാക്കോയും വായിച്ചു, തിരുവത്താഴകർമ്മത്തിന്റെ ശേഷംഭാഗം ബിഷപ്പേതരമേനി നിവ്വഹിക്കയും മാർ അത്താനാസ്യോസ് തിരുമേനി ശുശ്രൂഷയിൽ സംബന്ധിപ്പാൻ സാധിച്ചതിലും ബിഷപ്പേതരമേനി കാരപക്കടത്തിൽനിന്നു രക്ഷപ്പെട്ടതിലും, രണ്ടു യുവാക്കന്മാർ വൈദികരായി തീർന്നതിലും, വിശിഷ്യ ഭിഷ്നാമത്തെ പരിചയത്തിലിരുന്ന അച്ചൻക്കുഞ്ഞ് ഇപ്പോൾ ഒരു സാക്ഷാൽ അച്ചനായിത്തീർന്നതിലും സന്തോഷിച്ചും ദൈവത്തിനു സ്തോത്രം ചെയ്തും അല്പം സംസാരിക്കയും പ്രാർത്ഥിക്കയും ചെയ്തശേഷം ബിഷപ്പേതരമേനിസ്ഥിലെ ആശിർവ്വാദത്തോടെ പട്ടംകൊടുശുശ്രൂഷ മംഗളമായി അവസാനിക്കയും ചെയ്തു. ക്ഷണിക്കപ്പെട്ടവർക്ക് രണ്ടുപേരുടെയും വകയായി ഉച്ചസദ്യയുമുണ്ടായിരുന്നു. ഇവരെയും സഭാഗ്രേം ചെയ്തു പ്രാർത്ഥിക്കുന്നു.

ദക്ഷിണ തിരുവിതാംകൂറിൽ ലണ്ടൻ മിഷ്യൻ സഭയുടെ സമാരംഭം

തിരുവിതാംകൂറിൽ ലണ്ടൻമിഷ്യൻ സഭ ആരംഭിച്ചതു വിദേശിയർ മുഖേന അല്ലായിരുന്നു അതു ഏറ്റവും അത്ഭുതാവഹവും സന്തോഷകരവുമായ ഒരു സംഗതിയത്രേ. അതിന്റെ ഉത്ഭവ ചരിത്രം താഴെ കുറിക്കുന്നു:—കന്യാകുമാരിക്കടുത്തുള്ള മൈലാടിയിൽ 'മഹരാസൻ' എന്ന പേരിൽ സാംബവർ വർഗ്ഗത്തിൽ പെട്ട ഒരു ഹൈന്ദവൻ ഭ്രജാതനായി. അയാളുടെ മാതാപിതാക്കൾ കേവലം സാധുക്കളായിരുന്നു. ബാല്യത്തിൽതന്നെ അച്ഛൻ മരിച്ചുപോയി. അന്നത്തെ നാടോടി സമ്പ്രദായപ്രകാരമുള്ള വിദ്യാഭ്യാസത്തിനു മാത്രമേ ആ ബാലന് അവസരം ലഭിച്ചിരുന്നുള്ളൂ. അങ്ങനെ സിദ്ധിച്ച ചെറിയ വിദ്യാഭ്യാസത്തിനു ശേഷം കേതിമാത്തിൽ തന്റെ മനസ്സിനെ അവൻ തിരിച്ചുവിട്ടു. മഹരാസൻ ഇടവിടാതെ ആത്മപോക്ഷണത്തിനായി ക്ഷേത്രങ്ങൾ സന്ദർശിക്കയും കേതിപൂവും ദേവന്മാരെ ആരാധിക്കയും ചെയ്തുപോന്നു. നിരന്തരയത്നത്താൽ ആ ബാലൻ പല പുരാണ ഗ്രന്ഥങ്ങൾ വായിച്ചു അവയെപ്പറ്റി സുപരിചിതനായി. തൽഫലമായി ദൂരദേശങ്ങളിലുള്ള ക്ഷേത്രങ്ങൾ സന്ദർശിക്കുന്നതിനും മറ്റും തീർത്ഥാടനം ചെയ്യാൻ മഹരാസനു താല്പര്യം ജനിച്ചു. ഈ സന്ദർഭത്തിൽ ചിദംബരം എന്ന ക്ഷേത്രത്തിന്റെ മാഹാത്മ്യവും അവിടെ ചെന്നിയാൽ പരബ്രഹ്മത്തെ ധ്യാനിച്ച് മുക്തിപ്രാപിക്കാൻ കഴിയുമെന്നുള്ള വസ്തുതയും പലരിൽ നിന്നും അവൻ കേട്ടറിഞ്ഞു. ഏതെങ്കിലുമൊരു മോക്ഷപ്രാപ്തിക്കായി സഹോദര പുത്രനായ ശിവഗുരുനാഥൻ എന്ന യുവാവിനെയും കൂട്ടിക്കൊണ്ട് ആ സ്ഥലത്തേക്കു യാത്രതിരിച്ചു. അവിടെ ചെന്നയപ്പോൾ ഉണ്ടായ അനുഭവം നേരെ മറിച്ചായിരുന്നു. ക്ഷേത്രത്തിൽ അഴിമതികൾകൊണ്ടു നിറഞ്ഞിരുന്നു. പൂജകളെല്ലാം കേവലം പുറം പൂച്ചായിട്ടാണ കണ്ടത്. മോക്ഷസിദ്ധിക്കുള്ള കേതിമാർഗ്ഗം യഥാർത്ഥത്തിൽ കണ്ടുകാണാൻപോലും കഴിഞ്ഞില്ല. മഹരാസൻ ഇച്ഛാഭംഗത്തോടെ കിടന്നുറങ്ങി. ഉറക്കത്തിൽ അത്ഭുതകരമായ ഒരു സ്വപ്നം കണ്ടു. സുവർണ്ണ സുന്ദരനായ ഒരാൾ തന്റെ മുമ്പിൽ നിൽക്കുന്നതായി അയാൾക്കു തോന്നി. 'നീ ഇവിടെ വന്നതു അശേഷം തെറ്റിപ്പോയി; വേഗം മടങ്ങിപ്പോക; സത്യമാർഗ്ഗം ഞാൻ നിനക്കു കാണിച്ചുതരാം' എന്നു അദ്ദേഹം പറയുന്നതുപോലെ കേട്ടു. ഉണർന്നപ്പോൾ മഹരാസൻ തന്റെ സ്വപ്നത്തെക്കുറിച്ചു ആവർത്തിച്ചു ചിന്തിച്ചുകൂട്ടി. എങ്ങനെയും അവിടെ താമസിക്കുന്നതു പ്രയോജനകരമല്ലെന്നു തോന്നുകയാൽ ശിവഗുരുനാഥനോടൊന്നിച്ചു തിരുവനന്തപുരത്തേക്കു മടങ്ങിപ്പോന്നു. അതു 1799-ൽ ആയിരുന്നു. അവിടെ ബന്ധുക്കളിൽ ഒരാളിന്റെ വീട്ടിലാണു മഹരാസൻ താമസിക്കാൻ ഇടയായതു. അതു ഒരു ക്രിസ്തീയ കുടുംബമായിരുന്നു. അവരോടൊന്നിച്ചു ക്രിസ്തീയ ആരാധന കാണുന്നതിനായി മഹരാസൻ പൈവേലയത്തിലേക്കു പോയി. റവ. ജോൺ കാസ്റ്റാർ കോലഫ് എന്ന സുപ്രസിദ്ധ മിഷ്യനറി ആയിരുന്നു അന്നവിടെ പ്രസംഗിച്ചതു. ഈ മിഷ്യനറി ഇൻഡ്യയിലെ മിഷ്യനറി വീരന്മാരിൽ പ്രഥമഗണനീയനായും ക്ലാർട്ട്സിന്റെ വളർത്തുമകനും ശിഷ്യനുമായിരുന്നു. ഇദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടായിരുന്നു മഹരാസൻ മാനസാന്തരപ്പെട്ടതു. 'ഇതുവരെ അന്വേഷിച്ചുകൊണ്ടിരുന്ന യഥാർത്ഥ മോക്ഷമാർഗ്ഗം കണ്ടെത്തി' എന്നു പറഞ്ഞു അതിൽ മഹരാസൻ സംതൃപ്തനായി. ആ മിഷ്യനറിയുടെ ശിക്ഷ്യരായി അവർ കുറെകാലം അവിടെ താമസിച്ചു. അക്കാലത്താണ് ക്രിസ്തുമാർഗ്ഗ സംബന്ധമായി നല്ലപരിശീലനം അവർക്കു സിദ്ധിച്ചതു. ഒടുവിൽ രണ്ടുപേരും കർത്താവായ ക്രിസ്തുവിൽ വിശ്വസിച്ചു സ്നാനമേറ്റു. അന്നു മുതൽ മഹരാസനു വേദമാണിക്യം എന്നും, ശിവഗുരുനാഥനു മാസിലാമണി എന്നും ഉള്ള പുതിയ പേരുകൾ സിദ്ധിച്ചു.

താമസിയാതെ വേദമാണിക്യവും കുട്ടികാരനും സ്വന്തദേശത്തേക്ക് യാത്രയായി. ഒരു തമിഴ് വേദപുസ്തകവും മറ്റനേകം ക്രിസ്തീയ ഗ്രന്ഥങ്ങളും ആത്മീയപോഷണത്തിനായി ഏടുത്തുകൊണ്ടാണ് അവർ മടങ്ങിയത്. സ്വന്തം ഗ്രാമമായ മൈലാടിയിൽ എത്തിയപ്പോൾ തന്റെ ചാച്ചക്കാർക്കുണ്ടായിരുന്ന വിസ്മയവും സന്തോഷവും അവർണ്ണനീയമായിരുന്നു. ഇവരെ വീണ്ടും കാണാമെന്നുള്ള ആശ ബന്ധുക്കളിൽ അശേഷം നശിച്ചിരുന്നു. 'നക്ഷത്രപ്പെട്ടപോയി' എന്നു വിചാരിച്ചു മാതാവു വിലപിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് വേദമാണിക്യം അവിടെ എത്തിയത്. കണ്ടപ്പോൾ മാതാവും മറ്റു ചാച്ചക്കാരും ആനന്ദഭരിതരായി. കാണാൻ കൊതിച്ചിരുന്ന ആ സഞ്ചാരികളെ അവർ സാഭിമാനപൂർവ്വം സ്വീകരിച്ചു. വേദമാണിക്യം ഒന്നാമതായി ബന്ധുക്കളുടെയും അയൽക്കാരുടെയും മദ്ധ്യത്തിലാണ് സുവിശേഷം പ്രസംഗിച്ചത്. ഏറെ താമസിയാതെ ദൈവകൃപയാൽ മുപ്പതു ആളുകൾ ശിക്ഷ്യന്മാരായിത്തീർന്നു. അവർക്കു വേണ്ട പരിശീലനം നൽകുകയും പുതിയ പേരുകൾ കൊടുക്കുകയും ചെയ്തു. വേദമാണിക്യം തന്റെ പരിശ്രമം ഒട്ടും കുറച്ചില്ല. നിരന്തരം അവരെ സുവിശേഷ സത്യത്തിലേക്കു വഴിനടത്തി. പിന്നീടു അവരുടെ സംഖ്യ 50 ആയി വർദ്ധിച്ചു. ഈ ഘട്ടത്തിൽ സാധുക്കളായ ആ ക്രിസ്ത്യാനികൾക്കു അതി കഠിനമായ പീഡയുണ്ടായി. ഹൈന്ദവരും സ്വകാരും ഈ ചെറിയ കൂട്ടത്തെ പലവിധത്തിൽ ഉപദ്രവിച്ചു. എങ്കിലും കേരളത്തിലെ പ്രോട്ടസ്റ്റാന്റു സഭയിലെ ആദ്യ വിളവായ ഈ ചെറിയകൂട്ടം ചഞ്ചല ചിത്തരായി പോയില്ല. അവർ വിശ്വാസത്തിൽ ഉറച്ചുനിന്നു. അതോടുകൂടി ഈ ഗൌരവമേറിയ ശുശ്രൂഷക്കു താൻമാത്രം തികയാകയില്ലെന്നുള്ള ബോധം വേദമാണിക്യത്തിനുണ്ടായി. തഞ്ചാവൂരിൽ പോയി സഹായത്തിനായി മിഷ്യനറിമാരേയോ ഉപദേശിമാരെയൊ കൊണ്ടുവരാമെന്നുതന്നെ അയാൾ തീരുമാനിച്ചു. തഞ്ചാവൂരിൽ എത്തി കോലഫ് സായ്പിനെ കണ്ടു സന്ദർഭം തന്റെ ജാവിതത്തിൽ സവ്വപ്രധാനമായ ഒന്നായിരുന്നു. വേദമാണിക്യത്തിന്റെ ശുശ്രൂഷകളെപ്പറ്റി കേട്ടതിൽ ആ മിഷ്യനറി പ്രവരനു നിസ്സീമമായ സന്തോഷമുണ്ടായി. അദ്ദേഹം ഒരു കത്തുമായി വേദമാണിക്യത്തെ തരകമ്പാടിയിലേക്കയച്ചു. തരകമ്പാടിയിൽ ചെന്നു റിങ്കിൾറോബ്" എന്ന മിഷ്യനറിയെ വേദമാണിക്യം തിരുവിതാംകൂറിലേക്കു ക്ഷണിച്ചതു 1805-ൽ ആയിരുന്നു. ഇതിനിടയിൽ തിരുവിതാംകൂർ രാജ്യവും ഇംഗ്ലീഷു കമ്പനിക്കാരും തമ്മിൽ ഉടമ്പടി ഉണ്ടാകയും 1800-ൽ കണ്ടൽ മെക്കാളി റെസിഡെന്റായി നിയമിക്കപ്പെടുകയും ചെയ്തു. പുതുതായി സ്ഥാപിതമായ പ്രോട്ടസ്റ്റാന്റു സഭകൾക്കു ഒരു ആശ്രയസ്ഥാനമായിത്തീർന്നു. അതു ദൈവത്തിന്റെ ഒരു ദിവ്യ വിചാരണയായിട്ടാണെ കരുതേണ്ടതു. മൈലാടിയിൽ ആവിർഭവിച്ച ക്രിസ്ത്യാനികളായ ചെറിയ കൂട്ടത്തെ ക്ഷേമമായി പാലിക്കുന്നതിനും ഉപദ്രവങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിനും റസിഡെന്റു പ്രത്യേകം ശ്രദ്ധ പതിച്ചു. റിങ്കിൾറോബ് തിരുവിതാംകൂറിൽ കടക്കുന്നതിനു ഗവർമ്മെന്റനുവാദം വാങ്ങിക്കൊടുക്കുകയും യാത്രയ്ക്കുവശ്യമുള്ള സഹായധനം ചെയ്യുകയും മറ്റു വേണ്ട സജ്ജീകരണങ്ങളും ഒത്തുശകളും ഒരുക്കി കൊടുക്കുകയും ചെയ്തു. ആ മഹാനുഭാവനായിരുന്നു. തിരുനൽവേലി, പാളയംകോട്ട, തുത്തുക്കുടി ആദിയായ സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ ചെറിയ ആട്ടിൻകൂട്ടത്തെ പരിപാലിച്ചുകൊണ്ടിരുന്ന യേശുവിന്റെ ഒരു നല്ല ഇടയനായ റിങ്കിൾറോബ് 1806 ഏപ്രിൽ മാസം 25നു- ആരുവാമൊഴി മലയിടുക്കിൽകൂടി തിരുവിതാംകൂറിലേക്കു പ്രവേശിച്ചു. ഇതാണു ലണ്ടൻ മിഷ്യൻ സഭ തിരുവിതാംകൂറിൽ ആവിർഭവിച്ച മഹാദിനമായി സൂരിക്കുകൊണ്ടു ഈ വക്ഷം ഏപ്രിൽ 25നു- 150 വക്ഷം പൂർത്തിയാകുന്ന L. M. S. തൃതയ ജൂബിലി സംബന്ധിച്ചുള്ള ആഘോഷങ്ങൾ എല്ലാ സഭകളിലും ആഡംഭരമായി നടത്തപ്പെടുന്നു.

ആരാധനയിലെ സംഗീതവും ഗായകസംഘവും

ദൈവാരാധനയിലെ സംഗീതനേതൃത്വം വഹിക്കുന്നതിനു നിയമിക്കപ്പെട്ട പാട്ടുകാരുടെ കൂട്ടമാണല്ലൊ ചുരുക്കപേർ അഥവാ ഗായകസംഘം. നമ്മുടെ സഭ ഒരു മിഷ്യനറിസഭയായി ആരംഭിച്ചു നിലനിന്നുപോന്നതിനാൽ യൂറോപ്യൻ മിഷ്യനറിമാരുടെ സഭാപ്രവർത്തനത്തിന്റെ നായകത്വം വഹിച്ചിരുന്നതു. ആംഗ്ലേയസഭയുടെ പ്രാർത്ഥനാക്രമവും ആരാധനാരീതിയും ഉപയോഗിച്ചുവന്നതിനാൽ ഇംഗ്ലീഷ് കീർത്തനങ്ങളുടെ വിവർത്തനങ്ങളും ചാൻറുകളും ഇംഗ്ലീഷ് രീതിയിലും രാഗങ്ങളിലും പഠിച്ചു പാടിപ്പോരുകയും ചെയ്തു. തൽഫലമായി ജ്ഞാനകീർത്തനങ്ങൾ എന്ന പാട്ടുകളും നാട്ടരാഗങ്ങളിലുള്ള ഗീതങ്ങളോടുകൂടെ ആരാധനയിൽ ഉപയോഗിച്ചുവന്നു. പാട്ടുകൾ ശരിയായി പരിശീലിച്ചു ആരാധനയിൽ ഭംഗിയായി പാടുന്നതിനു പല പള്ളികളിലും ഗായകസംഘം രൂപീകരിക്കപ്പെടുകയും വലടത്തും ഓർഗ്ഗന്റെ സഹായത്തോടുകൂടെ സംഗീതശുശ്രൂഷയുടെ നേതൃത്വം വഹിക്കുകയും ചെയ്തുന്നു. എന്നാൽ കാലാന്തരത്തിൽ നാട്ടരാഗത്തിലുള്ള ഗീതങ്ങൾക്കു പ്രാധാന്യം കുറയുകയും ഇംഗ്ലീഷ് രാഗത്തിലുള്ള കീർത്തനങ്ങളുടെ ഉപയോഗം വ

ർദ്ധിക്കയും അവയുടെ സാങ്കേതികവൈഭവ്യം ഉയർത്തിക്കൊണ്ടുപോകയുമാണുണ്ടായിട്ടുള്ളത്. ആരാധനാസംഗീതത്തിന്റെ ഇവ്വിധമായ ഗതിമുലം രണ്ടു കുഴപ്പങ്ങളാണു ആവിർഭവിച്ചിരിക്കുന്നത്. ഒന്നാമതു ദിവ്യശുശ്രൂഷയിലെ ഗീതം ഒരു കലാപ്രകടനമായി ജനങ്ങൾ കണ്ടും കേട്ടും രസിക്കുന്നതിനുള്ള ഒരു ഗായകസംഘകൃതിയായി പരിണമിക്കുന്നു. രണ്ടാമതു പ്രാർത്ഥനയിലെന്നപോലെ പാട്ടിലും ആരാധകരെല്ലാവരും പൂർണ്ണമായി പങ്കുകൊള്ളുന്നതിനു വിഘാതം നേരിട്ടുന്നു. സംഗീതവൈഭവ്യം സാമാന്യം വർദ്ധിച്ചിട്ടുള്ള നമ്മുടെ ഒരു പള്ളിയിലെ ശുശ്രൂഷ കഴിഞ്ഞിറങ്ങിയ സമയം ഒന്നു രണ്ടു സ്ത്രീകൾ കണ്ടു പറഞ്ഞതു അച്ചാ പാട്ടു കേമമാക്കിക്കൊണ്ടുപോയിട്ടു ഞങ്ങളാരും പാടെണ്ടാ എന്നാണൊ വന്നിരിക്കുന്നതു. അവർ പറഞ്ഞതിൽ കാര്യം ഇല്ലാതില്ല. ഇംഗ്ലീഷ് രാഗത്തിലുള്ള കീർത്തനങ്ങൾ ഉപേക്ഷിക്കണമെന്നല്ല ഞാൻ പറയുന്നതു്. അവയിൽ ആരാധനയ്ക്കു ഏറ്റവും പറ്റിയതും കേൾ ജനിപ്പിക്കുന്നതുമായ പല പാട്ടുകളും രാഗങ്ങളുമുണ്ടു്. എൻ ദൈവമെ നടത്തുകെന്നെ നീ, ക്രൂടെ പാക്ക, പിളർന്നൊരു പാറയെ, മഹത്പ്രഭു മരിച്ച മുതലായവ അതിനു ദൃഷ്ടാന്തങ്ങളാണു്. എന്നാൽ പള്ളിയാരാധനയിൽ ഉപയോഗിക്കുമ്പോൾ പാട്ടു് സാപാടാതിരിക്കയാണു നല്ലതു്. നമ്മുടെ ജനസാമാന്യത്തിനു പാർട്ട് സ് പാടുന്നതിന്റെ രസം അനുഭവും ഗ്രഹ്യവുമാണു്. ഒരു വിക്ടോറിയാ സംഗീതശുശ്രൂഷയൊ കൊൺസേർട്ടൊ നടത്തുമ്പോൾ അതിന്റെ രസം മറ്റുള്ളവരെ കേൾപ്പിക്കുന്നതിനുപയോഗിക്കുന്നതിൽ തരക്കേടില്ല. പിന്നെ ഒന്നു പ്രകടനരംഗങ്ങളിലുള്ള കീർത്തനങ്ങൾ ആരാധനയിൽ ഉപയോഗിക്കാതിരിക്കയാണു നല്ലതു്. അവയുടെ ലക്ഷ്യം ആരാധകർക്കു പാട്ടിലെ ആശയത്തേക്കാൾ അധികം രാഗതാളമേളങ്ങളുടെ പൊടിപ്പും തൊങ്ങലുമായി ഭവിക്കുന്നതു്. ചില ഹിന്ദിപ്പാട്ടുകളെ സംബന്ധിച്ചും അതു വാസ്തവമാണു്. ആരാധനയിലെ സംഗീതത്തിന്റെ ഉദ്ദേശം ചിന്താവികാരങ്ങളെ ആദ്ധ്യാത്മികാനുഭവങ്ങളിലേക്കു നയിക്കുകയെന്നുള്ളതാണു്. നമ്മെ സംബന്ധിച്ചിടത്തോളം കണ്ണാറിക്ക് സംഗീതമാണു അതിനു ഏറ്റവും പറ്റിയതു്. നമ്മുടെ ഗീതങ്ങളിൽ അധികവുമതാണു്.

ഭാരതീയരായ നമുക്കു പിശിക്യ ഭക്തിനോന്മുയിലുള്ളവർക്കു ആരാധനയ്ക്കു അധികം യോജിച്ചതും പ്രയോജനപ്പെടുന്നതും ഗീതങ്ങളാണു്. അവ നമ്മുടെ രക്തത്തിലുള്ളതും നമുക്കു സ്വാഭാവികമായിട്ടുള്ളതുമാണു്. അതിനു മേളംശ്രുതിയെ ശരിയായ രാഗതാളസ്വരങ്ങളിൽ ആശയസ്ഫുടതയോടെ മനഃക്ഷുബ്ധമാധുര്യത്തിൽ വികാരസ്പർശകമായി പാടുന്ന സംഗീതമാണു നമ്മുടെ ദൈവാരാധനയ്ക്കു അത്യന്തമപേക്ഷിതം. മാത്രവുമല്ല നമ്മുടെ ദേശകാരെ ക്രിസ്തുമാർഗ്ഗത്തിലേക്കും ദൈവാരാധനയിലേക്കും ആകർഷിക്കുന്നതിനു അത്യധികം ആവശ്യമായിട്ടുള്ളതു അതാണു്. അതിനാൽ എല്ലാ പള്ളികളിലും ഗീതങ്ങളുടെ ശരിയായ പരിശീലനവും യോഗ്യവുമായ ഉപയോഗവും അധികമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മഹായിടവകയിലെ പല പ്രധാന പള്ളികളിലെ സംഗീതശുശ്രൂഷയുമായി 50 വർഷത്തെ അടുത്തുള്ള പരിചയത്തിൽനിന്നു ബോധ്യമായിരിക്കുന്ന കാര്യങ്ങളാണു മേൽ പ്രസ്താവിച്ചിട്ടുള്ളവ. ഇപ്പോൾ ആലോചനയിലിരിക്കുന്ന മഹായിടവക ഗായകസംഘടനയുടെ ഗൌരവമായ പുനരാലോചനയിൽ കാര്യമായി ഗണിക്കേണ്ടതിതാണെന്നു ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

C. K. JOHN

മദ്ധ്യതിരുവിതാംകൂർ മഹായിടവക ഗായകസംഘ നേതാക്കന്മാരുടെ സമ്മേളനം

കഴിഞ്ഞലക്കം മാസികയിൽ പ്രസ്താവിച്ചിരുന്നതുപോലെ മദ്ധ്യതിരുവിതാംകൂർ മഹായിടവകയിലുള്ള ഗായകസംഘനേതാക്കന്മാരുടെ ഒരു സമ്മേളനം 1956 ഏപ്രിൽമാസം 7നു ശനിയാഴ്ച കോട്ടയം കണ്ണീഡ്റൽ ഇടവകശാലയിൽവച്ചു നടത്തപ്പെട്ടു. സമ്മേളനത്തിൽ 21 ഇടവകകളെ പ്രതിനിധീകരിച്ചു 37 നേതാക്കന്മാർ സന്നിഹിതരായിരുന്നു.

രാവിലെ 8 മണിക്കു ഭദ്രാസനപ്പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ബിഷപ്പുതിരുമനസ്സുകൊണ്ടു ഒരു ഗായകസംഘസംഘടനയുടെ ആവശ്യകതയേയും പ്രയോജനത്തെയും പറ്റി ഒരു പ്രസംഗം ചെയ്യുകയും ഉദ്യമത്തിനു ആശംസകൾ നല്കുകയും ചെയ്തു.

9 മണിക്കു രാവിലത്തെ ഭക്ഷണത്തിനുശേഷം ഒന്നാമത്തെ സമ്മേളനം ആരംഭിച്ചു. പ്രാർത്ഥന, സ്വാഗതം, ഉപക്രമപ്രസംഗം ഇവകൾക്കുശേഷം കണ്ണീഡ്റൽ കയർമാസ്റ്റർ മി. ജോജ്ജ് എം. കോശി ഇന്നത്തെ ഗായകസംഘങ്ങളുടെ നിലവാടുകളെയും അവയെ ഉദ്ധരിച്ചുകൊണ്ടുവരുന

ള്ള ആഗ്രഹത്തെയും പ്രകാശിപ്പിച്ചു പ്രസംഗിച്ചു. അതിനുശേഷം റവ. കെ. ഐ. കോശി അച്ചൻ, റവ. പി. സി. മാത്യു അച്ചൻ എന്നിവർ പ്രസംഗിച്ചു. പിന്നീടു ഓരോ പള്ളിയേയും പ്രതിനിധീകരിച്ചു വന്നിട്ടുള്ളവർ എല്ലാവരും തങ്ങളുടെ ഗായകസംഘങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിക്കു ഭേദപ്പെടുത്തി സംസാരിച്ചു. ഗായകസംഘങ്ങൾക്കു സാധാരണയായി നേരിടുന്ന പ്രയാസങ്ങൾ ഇന്നവയെന്നും അവയെ തരണംചെയ്യുന്നതിനു കത്തീഡ്രൽ ഗായകസംഘങ്ങൾ എങ്ങനെ പ്രവർത്തിക്കണം എന്നും ഒരു സംഘടന ഉണ്ടായാൽ ടി സംഘടനയിൽക്കൂടെ പ്രയാസങ്ങൾ തരണം ചെയ്യുന്നതിനു കൂടുതലായി സാധിക്കുമെന്നും കത്തീഡ്രൽ കയർ സെക്രട്ടറി മി. മാണി കെ. മാണി പറഞ്ഞു.

ഉച്ചക്കോണത്തിനുശേഷം നടന്ന സമ്മേളനത്തിൽ ചെയ്യേ തീരുമാനങ്ങളിൽ പ്രധാനമായവ (1) മദ്ധ്യതിരുവിതാംകൂർ ഡയോസിസൻ കോറിസ്റ്റേഴ്സ് അസോസിയേഷൻ എന്നപേരിൽ ഒരു സംഘടന ഉണ്ടാക്കണമെന്നും അതിന്റെ രക്ഷാധികാരിയായിരിപ്പാൻ ബിഷോപ്പുതിരുമേനിയോടു അപേക്ഷിക്കണമെന്നും 1956 മെയ് മാസം 26-ാം തീയതി ശനിയാഴ്ച 3 മണിക്കു കത്തീഡ്രലിൽവച്ചു ഒരു കയർ ഫെസ്റ്റിവൽ നടത്തണമെന്നുള്ളതും ആയിരുന്നു. പിന്നീടു ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയുണ്ടായി. ചായകുടിക്കുശേഷം എല്ലാവരും പള്ളിയിൽകൂടി. കത്തീഡ്രൽ ഗായകസംഘാംഗങ്ങൾക്കു കൊടുക്കുന്ന പരിശീലനം കാണുകയും 4 മണിയോടുകൂടി യാത്രപറഞ്ഞു പിരിയുകയും ചെയ്തു.

ഈ സമ്മേളനം ഭംഗിയാക്കുന്നതിനു അവരവരുടെ പള്ളികളിൽനിന്നും അംഗങ്ങളെ അയയ്ക്കുന്നതിനു ഉത്സാഹിക്കുകയും സമ്മേളനത്തിനു മംഗളം ആശംസിക്കുയും ചെയ്ത എല്ലാ ഇടവകപ്പട്ടക്കാരോടും ഞങ്ങൾക്കുള്ള കൃതജ്ഞതയെ അറിയിച്ചുകൊള്ളുന്നു. മേലിലും വേണ്ട ഉപദേശങ്ങൾ തന്നും സഹായസഹകരണങ്ങൾകൊണ്ടും ഞങ്ങളെ അനുഗ്രഹിക്കുണമെന്നു ഏവരോടും പ്രാർത്ഥിച്ചുകൊള്ളുന്നു.

സമ്മേളനത്തിന്റെ പൂർണ്ണ റിപ്പോർട്ട് എല്ലാ പള്ളികൾക്കും അയച്ചുകൊടുക്കുന്നതായിരിക്കും. സംഘടനയിൽ ചേരുന്നതിനു എല്ലാ ഗായകസംഘങ്ങളേയും ക്ഷണിച്ചുകൊള്ളുന്നു.

കൊൺവീനർ, മാണി കെ. മാണി.

കൊയ്ത്തുകാലം

വിസ്തൃതമായ കുട്ടനാടൻപ്രദേശങ്ങളുടെ വടക്കുകിഴക്കെ ഭാഗങ്ങളായ ഈര, നീലംപേരൂർ മുതലായ നെല്പാടങ്ങളിൽ ഫെബ്രുവരിമാസത്തിൽ കൊയ്ത്തുകാലത്തു മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, മുതലായ സ്ഥലങ്ങളിൽനിന്നും ഈഴവരും, ചേരമരും, സാമ്പവരുമായി ഒട്ടനേകം ആളുകൾ കൂട്ടംകൂട്ടമായി വന്നു കുടിലുകൾ കെട്ടി താമസിച്ചിരുന്നു. കൊയ്ത്താളുകളിൽ ഭൂരിഭാഗവും ക്രിസ്തുമതരായിരുന്നു. ഈര സഭാപ്രവർത്തകൻ മി. കെ. എം. ചാക്കോ സ്ഥലം കമ്മറിയുമായി ആലോചിച്ചുകൊണ്ടു കൂട്ടായ്മയോഗാംഗങ്ങളുടെ സഹകരണത്തിൽ ആദ്യത്തെ രണ്ടോമൂന്നു കുടിലുകളിൽ ദിവസവും വൈകുന്നേരം കൂടിലുകൾ ഓരോന്നായി സന്ദർശിക്കയും രാത്രി യോഗങ്ങൾ നടത്തുകയും ചെയ്തു. കൂടാതെ ക്രൈസ്തവരായവരെ പള്ളിയാരാധനയ്ക്കു ക്ഷണിക്കുകയും അക്രൈസ്തവർക്കു ലഘുലേഖകൾ വിതരണംചെയ്യുകയും ചെയ്തു. രണ്ടും മൂന്നും കുടിലുകളിലുള്ളവർ ഒന്നിച്ചു ചേരത്തക്ക സ്ഥലം കണ്ടുപിടിച്ചു ഞായറാഴ്ചതോറും വെളിംപ്രസംഗയോഗങ്ങൾ നടത്തിയതു പൊതുവെ വളരെ പ്രോത്സാഹജനകമായിരുന്നു. ആളുകൾ താമസിക്കുന്നതിനടുത്തു താമസമുള്ള നമ്മുടെ സഭാംഗങ്ങളുടെ പ്രത്യേക ഉത്സാഹത്താൽ ചില രാത്രികളിൽ പലയിടത്തും യോഗങ്ങൾ നടത്തുന്നതിനു സാധിച്ചിട്ടുണ്ട്. അക്രൈസ്തവരിൽ പലരും തുടരെ ഞങ്ങളുടെ യോഗങ്ങളിൽ സംബന്ധിക്കയും യോഗാനന്തരം ചോദ്യങ്ങൾ ചോദിച്ചു സംശയങ്ങൾ തീർക്കയും ചെയ്തു. പലരും തങ്ങളുടെരോഗികൾക്കു വേണ്ടിപ്രാർത്ഥിക്കുന്നതിനപേക്ഷിക്കയും ഞങ്ങൾ അവരുടെ താമസസ്ഥലത്തുചെന്നു അവർക്കുവേണ്ടി പ്രാർത്ഥിച്ചതിനെ തുടർന്നു ചിലർ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നു പരസ്യമായി പ്രസ്താവിക്കയും ചെയ്തു. ഞായറാഴ്ച രാത്രിതോറും പള്ളിയിൽവച്ചു നടത്തിവരുന്ന കൂട്ടായ്മയോഗത്തിൽ പലരും വന്നു സംബന്ധിച്ചു. എല്ലാംകൊണ്ടും ഈ കൊയ്ത്തുകാലസുവിശേഷപ്രവർത്തനം വിശേഷാൽ ഫലപ്രദമായിരുന്നു എന്നു പറയുന്നതിനു സന്തോഷമുണ്ട്. ഈരസഭയിലെ കൂട്ടായ്മയോഗത്തിന്റെ അംഗങ്ങൾ മാറി മാറി ഈ ദിവസങ്ങളിലെ മുഴുവൻ ചെലവും വഹിക്കയും സഭാംഗങ്ങളിൽ ചിലർ ലഘുഭക്ഷണം തന്നു ഞങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്തു.

മനസ്സും ഒരുക്കവും ഉണ്ടെങ്കിൽ വേലയ്ക്കു ധാരാളം സൌകര്യങ്ങൾ ഉണ്ടെന്നും, തീക്ഷ്ണത യോടെ വേല ചെയ്യാൽ ആ വേല ദൈവം സാധിപ്പിച്ചുതരുമെന്നുള്ളതു ഞങ്ങളുടെ ഈരസയ്ക്കു പൊരുതെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ഈ ദിവസങ്ങളിലെ യോഗങ്ങളിലെല്ലാം ഞങ്ങളുടെ സഭാപ്ര വർത്തകനാണു നേതൃത്വം വഹിച്ചിരുന്നതു്. ഏതു ത്യാഗവും സഹിക്കുവാൻ അദ്ദേഹം സന്നദ്ധനാ ണെന്നു ഇക്കഴിഞ്ഞ ഒരു വൽക്കാലത്തെ അനുഭവം സാക്ഷ്യം വഹിക്കുന്നുണ്ടു്. ശരിയായ നേതൃത്വം ഇല്ലായ്കയാൽ ഈരസയ്ക്കുണ്ടായിരുന്ന ആത്മീയമന്ദത ഒട്ടൊക്കെ നീക്കിക്കഴിഞ്ഞു. പൂർണ്ണമായി നീങ്ങുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുകയും അതിനുവേണ്ടി ഞങ്ങൾ നിരന്തരം പ്രാർത്ഥിക്കയും ചെയ്യുന്നു.

ഈരര
14-4-56

എന്നു്
സി. ഒ. മക്കോസ്

സി. എം. എസ്സ്. കമ്മ്യൂണിറ്റിസ്കൂൾ, റാന്നി

റാന്നി കമ്മ്യൂണിറ്റിസ്കൂളിലേക്കുള്ള പ്രവേശനം മെയ്മാസം 15നു ശേഷം നടപ്പാക്കുന്നതാകയാൽ അപേക്ഷകർ ഉടൻ തന്നെ റവ. കെ. മൈക്കൾ ജോൺ, മാനേജർ എന്ന മേൽവിലാസത്തിൽ അപേക്ഷകൾ അയയ്ക്കേണ്ടതാണു. ഒന്നു മുതൽ മൂന്നുവരെയുള്ള ക്ലാസ്സുകളിലേക്കു പ്രവേശനം ഉണ്ടു. അവശ്യസമുദായത്തിൽപ്പെട്ട കുട്ടികളെ ബോർഡിംഗിൽ എടുക്കുന്നതായിരിക്കും. ഫീസ് ഒരാണ്ടിൽ 12 രൂപാ മാത്രം.

പൂരൻപ്പണി പഠിക്കുവാൻ താല്പര്യമുള്ളവർക്കും അപേക്ഷകൾ അയയ്ക്കാവുന്നതാണു. പൂരൽകൊണ്ടുള്ള ഏതു സാമാനവും ഓർഡർ അനുസരിച്ചു കൃത്യസമയത്തു ഭംഗിയായി ചെയ്തു കൊടുക്കപ്പെടും.

റവ. കെ. മൈക്കൾജോൺ, മാനേജർ.

മഹായിടവക യുവജനസമ്മേളനം

മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ നാല്പത്തമതു യുവജന സമ്മേളനം ഏപ്രിൽ 24—28 കോട്ടയം സി. എം. എസ്സ്. ഹൈസ്കൂളിൽവെച്ചു സമംഗളം നടന്നിരിക്കുന്നു. ഏകദേശം 160 യുവതീയുവാക്കന്മാർ സമ്മേളനത്തിൽ സംബന്ധിച്ചു. ക്രിസ്തുവിന്റെ ക്രൂശിൽ ഞാൻ പ്രശംസിക്കുന്നു എന്ന പ്രധാന ചിന്താവിഷയം ആസ്പദമാക്കി വേദോദ്ധ്യയനക്ലാസ്സുകൾ, ചർച്ചായോഗങ്ങൾ, പ്രാർത്ഥനകൾ മുതലായവ എല്ലാദിവസവും നടന്നു. 23നു റവ. ജേഫ്രി പോൾ അച്ചന്റെ നേതൃത്വത്തിൽ ധ്യാനയോഗം നടത്തപ്പെട്ടു. 24നു വൈകിട്ടു നമ്മുടെ ബിഷോപ്പു തിരുമനസ്സുകൊണ്ടു സമ്മേളനം ഉൽഘാടനംചെയ്തു. എല്ലാദിവസവും രാവിലെ ആരാധനയെ തുടർന്നു റവ. ബുക്ക്ലസ്സ് ധ്യാനപരമായ പ്രസംഗങ്ങൾ നടത്തി. തുടർന്നു ക്രൂശിന്റെ ചിന്തയെ ആസ്പദമാക്കിയുള്ള വേദോദ്ധ്യയനക്ലാസ്സുകൾ റവ. ജേഫ്രി പോൾ അച്ചനും ബിഷോപ്പു തിരുമനസ്സിനും നേതൃത്വത്തിൽ നടന്നു. "ഭാരതത്തിലെ മിഷ്യനറി പ്രവർത്തനം," "ക്രിസ്ത്യാനികളും സാമൂഹ്യ പ്രശ്നങ്ങളും," "സഭാ ഐക്യം" എന്നീ വിഷയങ്ങൾ മൂന്നു ദിവസങ്ങളായി സമ്മേളനം ചർച്ചചെയ്തു. റവ. ജേഫ്രി പോൾ, ശ്രീ. കെ. കെ. ചാണ്ടി, തോമസ്സ് മാർ അത്താനാസ്യോസ് തിരുമേനി എന്നിവർ യഥാക്രമം ഈ ചർച്ചകളിൽ നേതൃത്വം നല്കി. വിപുലവും പ്രധാനവുമായ ഈ വിഷയങ്ങളുടെ വിവിധ വശങ്ങളിലേക്കു അല്പമായിട്ടെങ്കിലും എത്തിനോക്കുന്നതിനു പ്രതിനിധികൾക്കു ഈ ചർച്ചകൾ സഹായകരമായിരുന്നു. നമ്മുടെ മഹായിടവകയിലെ മിഷ്യനറി പ്രവർത്തനത്തെ സംബന്ധിച്ചു കേൾക്കുന്നതിനും, പ്രത്യേകമായി പറയ്പാറയിലെ വിവരങ്ങൾ അറിയുന്നതിനും 24നു നടന്ന മിഷ്യനറി സമ്മേളനം ഒരു തുക മുഖാന്തരമായിരുന്നു. പാറയ്പാറയിലെ ഒരു മിഷ്യനറിയായ സിസ്റ്റർ റേച്ചൽ ജോണിന്റെ വിജ്ഞാനപ്രദമായ പ്രസംഗം ഈ മീറ്റിംഗിനു കൂടുതൽ ഉത്തേജനം നല്കി. എല്ലാദിവസവും വൈകിട്ടു പ്രധാന ചിന്താവിഷയം ആസ്പദമാക്കി റവ. ദേവപ്രകാശം ഉജ്ജ്വലങ്ങളായ പ്രസംഗങ്ങൾ ചെയ്തു. യുവജനപ്രവർത്തകനെ കണ്ടെത്തുന്നതിനും വൽക്കാലത്തേക്കെങ്കിലും നിയമിക്കുന്നതിനും, ഡയോസിസൻ കൌൺസിലിലും ഡിസ്ട്രിക്ടുകൌൺസിലിലും യുവനിരീക്ഷകരെ ഉണ്ടാക്കുന്നതിനും ആവശ്യമാണെന്നുള്ള കാര്യങ്ങൾ പ്രമേയങ്ങൾ മുഖേന 27നു നടന്ന കാര്യാലോചനയോഗത്തിൽ പാസ്സാക്കി. അടുത്ത വർഷത്തെ പ്രസിഡണ്ടായി മി. നൈനാൻ കോശി

ബി. എസ്സ്സി. യെയും, സെക്രട്ടറിമാരായി മി. എൻ. വി. ജോണ ബി. എസ്സ്സി, മിസ്സ് ഗ്രേസ് ജേക്കബ്ബ് എന്നിവരെയും തിരഞ്ഞെടുത്തു.

സമ്മേളനം പൊതുവെ ഒരു വിജയമായിരുന്നു എന്നു പറയാം. സമ്മേളനത്തിൽ കണ്ട പട്ട കാരുടെ എണ്ണം വളരെ കുറവായിരുന്നതിൽ ദുഃഖിക്കുകയും ഈ കുറവു പരിഹരിക്കുന്നതിൽ പട്ടകാർ ഉൽസുകരായിരിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ജേക്കബ് വറുഗീസ് അച്ചൻ സമ്മേളനത്തിൽ ആദ്യന്തം താമസിച്ച് സമ്മേളന ചാപ്ലയിനായി പ്രവർത്തിച്ചു.

ക്രൈസ്തവ സംഗീത മഹോത്സവം

പുതുതായി രൂപമെടുത്തുവരുന്ന മദ്ധ്യതിരുവിതാംകൂർ മഹായിടവക ഗായകസംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു ക്രൈസ്തവസംഗീത മഹോത്സവം കോട്ടയം സി. എസ്സ്. ഐ. കതീഡ്റലിൽവെച്ചു മെയ് 26നു ശനിയാഴ്ച ഉച്ചതിരിഞ്ഞു മൂന്നരമണിക്കു നടത്തപ്പെടുന്നതാണു. മഹായിടവകയുടെ വിവിധ ഭാഗങ്ങളിൽനിന്നും പല ഗായകസംഘങ്ങൾ ഈ പരിപാടിയിൽ പങ്കെടുക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ടു. ഓരോ ഗായകസംഘവും പ്രത്യേം പ്രത്യേകമായും എല്ലാവരും ചേർന്നുള്ളതുമായ സംഗീത പരിപാടികൾ ഉണ്ടായിരിക്കുന്നതാണു. ഇരുനൂറിലധികം പാട്ടുകാർ ഒന്നുചേർന്നു ഒരു സംഗീതപരിപാടിയിൽ പങ്കെടുക്കുന്നതു ഇവിടങ്ങളിൽ ഇതാദ്യമായിരിക്കുമെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

പീറർ കെയിറർ പരീക്ഷാഫലം

ആണ്ടോടും മദ്രാസിൽനിന്നും നടത്തിവരുന്ന പീറർ കെയിറർ വേഷപ്പകർച്ചപരീക്ഷയിൽ ലൊവ്വർഗ്രേഡിനു മാവേലിക്കര ബി. എച്ചു്. സ്കൂളിൽ നിന്നു അയച്ച ആറു വിദ്യാർത്ഥികളും പങ്കാളികളാകുകയും അവരിൽ നാലുപേർ ഒന്നാംക്ലാസ്സിലും രണ്ടുപേർ രണ്ടാംക്ലാസ്സിലും ജയിക്കുകയുംചെയ്തിരിക്കുന്നു. പരീക്ഷയ്ക്കുള്ള മൂന്നു സമ്മാനങ്ങളും അവർ കരസ്തമാക്കിയതിൽ അവരെയും അവരെ പഠിപ്പിച്ച മി. ഠി. ജെ. ചാണ്ടിയേയും അനുമോദിക്കുകയും ചെയ്യുന്നു. ഒന്നാംസമ്മാനം—തോമസ് റോയി ഇട്ടുരാ, രണ്ടാംസമ്മാനം സാറാമ്മ ഐ. ശമുവേൽ, മൂന്നാംസമ്മാനം അന്നാമ്മ ശമുവേൽ. കഴിഞ്ഞ വർക്കവും സമ്മാനാർഹരായവർ ബി. എച്ചു്. സ്കൂൾ വിദ്യാർത്ഥികളായിരുന്നു.

CHURCH CHOIRS

On the Voice: Its use and Preservation

(Extracts from the Book "Voice Culture" by James Bates, Director and Founder of the London College for Choristers.)

"A Sure Way to Spoil the Voice. There are many ways of spoiling the voice, but the surest of all is constantly to sing loudly. Many children—and adults, too—make the mistake of supposing themselves to be singing when they are only shouting. We shall see directly how this mistake arises, but if the effect of such misuse of the voice is bad for listeners, it is ten times worse for the singers themselves, and a few minutes' shouting may easily do harm that can never be undone. Children should be taught not to try at first to make their voices powerful, but to cultivate at the outset a pure and pleasing tone. They will thus be adopting the very best means of preserving their voices for future use.

Head Voice

It is the refined tone generally produced by cathedra choir-boys and is the secret of their beautifully effective voices. "Head voice!" has so many

advantages that all young singers should cultivate it. Amongst these advantages may be included the following :—

1. The tone so produced is pure, melodious, resonant, refined and blending.
2. " Head Voice " can be produced only by easy, effortless singing, and there is consequently no strain upon the muscles of the larynx.
3. School children and choir-boys who use head voice always sing well in tune, and they can sing for quite a long time without tiring their voices.
4. It not only beautifies but preserves the voice.

Opposed to " Head Voice " is the bad style of tone-production known as

Chest Voice

or " Forced Voice " which unfortunately is used by large numbers of school children and choir-boys, When children in singing stiffen the throat, and thus fix the larynx instead of allowing it to move freely, the tone is forced instead of being " placed." They are using what is really a combination of the " speaking " and " shouting " voices instead of the singing voice. In " shouting " the throat is tightly compressed and the tone forced forward. In speaking also, as we have seen, the tone is pressed forward. "Chest voice" is a mixture of the two. Children who use it deprive themselves of the aid of their quality-making resonators, or " sounding-boards," and force forward a hard, non-resonant tone as distateful to listeners as it is harmful to themselves. When the throat is stiffened and the larynx fixed, undue effort must be used in order to produce the tone, and there is consequently a great and very injurious strain on the delicate muscles of the throat. " Chest Voice," besides being so harmful to young singers, is very penetrating, and will never blend with other voices. It has a penetrating force very similar to that of a child's " crying " voice, which it somewhat resembles in mode of production Such wrongly-produced tone can no more be got to blend with others than harsh cornets can be made to blend with a band of violins, violas and violoncellos. And it is quite impossible for a child who uses it to sing expressively; such tone has no more power of expression than a mechanical instrument."

G. M. K:

THE CHOIR AND CONGREGATIONAL SINGING

Two articles in the Treasury of Knowledge of March and April on Church Singing and the report of the Central Travancore Choristers' Association which was held in April at the Cathedral prompted me to write this article. I don't wish to say anything on such an Association, but this article will deal with the Choir and Congregational Singing of our Churches.

First of all, let us consider about the Choir and its training in general. Nowadays, there would seem to be as many methods of training boys' voices as there are of damaging one's reputation. Some prescribe Dr. Richards, some Dr. Harries, and some Sir Hugh Allen; Royal College of Organists and Choir masters recommend Mr. Plunket Greene's method. We can't definitely

[ശേഷം കവർ 2-ാം പേജിൽ]